# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പരപ്പനങ്ങാടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.25/503/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/04/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പരപ്പനങ്ങാടി മുനിസിപ്പാലിറ്റി

സർ,

വിഷയം : പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (എയിംസ്)
2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.25/503/2023 തീയ്യതി: 01/04/2023

## മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-07-2022 മുതൽ 10-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 55 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-03-2023 | 21-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-03-2023 | 21-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉസ്മാൻ എ | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ. പ്രശാന്ത് പി | സെക്രട്ടറി | 23-06-2021 | 05-12-2021 |
| ശ്രീ. സാനന്ദ സിങ്ങ് | സെക്രട്ടറി | 06-12-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. ദിനേശ് കുമാർ.കെ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 22-06-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുമയ്യ പട്ടശ്ശേരി | കൃഷി ഓഫീസർ | 01-04-2021 | 31-05-2021 |
| വിഷ്ണു ആർ | കൃഷി ഓഫീസർ | 01-06-2021 | 11-10-2021 |
| ഡോ.സുജാത കെ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. റസീന കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. റിയ മുഹമ്മദ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| പി.എസ്. ശിവപ്രസാദ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ബൈജു കെ | ജൂനിയർ ഹെൽത്ത ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| രാജിവൻ കെ.വി | ഹെൽത്ത് ഇൻസ്പെക്ടർ GR I | 01-04-2021 | 31-03-2022 |
| അൽഫോൺസ കെ.കെ | ഹെഡ്മിസ്ട്രസ് | 01-04-2021 | 15-01-2022 |
| നജീബ എം.ടി | ഹെഡ്മിസ്ട്രസ് | 16-01-2022 | 31-03-2022 |
| ആരുണി പി.എസ് | കൃഷി ഓഫീസർ | 12-10-2021 | 13-12-2021 |
| ജേക്കബ് ജോർജ്ജ് | കൃഷി ഓഫീസർ | 14-12-2021 | 26-01-2022 |
| സുമയ്യ പട്ടശ്ശേരി | കൃഷി ഓഫീസർ | 27-01-2022 | 31-03-2022 |
| ദിനേശ് കുമാർ കെ.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 04-08-2021 |
| ദിലീപ് കുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ | 05-08-2021 | 16-11-2021 |
| ഭഗീരതി | അസിസ്റ്റന്റ് എഞ്ചിനിയർ | 17-11-2021 | 18-11-2021 |
| ബിപിൻ എൻ.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 19-11-2021 | 31-03-2022 |
| റജീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| പി.എസ്. ശിവപ്രസാദ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി തയ്യാറാക്കുന്നതിലും നിര്‍വ്വഹണത്തിലും നടപടിക്രമങ്ങള്‍ പൂര്‍ണ്ണമായി പാലിക്കപ്പെടുന്നില്ല. | 1-5-1 |
| 7 | തൊഴിലുറപ്പ് (AUEGS) | 1-6 |
| 8 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാര്‍ഷിക കണക്ക് പരിശോധന- അപാകതകള്‍ | 1-11 |
| 13 | തൊഴില്‍ നികുതി ഈടാക്കിയില്ല | 1-12 |
| 14 | ലൈസന്‍സ് അപാകതകള്‍ | 1-13 |
| 15 | കെട്ടിടങ്ങളുടെ തരം മാറ്റം വരുത്താതെ ലൈസന്‍സ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം | 1-14 |
| 16 | പൊതു തെരുവുകളില്‍ പരസ്യങ്ങള്‍ സ്ഥാപിക്കുന്നത് - നടപടി വിവരം ലഭ്യമാക്കിയില്ല | 1-15 |
| 17 | മട്ടുപ്പാവിലെ മുട്ടക്കോഴി വളര്‍ത്തല്‍- അനുബന്ധ രേഖകള്‍ ലഭ്യമാക്കിയില്ല | 1-16 |
| 18 | മുന്‍കൂര്‍ തുക നല്‍കി - മരുന്നുകള്‍ പൂര്‍ണ്ണമായി ലഭ്യമായില്ല | 1-17 |
| 19 | ഹോമിയോ ഡിസ്പെന്‍സറിയിലേക്കുള്ള മരുന്ന് പൂര്‍ണ്ണമായി ലഭിച്ചില്ല | 1-18 |
| 20 | റിംഗ് കമ്പോസ്റ്റ് - നിര്‍വ്വഹണത്തിലെ അപാകതകള്‍ | 1-19 |
| 21 | രസീത് ബുക്ക് -സ്റ്റോക്ക്, വിതരണം, ഉപയോഗം-അപാകതകള്‍ | 1-20 |
| 22 | കൃഷി ഓഫീസര്‍ നിര്‍വ്വഹിച്ച പദ്ധതികള്‍ - പൊതു അപാകതകള്‍ | 1-21 |
| 23 | ഹരിതകര്‍മ്മസേന- പൊതു അവലോകനം | 1-22 |
| 24 | പരസ്യചാര്‍ജ്ജിനത്തില്‍ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല. | 1-23 |
| 25 | ജലനിധി പദ്ധതികള്‍ - വിശദാംശങ്ങള്‍ ലഭ്യമാക്കേണ്ടതാണ്. | 1-24 |
| 26 | തനത് ഫണ്ടില്‍ നിന്നും വന്‍തുക വാര്‍ഷിക പദ്ധതിയുടെ ഭാഗമാക്കുന്നു. ഫണ്ടിന്റെ അപര്യാപ്തത മൂലം പണം നല്‍കാനാവുന്നില്ല. | 1-25 |
| 27 | നഗരസഭ ഓഫീസിലെ കമ്പ്യൂട്ടര്‍ മറ്റു അനുബന്ധ സാധനങ്ങള്‍ക്ക് എ എം സി - വിശദാംശങ്ങള്‍ ലഭ്യമാക്കിയില്ല | 1-26 |
| 28 | ഭവന നിര്‍മ്മാണം പൂര്‍ത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ് | 1-27 |

| | | |
|---|---|---|
| 29 | സെക്രട്ടറിക്ക് വീട്ടുവാടക ബത്ത അനുവദിച്ചത് -₹ 12294 തിരിച്ചടച്ചു. | 1-28 |
| 30 | കെ എസ് ഇ ബി ക്ക് മുൻകൂർ നലകി- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-29 |
| 31 | ഓവർഹെഡ് ചാർജ് അധിക നിരക്കിൽ അനുവദിച്ചു.34334 രൂപയുടെ അധികച്ചെലവ് | 1-30 |
| 32 | ഡ്രൈനേജ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റിംഗിന് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകി-16033 രൂപയുടെ അധികച്ചെലവ് | 1-31 |
| 33 | ടെണ്ടർ വേരിയേഷൻ കുറവ് ചെയ്തില്ല. 16245രൂപ കരാറുകാരന് അധികം നൽകി | 1-32 |
| 34 | പ്രവൃത്തികൾ പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞ് പെയ്മെന്റ് നൽകുന്നു. | 1-33 |
| 35 | ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക നഗരസഭാ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല | 1-34 |
| 36 | തെരുവ് വിളക്ക് റിപ്പയർ - രേഖകൾ ലഭ്യമാക്കിയില്ല. | 1-35 |
| 37 | സാക്ഷരത പ്രരക്മാർക്ക് തനത് ഫണ്ടിൽ നിന്നും വേതനം - തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-36 |
| 38 | വിവിധ എസ് സി കോളനികളിലേക്ക് ലൈൻ വലിക്കലും പോസ്റ്റ് മാറ്റിവെക്കലും - രേഖകൾ ലഭ്യമാക്കിയില്ല. | 1-37 |
| 39 | സോളിഡ് വെസ്റ്റ് മാനേജ്മെന്റ് ഡി പി ആർ - വിവരം ലഭ്യമാക്കിയില്ല. | 1-38 |
| 40 | ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം സംബന്ധിച്ച് | 1-39 |
| 41 | വാഹന പരിപാലനം-അപാകതകൾ | 1-40 |
| 42 | ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരുടെ നിയമനം -സർക്കാർ അനുമതിപത്രം ലഭ്യമാക്കിയില്ല. | 1-41 |
| 43 | വിവിധ തോടുകളും കുളങ്ങളും അതിരുകെട്ടി സംരക്ഷിക്കൽ പദ്ധതി - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-42 |
| 44 | പ്രകാശ പൂരിത പരപ്പനങ്ങാടി എൽ ഇ ഡി തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി-അപാകതകൾ | 1-43 |
| 45 | ഇൻഡോർ സ്റ്റേഡിയം യാഥാർത്ഥ്യമായില്ല. | 1-44 |
| 46 | ബയോഗ്യാസ് പ്ളാന്റ് - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-45 |
| 47 | വാഹന വാടക നൽകിയത് - ആദായ നികുതി ഈടാക്കിയില്ല. | 1-46 |
| 48 | ക്ഷേമ പെൻഷൻ -അപാകതകൾ | 1-47 |
| 49 | അഗതി രഹിത കേരളം പദ്ധതി - പ്രവർത്തനം ഫലവത്തായില്ല. | 1-48 |
| 50 | 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി (എസ് സി) - അപാകതകൾ | 1-49 |
| 51 | വാടക -കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. | 1-50 |
| 52 | വാടകയിനത്തിൽ വൻ തുക കുടിശ്ശിക - നഗരസഭയ്ക്ക് വരുമാന നഷ്ടം | 1-51 |
| 53 | വാടക സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല- നഗരസഭയ്ക്ക് നഷ്ടം വരുന്നു | 1-52 |
| 54 | വാടക- ബൈലോ തയ്യാറാക്കിയിട്ടില്ല. | 1-53 |

| | | |
|---|---|---|
| 55 | ലേലം - അപാകതകൾ | 1-54 |
| 56 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. | 1-55 |
| 57 | സ്റ്റോക്ക്, ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല. | 1-55-1 |
| 58 | സ്റ്റോർ പർച്ചേസ് നടപടികൾ പാലിക്കാതെ തുക നൽകി | 1-55-2 |
| 59 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിച്ചത് - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. | 1-55-3 |
| 60 | തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-55-4 |
| 61 | ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. | 1-56 |
| 62 | വീട് വാസയോഗ്യമാക്കൽ- ആദ്യ ഗഡു കൈപറ്റിയിട്ടും പണി ആരംഭിച്ചില്ല | 1-57 |
| 63 | മരാമത്ത് നിർവ്വഹണം- പൊതു അപാകതകൾ | 1-58 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഓവർഹെഡ് ചാർജ് അധിക നിരക്കിൽ അനുവദിച്ചു.34334 രൂപയുടെ അധികച്ചെലവ് | 3-1 |
| 2 | ഡ്രൈനേജ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റിംഗിന് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകി-16033 രൂപയുടെ അധികച്ചെലവ് | 3-2 |
| 3 | ടെണ്ടർ വേരിയേഷൻ കുറവ് ചെയ്തില്ല. 16245രൂപ കരാറുകാരന് അധികം നൽകി | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ . | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1, 26.02.2021 | 1/26-03-2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച് തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2022 | 30-07-2022 | 30-07-2022 | 10-11-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 59262811 |
| വരവ് | 194612680 |
| ആകെ | 253875491 |
| ചെലവ് | 200636869 |
| നീക്കിയിരിപ്പ് | 53238622 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 33361800 | 33361800 | 33352061 | 9739 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 14698353 | 14698353 | 9000715 | 5697638 |
| വികസന ഫണ്ട് (ടി.എസ് .പി) | | 14000 | 14000 | 0 | 14000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7982242 | 7982242 | 1296340 | 6685902 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 11184479 | 11184479 | 3836273 | 7348206 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 32773838 | 32773838 | 23226849 | 9546989 |
| ബി ഫണ്ട് | 0 | 123431800 | 123431800 | 123431800 | 0 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)(ടൈഡ്) | 0 | 21670400 | 21670400 | 16851245 | 4819155 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 425 | 326487247 | 211 | 120534686 | -- | 214 | 49.64 |

## 1-5-1 പദ്ധതി തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നില്ല.

നഗരസഭയിൽ വാർഷിക പദ്ധതി തയ്യാറാക്കുന്നതിലും പ്രൊജക്റ്റ് രൂപീകരണ/ നിർവ്വഹണ ഘട്ടങ്ങളിൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും മറ്റ് നടപടിക്രമങ്ങളും പൂർണ്ണമായി പാലിക്കുന്നില്ലെന്ന് കാണുന്നു. ശ്രദ്ധയിൽപെട്ട പോരായ്മകളും അപാകതകളും ചുവടെ ചേർക്കുന്നു.

1. പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

പദ്ധതി ആസൂത്രണത്തിനും ഓരോ വിഷയ മേഖലയ്ക്കും വേണ്ടി രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷ പ്രൊജക്റ്റുകളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക എന്നിവ മുതൽ ഡാറ്റ എൻട്രിക്ക് ശേഷം പ്രൊജക്റ്റ് പ്രിന്റ് ഔട്ട് പരിശോധിക്കുന്നതു വരെയുള്ള ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾക്കുണ്ട്. നഗരസഭയിൽ 17 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും വാർഷിക പദ്ധതിയുടെ ആരംഭത്തിൽ പ്രോജക്റ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു യോഗം ചേർന്നു എന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തനരഹിതമായിരുന്നു. പ്രോജക്റ്റുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. എന്നാൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതല്ലാതെ മറ്റ് ചുമതലകൾ ഒന്നും വർക്കിംഗ് ഗ്രൂപ്പുകൾ നിറവേറ്റിയിട്ടില്ല.

2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല .

പ്രൊജക്റ്റ് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തിയും ഗുണമേൻമയും ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് സമിതികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്റ്റുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും അവയെ പ്രവർത്തനസജ്ജമാക്കുന്നതിനും സ്റ്റാൻറിംഗ് കമ്മിറ്റികൾ നേതൃത്വപരമായ ഇടപെടലുകളും മേൽനോട്ടവും നടത്തേണ്ടതാണ്.

3. ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

13- പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ( ജി.ഒ.(എം.എസ്.72/2017/ത.സ്വ.ഭ.വ, തീയതി-29-3-2017) ഓരോ തദ്ദേശ ഭരണസ്ഥാപനവും മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ നഗരസഭ റോഡ് / റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഇത്തരത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധയിൽപെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 134935 | 10088450 | 10223385 | 10105663 | 117722 |
| | | | | | |

## 1-7 ക്ഷേമ പദ്ധതികൾ

2021-22 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3752000 | 2727 |
| വിധവാ പെൻഷൻ | 42551200 | 34268 |
| വാർദ്ധക്യകാല പെൻഷൻ | 62312100 | 50295 |
| വികലാംഗ പെൻഷൻ | 13406500 | 10039 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 1410000 | 47 |
| 50 വയസ്സിന മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2562000 | 1939 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.03.2023 ന് 12.45 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 134867/-രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു. ഓഡിറ്റിൽ കണ്ടെത്തിയ പോരായ്മകളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

1. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാരെ ചുമതലയേൽപിക്കുന്ന ജോലികളുമായി ബന്ധപ്പെട്ട രേഖകൾ/ ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ മേൽനോട്ടം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

2. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

3. നഗരസഭ ആർജ്ജിച്ച എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. കൗൺസിൽ തീരുമാനം നടപ്പിൽ വരുത്തുന്നതിലെ പുരോഗതി സംബന്ധിച്ച അവലോകനം തുടർ യോഗങ്ങളിൽ അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്.

5.ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേട്ടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പ് വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

6 . വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല, ഇക്കാരണത്താൽ പദ്ധതി മോണിറ്ററിംഗ് ഫലപ്രദമല്ല.

7. കടമുറികളുടെ വാടകയിനത്തിൽ ഭീമമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.2019 മുതൽ 26.10.2019 വരെ | 2018-19, 2019 ഫസ്റ്റ് ഹാഫ് | റിപ്പോർട്ട് പരിശോധനക്ക് ലഭ്യമായിട്ടില്ല |
| എ ജി ഓഡിറ്റ് | 10.12.2018 മുതൽ 20.12.2018 വരെ | 2016-17 മുതൽ 2017-18 വരെ | 02.02.2019 |

## 1-11 വാർഷിക കണക്ക് പരിശോധന- അപാകതകൾ

നഗരസഭയുടെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം |
| തൻവർഷം | 14000000 | 17114819 | 10253825 | 9955611 | 3746175 | 7020780 |
| കടിശ്ശിക | 22412096 | 24758286 | 5890095 | 5667713 | 16522001 | 19130565 |

2) കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം5,6,54എന്നിവ പ്രകാരം ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സൂക്ഷിക്കേണ്ടതും ദിനം പ്രതി ക്ലോസ് ചെയ്ത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

3) ബാങ്ക് റീകൺസലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. എല്ലാ മാസവും ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ തയ്യാറാക്കി അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇത് തൊട്ടടുത്ത മാസം 7ാം തീയ്യതിക്ക് മുമ്പായി ചെയ്യേണ്ടതാണ്. (കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം 54)

4) അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കുറ്റമറ്റ രീതിയിൽ പരിപാലിച്ചിട്ടില്ല. B-18 ഷെഡ്യൂളിൽ ബാലൻസ് ഉള്ള തുകകൾ ഹെഡ് വൈസ് പ്രത്യേക പേജുകളിലായി അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ലാത്തതിനാൽ അഡ്വാൻസ് നനൽകിയ തുകകളുടെ (B-18) കൃത്യത പരിശോധിക്കാനായിട്ടില്ല.

5) ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ B-7ഷെഡ്യൂളിലെ ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പ് തുക ഡെപ്പോസിറ്റ് രജിസ്റ്ററിലെ നീക്കിയിരിപ്പുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല. ബാലൻസ് നിൽക്കുന്ന തുകകൾ ഹെഡ് വൈസ് പ്രത്യേക പേജുകളിലായി ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിരിക്കേണ്ടതാണ്.

6) B-4ഷെഡ്യൂളിലെ വിവിധ ഹെഡുകളിൽ (320100100, 320200299, 320300100, 32080200, 320809900) ബാധ്യതയായി കാണിച്ചിട്ടുള്ള വിവിധ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7). തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, വാടക രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവയിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈ ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

8) സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപന രജിസ്റ്റർ പ്രകാരം 3100 രൂപയാണ് ഡിമാന്റും കളക്ഷനും, എന്നാൽ വാർഷിക കണക്ക് പ്രകാരം ഇത് 4500 രൂപയാണ്.

9) ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുകയോ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ 1600 രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

10) Entertainment Tax ഇനത്തിൽ 82142 രൂപ വരവുണ്ട്, ആയതിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിന് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

11) Other Fees ഇനത്തിൽ 428912/-രൂപ വരവുണ്ട്. ആയത് പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

12) ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ (RP25, B5) തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

13) Treasury Account Covid,Treasury PF, SBT Parapanangadi Hariyali2 എന്നീ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തിയത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

14) SCP, Maintenance Fund-Non Road എന്നീ ഫണ്ട് വരവ്/ചെലവ് തുകകൾ ACR, AFS എന്നിവയിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | ACR പ്രകാരം | AFS പ്രകാരം |
|---|---|---|
| SCP | 9000715 | 8898157 |
| Maintenance Fund-Non Road | 3836273 | 3756673 |

15) വാർദ്ധക്യ കാല പെൻഷൻ ഇനത്തിൽ നൽകിയ തുക I-6 ഷെഡ്യൂൾ പ്രകാരം 62312100 രൂപയാണ്. എന്നാൽ I-14 പ്രകാരം 62547000 രൂപയാണ്. വൃദ്ധർക്ക് കട്ടിൽ പദ്ധതി ഇനത്തിൽ ചെലവഴിച്ച 234900 രൂപ കൂടി I-14ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മുൻ വർഷ വാർഷിക കണക്കിലെ അപാകതകളായി 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച മിക്ക അപാകതകളും തൻവർഷത്തിലും നിലനിൽക്കുന്നുണ്ട്. ആയവ പരിഹരിക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.14/2021-22/16.03.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വസ്തുതാപരമായ മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നെടുവ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ചുവടെ ചേർത്ത ജീവനക്കാരിൽ നിന്നും 1994ലെ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245 പ്രകാരമുള്ള തൊഴിൽ നികുതി ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കുറിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീ. പ്രസാദ് കെ | ഫാർമസിസ്റ്റ്, ഇവനിംഗ് ഒ.പി | ഒന്നാം അർദ്ധ വർഷത്തിൽ മെയ് 21 മുതൽ ഓഗസ്റ്റ് 8 വരെ ജോലി ചെയത് നഗരസഭ ഫണ്ടിൽ നിന്നും വേതനം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 2 | ശ്രീമതി. നീതു | ഫാർമസിസ്റ്റ്, ഇവനിംഗ് ഒ.പി | രണ്ടാം അർദ്ധ വർഷത്തിൽ ഓഗസ്റ്റ് 9 മുതൽ ഡിസംബർ 19 വരെ ജോലി ചെയത് നഗരസഭ ഫണ്ടിൽ നിന്നും വേതനം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 24/2021-22/18.03.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ ജിവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ലൈസൻസ് അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും ലൈസൻസ് രജിസ്റ്ററും സഞ്ചയിൽ കെട്ടിട വിവരങ്ങളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടങ്ങളുടെ നമ്പറും ഉപയോഗക്രമവും പരിശോധിക്കാതെ/തെറ്റായ വിവരങ്ങൾ ചേർത്ത ലൈസൻസ് അനുവദിക്കുന്നു

അപേക്ഷകളിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ പരിശോധിച്ചതിൽ, ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യം അല്ല എന്നും പാർപ്പിടാവശ്യം ആണെന്നും കാണുന്നു. അതായത്, പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ലൈസൻസ് അനുവദിക്കപ്പെട്ട ചില കെട്ടിടങ്ങൾ സഞ്ചയയിൽ ഇല്ലാത്തതുമാണ്. ഉദാഹരണങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | ഡി&ഒ ലൈസൻസ് നമ്പർ | അപേക്ഷ/ലൈസൻസ് പ്രകാരമുള്ള കെട്ടിട നമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ തരം |
|---|---|---|---|---|
| 1 | PGDIH/12 /691/21-22 | 12/480 | ബിസ്മില്ല ഫ്ലോർ &ഓയിൽ മിൽ | സഞ്ചയയിൽ ഇല്ല |
| 2 | PGDIH/13/124521-22 | 13/286 A | കുളിർമ്മ ന്യൂട്രിമിക്സ്- ഫ്ലോർ മിൽ | പാർപ്പിട കെട്ടിടം |
| 3 | PGDIH/13 /1378/21-22 | 13/789 | ഫ്ലോർ മിൽ | സഞ്ചയയിൽ ഇല്ല |
| 4 | PGDIH/21 /1000/21-22 | 21/1183 | എംപയർ പ്ലൈമാർട്ട്- പ്ലൈവുഡ് ഗോഡൗൺ | സഞ്ചയയിൽ ഇല്ല |
| 5 | PGDIH/21/134/21-22 | 21/314J,K | നഹാസ് ഡന്റൽ ക്ലിനിക് | സഞ്ചയയിൽ ഇല്ല |
| 6 | PGDIH/22 /1263/21-22 | 22/180,180A | റോയൽ ഓഡിറ്റോറിയം | പാർപ്പിട കെട്ടിടം |

കെട്ടിടങ്ങളുടെ നമ്പറും ഉപയോഗക്രമവും പരിശോധിക്കാത്തതിനാലും ലൈസൻസിൽ ചേർക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്താത്തതിനാലുമാണ് ഇത്തരം അപാകതക്ക് കാരണം എന്ന് കാണുന്നു. കൂടാതെ വസ്തു നികുതി ഇനത്തിലും നഗരസഭക്ക് നഷ്ടം ഉണ്ടാവുന്നു. ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും കുടിശ്ശിക ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. ലൈസൻസ് ഇല്ലാത്ത/പുതുക്കാത്ത സ്ഥാപനങ്ങൾ

ലഭ്യമാക്കിയ ലൈസൻസ് രജിസ്റ്റർ പ്രകാരം നഗരസഭയിലെ ഓരോ വാർഡുകളിലും അനുവദിച്ചിരിക്കുന്ന ലൈസൻസുകളുടെ എണ്ണം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| വാർഡ് നമ്പർ | 2021-22ൽ അനുവദിച്ച ആകെ ലൈസൻസുകളുടെ എണ്ണം | 2020-21ൽ അനുവദിച്ച ആകെ ലൈസൻസുകളുടെ എണ്ണം |
|---|---|---|
| 1. | 0 | 1 |
| 2. | 47 | 71 |
| 3. | 42 | 39 |
| 4. | 41 | 32 |
| 5. | 6 | 24 |
| 6. | 12 | 15 |
| 7. | 9 | 13 |
| 8. | 9 | 11 |

| | | |
|---|---|---|
| 9. | 11 | 19 |
| 10. | 5 | 9 |
| 11. | 8 | 14 |
| 12. | 16 | 15 |
| 13. | 56 | 63 |
| 14. | 61 | 49 |
| 15. | 27 | 28 |
| 16. | 59 | 69 |
| 17. | 27 | 48 |
| 18. | 18 | 18 |
| 19. | 27 | 30 |
| 20. | 15 | 16 |
| 21. | 18 | 53 |
| 22. | 8 | 41 |
| 23. | 16 | 19 |
| 24. | 26 | 26 |
| 25. | 2 | 1 |
| 26. | 2 | 1 |
| 27. | 23 | 16 |
| 28. | 10 | 4 |
| 29. | 0 | 0 |
| 30. | 1 | 1 |
| 31. | 63 | 52 |
| 32. | 64 | 52 |
| 33. | 166 | 154 |
| 34. | 1 | 0 |
| 35. | 1 | 1 |
| 36. | 2 | 2 |
| 37. | 51 | 45 |
| 38. | 144 | 126 |
| 39. | 12 | 12 |
| 40. | 3 | 1 |
| 41. | 2 | 3 |
| 42. | 0 | 0 |
| 43. | 48 | 42 |
| 44. | 1 | 0 |
| 45. | 0 | 0 |
| ആകെ | 1175 | 1236 |

പട്ടികയിൽ പരാമർശിച്ചത് പ്രകാരം നഗരസഭയിൽ ഒരു വ്യപാര സ്ഥാപനത്തിന് പോലും ലൈസൻസ് അനുവദിച്ചിട്ടില്ലാത്ത വാർഡുകളിൽ ഒരു വ്യവസായ/വ്യാപാര സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് കരുതാനാവില്ല. അനുവദിച്ച ലൈസൻസുകളുടെ എണ്ണം അഞ്ചിൽ താഴെയായുള്ള വാർഡുകളും ഉണ്ട് . മുൻ വർഷത്തെ അപേക്ഷിച്ച് ലൈസൻസുകളുടെ എണ്ണം കുറയുകയാണ്ചെയ്തത്. ഇതിൽ നിന്നും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നഗരസഭയിൽ ഉണ്ട് എന്ന് തന്നെ വിലയിരുത്താവുന്നതാണ്.

ലൈസൻസ് എടുക്കാതെ /പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനും നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 26/2021-22/18.03.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 1-14 കെട്ടിടങ്ങളുടെ തരം മാറ്റം വരുത്താതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം

2011ലെ കേരള മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങൾ, ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

എന്നാൽ, 2021-22 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള ചുവടെ ചേർത്ത സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ, ചുവടെ ചേർത്ത ലൈസൻസുകൾ അനുവദിച്ചതിൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ നം | ലൈസൻസ് നം, ലൈസൻസി | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | കെട്ടിട നമ്പർ, സ്ഥാപനത്തിന്റെ പേര് | അപാകത |
|---|---|---|---|---|
| 1 | PGDIH/3 /960/21-22 /25.02.21, മുഹമ്മദ് ഹാഫിദ് എ | സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | 3/335,336,337,338,339,340 ആർ.ടി.എസ് മാർട്ട് ചെട്ടിപ്പടി | ശ്രീ. സിദ്ദീഖ് മച്ചിങ്ങൽ എന്നവരുടെ മേൽ കെട്ടിട നമ്പറുകൾ ആകെ 220 ച.മീ വിസ്തീർണ്ണമുണ്ട്.<br>ലൈസൻസ് അനുവദിച്ച കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ, 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരം ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 70 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് മേൽ ലൈസൻസ് അനുവദിച്ചിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി 'വാണിജ്യാവശ്യത്തിനുള്ള 200 ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 140 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം അടിസ്ഥാന വസ്തു നികുതിയിൽ തന്നെ 15400/- (220x(140-70)=15400) രൂപയുടെ നഷ്ടം സംഭവിക്കുന്നുണ്ട്.<br>മേൽ കെട്ടിട നമ്പറുകളോട് അനുബന്ധിച്ച് വരുന്ന 3/341 മുതൽ 3/358 വരെ 509 ച.മീ വിസ്തീർണ്ണത്തിലുള്ള കെട്ടിട നമ്പറുകളും ടിയാന്റെ ഉടമസ്ഥതയിൽ തന്നെയാണ് ആയതിൽ കൂടി മേൽ സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ടോ എന്നത് പരിശോധിച്ച് ആയതിന്റെ കൂടി വസ്തു നികുതി പുതുക്കി നിർണ്ണയിക്കേണ്ടിവരുന്നതാണ്. ആയത് പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. |
| 2 | PGDIH/38 /923/21-22 /23.02.21, അബ്ബാസ് അലി കെ | സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | 38/492, അൽ അമീൻ സൂപ്പർ മാർക്കറ്റ് അഞ്ചപുര | ശ്രീ. മൊയ്തീൻ മുതൽപേർ എന്നവരുടെ മേൽ കെട്ടിട നമ്പർ ആകെ 24 ച.മീ വിസ്തീർണ്ണമാണുള്ളത്. ആയതിലാണ് 40 ലക്ഷം രൂപ മൂലധന നിക്ഷേപം രേഖപ്പെടുത്തിയ സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നത് എന്നത് വസ്തുതാപരമല്ല എന്ന് കാണുന്നു.<br>മേൽ കെട്ടിട നമ്പറിനോട് അനുബന്ധിച്ച് വരുന്ന |

| | | | | |
|---|---|---|---|---|
| | | | | 38/490 (180ച.മീ),38/491 (24 ച.മീ), 38/493 (26 ച.മീ) എന്നീ കെട്ടിട നമ്പറുകൾ ആകെ 230 ച.മീ വിസ്തീർണ്ണമുള്ളതും ടിയാന്റെ തന്നെ ഉടമസ്ഥതയിൽ ഉള്ളതുമാണ്. ആയതിൽ കൂടി മേൽ സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ടോ എന്നത് പരിശോധിച്ച് ആയതിന്റെ കൂടി വസ്തു നികുതി പുതുക്കി നിർണ്ണയിക്കേണ്ടിവരുന്നതാണ്. ആയത് പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.<br>മേൽ കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ, 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരം ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 70 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ചവയാണ്. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി സൂപ്പർമാർക്കറ്റ് കെട്ടിടങ്ങൾ ഉൾപ്പെടുന്ന ഗണത്തിലുൾപ്പെടുത്തി ആയതിന്റെ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. |
| 3 | PGDIH/27 /980/21-22 /16.07.21, അബ്ദുൽ അസീസ് | സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | 27/415, 27/416, 27/417, 27/418<br>അൽ മദീന സൂപ്പർ മാർക്കറ്റ് | ശ്രീ. അബ്ദുൽ അസീസ് എന്നവരുടെ മേൽ കെട്ടിട നമ്പറുകൾ ആകെ 215.05 ച.മീ വിസ്തീർണ്ണമുണ്ട്.<br>ലൈസൻസ് അനുവദിച്ച കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ, 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീ-ന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരം ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 90 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് മേൽ ലൈസൻസ് അനുവദിച്ചിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി 'വാണിജ്യാവശ്യത്തിനുള്ള 200 ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 140 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം അടിസ്ഥാന വസ്തു നികുതിയിൽ തന്നെ 10752.5/- (215.05x(140-90)=10752.5 ) രൂപയുടെ നഷ്ടം സംഭവിക്കുന്നുണ്ട്. |

ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടങ്ങളെ സംബന്ധിച്ച് വേണ്ടത്ര പരിശോധന നടത്താതെയും, നികുതി നിർണ്ണയിച്ചിട്ടുള്ള ഉപയോഗക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗമാറ്റം നടത്താതെയുമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇത് ചട്ടലംഘനമാണ്. മാത്രമല്ല ഇതുമൂലം വസ്തുനികുതി ഇനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട തുകയിലും കാര്യമായ കുറവ് സംഭവിക്കുന്നുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 25/2021-22/18.03.2023ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് അനുവദിച്ച കെട്ടിട നമ്പറുകളിൽ മാത്രമാണ് ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതും മേൽ കെട്ടിടങ്ങളുടെ നികുതി പുന:പരിശോധിക്കുന്നതും റവന്യ വിഭാഗത്തിലേക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്നാണ് അറിയിച്ചത്. മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച വിശദമായ പരിശോധന നടത്തി വിവരം ലഭ്യമാക്കേണ്ടതും വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് നഷ്ട തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 പൊതു തെരുവുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നത് - നടപടി വിവരം ലഭ്യമാക്കിയില്ല

1999 ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും

സ്ഥാപിക്കൽ ) ചട്ടങ്ങൾ പ്രകാരം

1. മുനിസിപ്പൽ പ്രദേശത്തിനുള്ളിലെ പൊതു തെരുവിലോ, റോഡിലോ പൊതു സ്ഥലത്തോ അതിനുമുകളിലോ കമാനങ്ങളോ പരസ്യ ബോർഡുകളോ സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ ലൈസൻസ് ആവശ്യമാണ്. (ചട്ടം 3)
2. പരസ്യം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന ആൾ വിശദ വിവരം ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കേണ്ടതും നിശ്ചിത നിരക്കിലുള്ള ഫീസ് അടക്കേണ്ടതുമാണ്. (ചട്ടം 4)
3. ഇത്തരത്തിൽ പരസ്യം, കമാനം എന്നിവ സ്ഥാപിക്കുന്നതിന് കൗൺസിലിന് അത് നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് ചുമത്താവുന്നതാണ് (ചട്ടം 6)

മേൽ ചട്ടം പ്രകാരം നഗരസഭാ പ്രദേശത്ത് പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കുന്നതിന് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചതിന്റെയും ഇതിന് 2021-22 ലഭിച്ച അപേക്ഷകളിൽ തുടർ നടപടി സ്വീകരിച്ചതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് ( 42 /21-22/20.03.2023) മറിപടി ലഭ്യമാക്കിയിട്ടില്ല.

പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ- അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് : 275/22 മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ

നിർവ്വഹണോദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

അടങ്കൽ : 1057000 (792750-plan Fund +264250 Beneficiary Contribution)

ചെലവ് : 1053980/-(789730/- Plan Fund +264250 Beneficiary Contribution)

1. വൗച്ചർ നമ്പർ 22101032/11.02.2022 (87500/-)
2. വൗച്ചർ നമ്പർ 22101166/08.03.2022 (176750/-)
3. വൗച്ചർ നമ്പർ 22101068/04.02.2022 (261500/-)
4. വൗച്ചർ നമ്പർ 22101128/10.02.2022 (528230/-)

മേൽ പ്രോജക്ട് പ്രകാരം 151 ജനറൽ ഗുണഭോക്താക്കൾക്കായി കൂടും കോഴിയും വാങ്ങി നൽകിയിട്ടുണ്ട് . ₹4980 രൂപയുടെ കൂടും ₹200 രൂപയുടെ 10 മുട്ടക്കോഴികളുമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത് . കൂട് കോസ്റ്റൽ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും മുട്ടക്കോഴികൾ മലബാർ പൗൾട്ടി ഫാം എന്ന സ്ഥാപനത്തിൽ നിന്നമാണ് വാങ്ങിയിട്ടുള്ളത്. പ്രോജക്ട് കോസ്റ്റ് ₹ 1053980 (6980*151) ൽ ₹789730 സബ്സിഡിയായി വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ ( GO(MS) 22/2018/LSGD Dt 14.02.2018 ) പ്രകാരം മേൽ പ്രോജക്ടിന് ജനറൽ വിഭാഗം ഗുണഭോക്താക്കൾക്ക് അനുവദനീയമായ സബ്സിഡി 50% ആണ്. അതായത് 526990/- രൂപ. ഇക്കാര്യം വെറ്ററിനറി സർജന്റെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ 2018- 19 വർഷത്തിലെ പ്രളയഫണ്ട് ഉപയോഗിച്ച് ജീവനോപാധി പരിപാടി എന്ന നിലക്ക് സ.ഉ (കൈ) നം. 170/ 2019 തസ്വഭവ തിയ്യതി 23.12.2019 പ്രകാരം തയ്യാറാക്കിയ 355/20 പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ടാണിതെന്നും മേൽ ഉത്തരവ് പ്രകാരം 100ശതമാനവും സബ്സിഡി നൽകാവുന്നതാണെന്നും അറിയിച്ചു. എന്നാൽ മേൽ ഉത്തരവിൽ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്കാണ് 100% സബ്സിഡി അനുവദിക്കാവുന്നത്. ബാക്കി തുക പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക വിധേയമായാണ് അനുവദിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. മാത്രവുമല്ല പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവരുടെ അപേക്ഷാഫോറത്തിൽ പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധിയുടെ വിശദാംശങ്ങൾ, തുടർന്ന് ആവശ്യമായ ജീവനോപാധിയുടെ വിവരം എന്നിവ സഹിതം ക്ഷണിച്ച് ഗുണഭോക്തൃ ലിസ്റ്റ് ഉണ്ടാക്കേണ്ടതും 2020 ജനുവരി 4നു മുമ്പായി പ്രോജക്ടിന് അംഗീകാരം വാങ്ങേണ്ടതുമാണെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾ കരാർ വെക്കുന്നത് 01/2022, 02/2022 എന്നീ മാസങ്ങളിലായാണ്. ടി ഗുണഭോക്താക്കൾ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവരാണോ എന്നത് വ്യക്തമാക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയില്ല . ഗുണഭോക്താക്കളുടെ അപേക്ഷയിലും സ.ഉ (കൈ) നം. 170/ 2019 തസ്വഭവ തിയ്യതി 23.12.2019 പ്രകാരം നിർദ്ദേശിച്ച വിവരങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ഗുണഭോക്താക്കളെ അംഗീകരിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതി പ്രകാരമുള്ള കൂടുകൾ വാങ്ങുന്നത് 23.01.2022 , 24.01.2022, 30.01.2022, 4.02.2022, 7.02.2022 തിയ്യതികളായാണ്. മുട്ടക്കോഴികളെ വാങ്ങുന്നത് 01.02.2022, 08.02.2022 തിയ്യതികളിലാണ്. 2018 ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്കല്ല മേൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

3. കോഴിക്കൂട് ലഭ്യമാക്കിയ കോസ്റ്റൽ ഫർണിച്ചർ എന്ന സ്ഥാപനവുമായി കരാർ ചമച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

4. മലബാർ പൗൾട്ടി ഫാമുമായി ചമച്ച കരാറിൽ തിയ്യതി രേഖപ്പെടുത്തുകയോ വെറ്ററിനറി സർജൻ ഒപ്പുവെക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 2/21-22/16.03.2023) 2018-19 വർഷത്തിലെ പ്രോജക്ടാണിതെന്നും വിവിധ കാരണങ്ങളാൽ പ്രോജക്ട്

വൈകിയതാണെന്നും അറിയിച്ചു. എന്നാൽ മേൽ ഗുണഭോക്താക്കൾ പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരാണെന്ന് ഭരണസമിതി അംഗീകരിച്ചതായുള്ള രേഖകൾ ലഭ്യമാക്കിയില്ല. മാത്രവുമല്ല എൻക്വയറിയിൽ സൂചിപ്പിച്ച മറ്റ് അപാകതകൾക്കുള്ള മറുപടിയും ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കൾ ജീവനോപാധി നഷ്ടപ്പെട്ടവരിൽ പെടുന്നവരാണെന്ന ഭരണ സമിതി തീരുമാനം ലഭ്യമാക്കുന്നതു വരെ അധികം നൽകിയ 25% സബ്സിഡി തുക 262740/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-17 മുൻകൂർ തുക നൽകി - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ (സി എച്ച് സി) നിർവ്വഹിച്ച വിവിധ പ്രൊജക്ടുകളിലായി മരുന്ന വാങ്ങുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള തുക മുൻകൂറായി KMSCL ന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | പ്രൊഫോർമ ഇൻവോയ്സ് നം | മുൻകൂർ നൽകിയ തുക | ഫണ്ടിനം | വൗച്ചർ നമ്പർ തിയ്യതി | ലഭ്യമാക്കിയ മരുന്നിന്റെ വില | ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നിന്റെ വിവരം |
|---|---|---|---|---|---|---|---|
| 1 | 35/22 പരിരക്ഷ പദ്ധതി | 298/ 19.05.2021 | 49999 | തനത് ഫണ്ട് | ചെക്ക് നമ്പർ 437007 / 29.07.2021 | 0 | 49999 |
| | | 391/ 27.05.2021 | 90340 | വികസന ഫണ്ട്-ജനറൽ | 22100348/ 23.06.2021 | 59535 | 30805 |
| 2 | 28/22ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ | 408/ 28.05.2021 | 150000 | മെയിന്റനൻസ് നോൺ റോഡ് | 22100350/ 15.07.2021 | 108753 | 41247 |
| | | 266/ 18.05.2021 | 50000 | | 22100349/ 15.07.2021 | 50000 | 0 |
| | | 410/ 28.05.2021 | 149999 | | 22100351/ 15.07.2021 | 125939 | 24060 |
| | | 409/ 28.05.2021 | 49997 | | 22100352/ 15.07.2021 | 41866 | 8131 |
| 3 | 107/22 വയോമിത്രം മരുന്ന് വാങ്ങൽ | 2157/ 17.09.2021 | 50000 | തനത് ഫണ്ട് | ചെക്ക് നമ്പർ 437118/03.12.2021 | 49352 | 648 |

ലഭ്യമാവാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്. മേൽ മരുന്നുകൾ വാങ്ങുന്നതിന് NAC ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതു കൂടി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി 04 /21-22/16.03.2023) മരുന്നുകൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാവുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതാണെന്നും മറുപടി നൽകി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. KMSCLൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി ഇന്റന്റ് നൽകുന്നതിന് മുൻപ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ഡിപ്പാർട്ട്മെന്റ് തലത്തിൽ ആയവ ലഭ്യമല്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്ന പൂർണ്ണമായി ലഭിച്ചില്ല

പ്രോജക്ട് : 196/22 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ

അടങ്കൽ : 400000/-

ചെലവ് : 400000/-

ഫണ്ടിനം : മെയിന്റനൻസ് - നോൺ റോഡ്

വൗച്ചർ നമ്പർ : 22101066/04.02.2022

2021-22 വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച മേൽ പ്രൊജക്ടിൽ മരുന്ന വാങ്ങുന്നതിനായി ഹോംകോക്ക് ₹ 400000 നൽകിയതിൽ ₹241567 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതു വരെ ലഭ്യമായത്. ₹158433രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനവശേഷിക്കുന്നു. ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും , സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്. അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി 05 /21-22 /16.03.2023) മരുന്നുകൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാവുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതാണെന്നും മറുപടി നൽകി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-19 റിംഗ് കമ്പോസ്റ്റ് - നിർവ്വഹണത്തിലെ അപാകതകൾ

2021-22 വർഷത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രോജക്ട് പ്രകാരം റിംഗ് കമ്പോസ്റ്റുകൾ വാങ്ങി നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|
| 204/22 റിംഗ് കമ്പോസ്റ്റ് (വ്യക്തിഗതം) | 5349375 (ധനകാര്യ കമ്മിഷൻ അവാർഡ്) | 5349375<br>2500000 (വൗച്ചർ നം. 22101147/04.03.2022)<br>1949000 (വൗച്ചർ നം. 22101299/25.03.2022)<br>900375/-((വൗച്ചർ നം. 22101341/30.03.2022) |
| | 5906250 (കേന്ദ്രാവിഷ്കൃത ഫണ്ട്) | 1048625 (വൗച്ചർ നം. 22101350/31.03.2022) |
| | 3931875 (സംസ്ഥാനാവിഷ്കൃത ഫണ്ട്) | 0 |
| | 1687500 ( ഗുണഭോക്തൃ വിഹിതം) | 0 |
| ആകെ | 16875000 | 6398000 |

മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

(1) 35% കേന്ദ്രാവിഷ്കൃത ഫണ്ടും, 23.3%സംസ്ഥാനാവിഷ്കൃത ഫണ്ടും ,31.7% തദ്ദേശ സ്വയംഭരണ സ്ഥാപനവും, 10% ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയാണ് പ്രോജക്ട് വിഭാവനം ചെയ്തത് . 2021-22 വർഷത്തിൽ 2500 റിംഗ് കമ്പോസ്റ്റും 22-23 വർഷത്തിൽ 2500 റിംഗ് കമ്പോസ്റ്റും ഉൾപ്പെടെ മൊത്തം 5000 റിംഗ് കമ്പോസ്റ്റുകൾ റെയ്ഡ്കോ വഴി വിതരണം ചെയ്തതായി കാണുന്നു. 2021-22 വർഷത്തെ ചെലവ് പരിശോധിച്ചതിൽ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സ്രോതസ്സിന്റെ വിഹിതം പാലിച്ചതായി കാണുന്നില്ല.

(2) പദ്ധതിക്കായി ടെണ്ടർ നടപടികളിലൂടെയാണ് റെയ്ഡ്കോ - യെ തെരെഞ്ഞെടുത്തത്. 14.01.2022 നാണ് ഇ - ടെണ്ടർ പരസ്യം നൽകിയത് . ലഭിച്ച 3 ടെണ്ടറുകൾ പരിശോധിച്ചതിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്തത് ഗുണശ്രീ വെർമി കമ്പോസ്റ്റ് എന്ന സ്ഥാപനമാണ് (2345/- രൂപ). റെയ്ഡ്കോ ക്വാട്ട് ചെയ്തത് 2449/- രൂപയാണ് . കൂടാതെ പി.വി ഹാഫിസ് എന്നവർ 2448.9/- രൂപയും ക്വാട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 28.01.2022 ലെ പ്രൊക്വയർമെന്റ് കമ്മറ്റി തീരുമാനം 1 പ്രകാരം റെയ്ഡ്കോയിൽ നിന്നും വാങ്ങാൻ തീരുമാനിക്കുകയാണ് ചെയ്തത്. എന്തു കൊണ്ടാണ് കുറഞ്ഞ തുക ക്വാട്ട് ചെയ്തവരെ ഒഴിവാക്കിയതെന്ന് വ്യക്തമാക്കിയിട്ടില്ല. മാത്രവുമല്ല മേൽ മൂന്ന് സ്ഥാപനങ്ങൾക്ക് സാമ്പിൾ ഹാജരാക്കാൻ കത്ത് നൽകിയതായോ, സാമ്പിൾ പരിശോധിച്ചതായോ ഉള്ള രേഖകളും ഫയലിൽ ഇല്ല. കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിനാൽ നഗരസഭക്ക് താഴെ പറയും പ്രകാരം അധികച്ചെലവ് വന്നതായി കാണുന്നു.

| വാങ്ങിയ റിംഗ് കമ്പോസ്റ്റുകളുടെ എണ്ണം | റെയ്ഡ്കോയ്ക്ക് നൽകിയ തുക @2449 | ഗുണശ്രീ വെർമി കമ്പോസ്റ്റിൽ നിന്നും വാങ്ങിയിരുന്നെങ്കിൽ ചെലവാകുമായിരുന്ന തുക @2345 | നഗരസഭക്ക് അധികം ചെലവാക്കേണ്ടി വന്ന തുക |
|---|---|---|---|
| 5000 | 12245000 | 11725000 | 520000 |

മേൽ പ്രകാരം തുക അധിക തുക നൽകാനിടയായ സാഹചര്യം വിശദമാക്കേണ്ടതാണ്.

അപാകതകൾ കാണിച്ച്നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23 /21-22/18.03.2023) ക്രമ നമ്പർ1 പ്രകാരമുള്ള അപാകത 2022-23 ൽ സ്പിൽ ഓവറായി പ്രവ്വത്തിചെയ്യപ്പോൾ കണ്ടെത്തുകയും ആയത് പരിഹരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. ക്രമ നമ്പർ 2 അപാകതക്ക് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് ഗുണശ്രീ വെർമി കമ്പോസ്റ്റ് ആണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ താരതമ്യ പത്രികയിൽ രേഖപ്പെടുത്തിയിരുന്നെന്നും സാമ്പിളുകൾ ഹാജരാക്കാൻ ഫോൺ മുഖേനെ ആവശ്യപ്പെട്ടതനുസരിച്ച് റെയ്ഡ്കോ, ഗുണശ്രീ വെർമി കമ്പോസ്റ്റ് എന്നിവർ ഹാജരാക്കിയ സാമ്പിളുകൾ പ്രൊക്വയർമെന്റ് കമ്മറ്റി പരിശോധിച്ചതിൻ പ്രകാരം ഗുണനിലവാരത്തിൽ മുന്നിൽ നിൽക്കുന്ന റെയ്ഡ്കോയിൽ നിന്നും സാധനം വാങ്ങാൻ തീരുമാനിക്കുകയും ചെയ്തതെന്നാണ് അറിയിച്ചത്.

ലോവസ്റ്റ് റേറ്റ് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി മറ്റൊരു സ്ഥാപനത്തെ തെരെഞ്ഞെടുക്കുമ്പോൾ പ്രൊക്വയർമെന്റ് കമ്മറ്റി മിനുട്സിൽ ആയതിനുള്ള കാരണം വ്യക്തമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 രസീത് ബുക്ക് -സ്റ്റോക്ക്, വിതരണം, ഉപയോഗം-അപാകതകൾ

(A) ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും TVM/79/20-21 പ്രകാരം(ഇൻവോയ്സ് തിയതി രേഖപ്പെടുത്തിയിട്ടില്ല, ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല) നഗരസഭയിലേക്ക് 1 മുതൽ 50 വരെ സീരിയൽ നമ്പറിലുള്ള, 1 മുതൽ 5000 വരെ ക്രമ നമ്പറുകൾ രേഖപ്പെടുത്തിയതുമായ 50 പുതിയ രസീത് ബുക്കുകൾ ലഭ്യമായത് സറ്റോക്ക് അക്കൗണ്ട് ബുക്ക് പേജ് 14 ചേർത്തിട്ടുണ്ട്. ആയത്

19.01.2022 മുതലാണ് വിതരണം ചെയ്ത് തുടങ്ങിയത്. 25.04.2022 വരെ 22 രസീത് ബുക്കുകൾ, ക്രമ നം 1 മുതൽ 22 വരെയുള്ളവ വിതരണം ചെയ്തിട്ടുണ്ട്. ഇതിന് ശേഷം നടന്ന വിതരണം, സ്റ്റോക്ക് രേഖപ്പെടുത്തൽ, സ്റ്റോക്ക് എന്നിവയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മേൽ വിതരണത്തിന് ശേഷം ബുക്ക് നം 44, 45 എന്നിവ 15.06.2021 തിയതിയിലും ബുക്ക് നം.33 26.02.21നും ബുക്ക് നം.34 30.06.22 നം യുമായി ആകെ നാല് രസീത് ബുക്കുകൾ ക്രമപ്രകാരമല്ലാതെ വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയത്. ആദ്യ ബുക്കുകൾ വിതരണം ചെയ്തതുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ വിതരണം ചെയ്ത തിയതികൾ രേഖപ്പെടുത്തിയത് തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) രസീത് ബുക്ക് സ്റ്റോക്ക് ഭൗതിക പരിശോധന നടത്തിയതിൽ ക്രമ നം.50 രസീത് ബുക്ക് മാത്രമാണ് വിതരണം ചെയ്യാനവശേഷിക്കുന്നതായി സ്റ്റോക്കിൽ കണ്ടെത്തിയത്. 29.10.2022 മുതൽ രസീത് ബുക്ക് നം.26 മുതൽ 49 വരെയായി ആകെ 20 രസീത് ബുക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ രസീത് ബുക്ക് നം.23,24,25 എന്നിവ വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ രേഖപ്പെടുത്താതെ വിതരണം ചെയ്തത് വിശദീകരിക്കേണ്ടതാണ്.
മേൽ മൂന്ന് ബുക്കുകളും വിതരണം ചെയ്യാനവശേഷിക്കുന്ന ക്രമ നം. 50 രസീത് ബുക്കും ഉൾപ്പടെ ആകെ സ്റ്റോക്ക് 4 ആണ് വേണ്ടിയിരുന്നത്, എന്നാൽ സ്റ്റോക്ക് നീക്കിയിരിപ്പ് 1 ആണ് രേഖപ്പെടുത്തിയത്. 06.03.22ന് ക്രമ നം 46 ബുക്ക് വിതരണം ചെയ്ത ശേഷം സ്റ്റോക്ക് ബാലൻസ് 7 എന്ന് രേഖപ്പെടുത്താതെ 4 എന്ന് രേഖപ്പെടുത്തി മൂന്ന് രസീത് ബുക്കുകളുടെ കുറവ് ക്രമപ്പെടുത്തുകയാണ് ചെയ്തത്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം55/22-23/21.03.22 നൽകിയതിൽ സ്റ്റോക്കിൽ ചേർക്കാതെ വിതരണം ചെയ്ത നം.23,24,25 രസീത് ബുക്കുകൾ ഹാജരാക്കിയിട്ടുണ്ട്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(B) 06.03.2023ന് വെറ്റിനറി സർജൻ കൈപ്പറ്റിയ രസീത് ബുക്ക് നം 47 ൽ നിന്നും 4632 വരെ രസീതുകൾ ഉപയോഗിച്ച് ആകെ 30690/- രൂപ ഈടാക്കിയതായും ആയത് 21.03.2023ന് 01/122020115637 നമ്പർരസീത് പ്രകാരം നഗരസഭയിൽ അടവാക്കിയതായും കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

രസീതുകളിൽ മാസവും വർഷവും മാത്രമാണ് രേഖപ്പെടുത്തിയത് എന്നതിനാൽ മേൽ തുക ഏത് തിയ്യതിയിൽ പിരിച്ചെടുത്തതാണ് എന്ന് ഉറപ്പ് വരുത്താനായിട്ടില്ല. മാത്രമല്ല, രസീത് ബുക്ക് പ്രകാരം 4624 നമ്പർ രസീത് വരെ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്.

പണം അടവാക്കിയ ഗുണഭോക്താക്കൾക്ക് രസീത് നൽകിയിട്ടില്ല എന്നും രസീതുകളിൽ പൂർണ്ണമായ തിയതി രേഖപ്പെടുത്തുന്നില്ല എന്നും കണ്ടു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 കൃഷി ഓഫീസർ നിർവ്വഹിച്ച പദ്ധതികൾ - പൊതു അപാകതകൾ

2021-22 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹിച്ച വിവിധ പദ്ധതികൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് അടവാക്കുന്നതിൽ സമയ കൃത്യത പാലിക്കുന്നില്ല

ഗ്രോ ബാഗ് വിതരണത്തിനായി (പ്രോജക്ട് 31/22) 88000/- രൂപ 440 പേരിൽ നിന്നായി പിരിച്ചെടുത്ത് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പിരിച്ചെടുത്ത തുക | പിരിച്ചെടുത്ത തിയ്യതി | അടവാക്കിയ തുക | അടവാക്കിയ തിയ്യതി |
|---|---|---|---|---|
| 1 | 20000 | 22.02.2022 | 20000 | 23.02.2022 |
| 2 | 9200 | 24.02.2022 | 55000 | 05.03.2022 |
| 3 | 1800 | 25.02.2022 | | |
| 4 | 24800 | 26.02.2022 | | |
| 5 | 19600 | 05.03.2022 | | |
| 6 | 4600 | 11.03.2022 | 10000 | 14.03.2022 |
| 7 | 5400 | 14.03.2022 | | |
| 8 | 2600 | 21.03.2022 | 3000 | 21.03.2022 |

പിരിച്ചെടുക്കുന്ന തുകകൾ കൃത്യമായി പഞ്ചായത്തിൽ അടവാക്കുന്നില്ലെന്ന ഇതിൽ നിന്നും വ്യക്തമാണ് 05.03.2022 നോ അതിനു മുൻപോ പിരിച്ചെടുത്ത തുക അടവാക്കുന്നത് 05.03.2022 നാണ്. മാത്രമല്ല കലക്ഷൻ രജിസ്റ്ററിലും തുക അടവാക്കിയതിന്റെ വിവരം രേഖപ്പെടുത്തുന്നില്ല. പിരിച്ചെടുത്ത തുകകൾ സമയബന്ധിതമായി അടവാക്കേണ്ടതാണ്.

2. ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത തുക അടവാക്കുന്ന തുക എന്നിവയുടെ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത തുകകൾ ക്യാഷ്ബുക്കിൽ വരവായി ചേർക്കേണ്ടതും പഞ്ചായത്തിൽ അടവാക്കുമ്പോൾ ചെലവ് രേഖപ്പെടുത്തേണ്ടതുമാണ്.

3. അപേക്ഷകളിൽ റിപ്പോർട്ട് രേഖപ്പെടുത്തുന്നില്ല

വിവിധ പദ്ധതികൾക്കായുള്ള ഗുണഭോക്താക്കളുടെ അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. കൃഷി ചെയ്ത വിസ്തൃതി എണ്ണം എന്നിവയൊന്നും പരിശോധിച്ച സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല . അപേക്ഷകളിൽ പരിശോധനാ റിപ്പോർട്ട് രേഖപ്പെടുത്തേണ്ടതാണ്.

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/20-21/20.03.2023) അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു.

## 1-22 ഹരിതകർമ്മസേന- പൊതു അവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്നതാണ് ഹരിത കർമ്മസേനയുടെ ലക്ഷ്യം. വെള്ളം , വൃത്തി, വിളവ് എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ , ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ നടപടിക്രമത്തിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും 12.08.2020 ലെ സ.ഉ (സാധാ) നം.1496/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ആയത് അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്.

പരപ്പനങ്ങാടി നഗരസഭയിലെ ഹരിത കർമ്മസേന പ്രവർത്തനം 2019 ന് 90 അംഗങ്ങളുമായാണ് ആരംഭിച്ചത്. 45 ഡിവിഷനുകളുള്ള നഗരസഭയിൽ നിലവിൽ 56 അംഗങ്ങളാണ് ഹരിതകർമ്മസേനക്ക് ഉള്ളത്. 10 ഗ്രൂപ്പുകളായാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനം. നഗരസഭയിലെ മുഴുവൻ വാർഡുകളിലും പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ആണ് ഫീസ് ഈടാക്കി വരുന്നത്. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. യൂസർ ഫീ കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് എന്ന സ്ഥാപനത്തിന് നൽകുമ്പാൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം. റിജക്റ്റഡ് വേസ്റ്റ് കിലോ ഗ്രാമിന് 6.20 രൂപക്കും വാല്യുവബിൾ വേസ്റ്റ് കിലോ ഗ്രാമിന് 9/-രൂപക്കും ആണ് കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് എന്ന സ്ഥാപനത്തിന് നൽകുന്നത്.

2021-22 വർഷത്തിൽ ഹരിത കർമ്മസേനക്ക് VGF ഇനത്തിൽ 2875680/- രൂപ [ 1094430/-(Project 279/22 ഹരിതകർമ്മസേനപ്രവർത്തനങ്ങൾ)/- + 1781250/- (Project 510/22 ഹരിതകർമ്മസേനപ്രവർത്തനങ്ങൾ - വി.ജി.എഫ്) നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ വാർഡുകളിലും മിനി എംസി എഫ് സ്ഥാപിച്ചിക്കുകയും (Project 214/22), മാലിന്യം നീക്കംചെയ്യുന്നതിനായി വീൽ ബാരോ ( Project 276/22) , മാലിന്യങ്ങൾ ബെയിൽ ചെയ്യുന്നതിനായി പ്രോജക്ട് 216/22 പ്രകാരം ബെയിലിംഗ് മെഷീൻ എന്നി വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനം പരിശോധിച്ചതിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ സർക്കാർ ഉത്തരവു പ്രകാരം ലക്ഷ്യമിട്ട ലക്ഷ്യങ്ങൾ കൈവരിച്ച് മാലിന്യത്തിൽനിന്നും വരുമാനം ഉണ്ടാക്കുന്നതിന് താഴെപറയുന്ന കാര്യങ്ങൾകൂടി ശ്രദ്ധിക്കേണ്ടതാണ്.

1) 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. എന്നാൽ ഇത്തരത്തിൽ നഗരസഭാ തലത്തിൽ മെറ്റീരിയൽ കളക്ഷൻ സെന്റർ തയ്യാറാക്കാനോ വാടകക്ക് കെട്ടിടം ലഭ്യമാക്കാനോ നാളിത് വരെ സാധിച്ചിട്ടില്ല. നിലവിൽ മാലിന്യങ്ങൾ ശേഖരിച്ച് വെക്കുന്നതും സെഗ്രിഗേഷൻ, ബെയിലിംഗ് തുടങ്ങിയ പ്രവൃത്തികൾ നടക്കുന്നതും നഗരസഭയുടെ തന്നെ കെട്ടിടത്തിന്റെ ഒരു ഭാഗത്താണ് . ആയതു നേരിട്ടു പോയി കണ്ടതിൽ തരംതിരിക്കാനുള്ള മാലിന്യങ്ങൾ കുടുംബശ്രീ കാന്റീൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകൾ ഭാഗത്തും ബെയിലിംഗ് നടക്കുന്ന റൂമിന്റെ ചുറ്റുപാടുമായി കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ഇത്തരത്തിൽ മാലിന്യങ്ങൾ സൂക്ഷിക്കുന്നത് അപകടങ്ങൾ വിളിച്ചു വരുത്തും കടുത്ത ചൂടും കാന്റീനിലെ അടുക്കള പ്രവർത്തിക്കുമ്പോഴുള്ള ചൂടുമെല്ലാം പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തുന്നതിന് ഇടവരുത്തും. 56 പേരടങ്ങുന്ന വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന ഹരിതകർമ്മസേന ശേഖരിച്ചു വരുന്ന മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനും തരംതിരിക്കുന്നതിനുമായി എം സി എഫ് സ്ഥാപിക്കേണ്ടത് വളരെ പ്രാധാന്യത്തോടെ കാണേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) മാലിന്യ ശേഖരണത്തിനുള്ള പ്രധാന വരുമാനം ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന യൂസർഫീയാണ്. പ്രവർത്തന

മാർഗ്ഗരേഖ പ്രകാരം വീടുകളിൽ നിന്നുള്ള അജൈവ മാലിന്യ ശേഖരണത്തിന് നഗര പ്രദേശങ്ങളിൽ 70 രൂപയായും ഗ്രാമ പ്രദേശങ്ങളിൽ 50 രൂപയായും കടകളിലെ മാലിന്യ ശേഖരണത്തിന് 100 രൂപയായും നിജപ്പെടുത്തിയിട്ടുള്ളതാണ്. ഈ തുകയിൽ കുറവായി തദ്ദേശ സ്ഥാപനം യൂസർ ഫീ നിശ്ചയിക്കുന്നതെങ്കിൽ വിജ്ഞാപന തുകയും സേവന പ്രതിഫലതുകയും തമ്മിലുള്ള അന്തരം പരിഹരിക്കേണ്ടത് പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്തം ആയിരിക്കും എന്നും പ്രവർത്തന മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. എന്നാൽ നഗരസഭയിൽ വീടുകളിൽ നിന്നും 50രൂപയാണ് യൂസർ ഫീ ഈടാക്കുന്നത്. യൂസർ ഫീ ഈടാക്കുന്നതിൽ സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്.

3) മാലിന്യസംസ്കരണം തുടർച്ചയായി ചെയ്യ്ത് വരേണ്ട പ്രവൃത്തിയും നഗരസഭയുടെ അനിവാര്യ ചുമതലയിൽ പെട്ടതുമാണ്. 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം മാലിന്യ ശേഖരണത്തിന് നിശ്ചിത വലുപ്പത്തിലുള്ള സഞ്ചി/ ചാക്ക് ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പ്രോജക്റ്റ് തയ്യാറാക്കി ചാക്ക് /സഞ്ചി വാങ്ങി നൽകാൻ ഭരണസമിതി നടപടി സ്വീകരിച്ചില്ല.

4) യൂസർ ഫീ ഈടാക്കുന്നതിനായി പ്രത്യേകം രസീത് ബുക്കുകളും അച്ചടിച്ചിട്ടുണ്ട്. ടി രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നിലവിൽ എത്ര രശീതി ബുക്കുകൾ ബാക്കി നിൽക്കുന്നുവെന്നതിന് കൃത്യതയില്ല. രശീതി ബുക്കിൽ തുക മാനുവലായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ചില രശീതുകൾ പ്രകാരം 100/- രൂപയിൽ കൂടുതൽ പിരിച്ചെടുത്തതായും ശ്രദ്ധയിൽപെട്ടു. പിരിച്ചെടുത്ത തുകക്ക് വ്യക്തമായ കലക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

5) യൂസർഫീ കളക്ഷൻ എല്ലാ കളക്ഷൻ തീയതികളിലും പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്യ്തിട്ടില്ല.

6) ഹരിത കർമ്മസേന സംരംഭകർക്ക് കൃത്യമായ യൂസർഫീ ലഭിക്കുന്നതിന് വേണ്ട സാഹചര്യം ഒരുക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഇതിനായി പ്രദേശത്തെ വീടുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനവും കൺസോർഷ്യവും ചേർന്ന് ഒരു കരാർ വെക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം കരാർ വെച്ചിട്ടില്ല.

8) മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ ക്ലീൻ കേരള ക്ക് വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

10) ഹരിത കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18-ലെ 10394-D-2017/KSHOനമ്പർ ഉത്തരവിൽ വ്യക്തമാക്കിയതാണെങ്കിലും ഇപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ല.
ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( 45 /21-22 /20.03.2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

## 1-23 പരസ്യചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല.

ജി.ഒ.(ആർ.ടി)നം.288/14/ഐ &പി ആർ ഡി തീ.10.09.14 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൌണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യ്തിട്ടുണ്ട്. എന്നാൽ നഗരസഭ ഓഡിറ്റ് വർഷം നൽകിയ ചുവടെ ചേർത്തിരിക്കുന്ന ബില്ലുകളിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കുറവ് ചെയ്യാതെ മാധ്യമ സ്ഥാപനങ്ങൾ സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ച് നൽകുകയാണുണ്ടായത്.

| വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|
| 22101223/11.03.22 | 64,932 | നം. 321000094036/16.01.22- 14,840<br>നം. 321000089441/04.01.22- 10,600<br>മാതൃഭൂമി ദിനപത്രത്തിന് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക.<br>ബിൽനം. M A/21-22/2113/04.01.22 – 2800<br>സുപ്രഭാതം ദിനപത്രത്തിന് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക.<br>ഡോകുമെന്റ്നം.KOZKL130017937/16.01.22- 12,348<br>ഡോകുമെന്റ്നം.KOZKL130017866/04.01.22-10,080<br>ഡോകുമെന്റ്നം.KOZKL130018010/29.01.22- 11,760<br>എക്സ്പ്രസ് പബ്ലിക്കേഷൻസ് ,മധുരൈക്ക് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക. |

| | | |
|---|---|---|
| | | (മുഴുവൻ തുകയും ടാക്സ് കണക്കാക്കുന്നതിന് മുൻപുള്ള നെറ്റ് തുകയാണ്.വൗച്ചർ പ്രകാരമുള്ള തുക ടാക്സ് കൂടി ഉൾപ്പെട്ടതാണ്.) |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/2020-21/17.03.23)മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-24 ജലനിധി പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

നഗരസഭയിൽ വിവിധ ജലനിധി പദ്ധതികൾക്കായി താഴെ പറയും പ്രകാരം ജലനിധിയിൽ നിന്നുള്ള തുക സെക്രട്ടറി വിനിയോഗിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം/ തീയ്യതി | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 22100062/28.04.21 | 74,529 | കോരാട് , ചീർപ്പിങ്ങൽ ജലനിധി പദ്ധതികൾക്കായി ലെവൽ ആക്ഷൻ കമ്മറ്റിയുടെ (GPLAC)അക്കൗണ്ടിലേക്ക് നൽകിയ തുക |
| 2 | 22100063/28.04.21 | 3,72,650 | |
| 3 | 22100573/ 28.09.21 | 7,77,267 | കോന്നിപ്പാടം(3,26,252 രൂപ) ,ചെരിച്ചമ്മൽ(4,51,015രൂപ ) ജലനിധി പദ്ധതികൾക്കായി ലെവൽ ആക്ഷൻ കമ്മറ്റിയുടെ (GPLAC)അക്കൗണ്ടിലേക്ക് നൽകിയ തുക |

നഗരസഭ വിഹിതം കൂടി ഉൾപ്പെട്ടുള്ളതാണ് പദ്ധതി കൂടാതെ, ജലനിധി റീജനൽ ഡയറക്ടർ, മലപ്പുറത്തിന്റെ ഇതുസംബന്ധിച്ച കത്തിൽ (ഫയൽ നം.KRWSA-MLPM/228/2020-TA1) നഗരസഭയുടെ ജോയിന്റ് ആസ്തിയായി പ്രസ്തുത പദ്ധതികളെ നഗരസഭ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാനും നിയമാനുസൃത റിക്കവറികൾ (ഐ ടി, ജി എസ് ടി -ടിഡിഎസ്,കെ സി ഡബ്ലിയു ഡബ്ലിയു എഫ് എന്നിവ) നടത്തുവാനും നിർദ്ദേശിച്ചിരുന്നു. ആയവ പാലിച്ചതിന്റെ വിവരം , പ്രസ്തുത തുക പദ്ധതികൾക്കായി ചെലവഴിച്ചതിന്റെ വിവരം, നഗരസഭയിലെ വിവിധ ജലനിധി പദ്ധതികളുടെ വിവരം ,ഗുണഭോക്താക്കളുടെ എണ്ണം, നാളിതുവരെ പ്രസ്തുത പദ്ധതികൾക്കായി തുക ചെലവഴിച്ചതിന്റെ വിവരം , നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 9/21-22/16.03.23- മറുപടി ലഭ്യമാക്കിയില്ല.)

## 1-25 തനത് ഫണ്ടിൽ നിന്നും വൻതുക വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നു. ഫണ്ടിന്റെ അപര്യാപ്തത മൂലം പണം നൽകാനാവുന്നില്ല.

എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് ചാർജ് തുടങ്ങിയ അനിവാര്യ/പൊതു ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ തുക മാറ്റിവെച്ച ശേഷം മിച്ചം വരുന്ന തുകയാണ് വിഭവ സ്രോതസ്സായി തനത് ഫണ്ടായി പദ്ധതിയിൽ ഉൾപ്പെടുത്താൻ മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളത് . എന്നാൽ നഗരസഭയിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് വൻ തുക തനത് ഫണ്ട് വകയിരുത്തുകയും ഫണ്ടിന്റെ അപര്യാപ്തത മൂലം കരാറുകാർക്ക് ബിൽ തുക നൽകാനാവാത്ത അവസ്ഥയുമാണുള്ളത്. ഇക്കാരണത്താൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും ബിൽ തുക നൽകാനാവുന്നില്ല. 2021-22 വർഷം 3,51, 38, 578 രൂപ ഇപ്രകാരം മരാമത്ത് പ്രവൃത്തികൾക്കായി തനത് ഫണ്ട് വകയിരുത്തിയെങ്കിലും 79,80,648 രൂപ മാത്രമാണ് ചെലവഴിക്കാനായത് (സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം). ഇക്കാരണത്താൽ 60 ഓളം സ്പിൽഓവർ പ്രോജക്ടുകൾ നടപ്പാക്കാനായില്ല. ഓഡിറ്റ് വർഷം വിഭവ സ്രോതസ്സായി 35138578/-രൂപ കണക്കാക്കിയ പത്രിക പരിശോധനക്കായി ഹാജരാക്കേണ്ടതും വകയിരുത്തിയ തനത് ഫണ്ട് ചെലവഴിക്കാൻ കഴിയാതിരുന്നതിനും സ്പിൽഓവർ പ്രോജക്ടുകൾ വീണ്ടും സ്പിൽഓവർ ആയതിനും കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-26 നഗരസഭ ഓഫീസിലെ കമ്പ്യൂട്ടർ മറ്റു അനുബന്ധ സാധനങ്ങൾക്ക് എ എം സി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം. 18/22

നഗരസഭ ഓഫീസിലെ കമ്പ്യൂട്ടർ മറ്റു അനുബന്ധ സാധനങ്ങൾക്ക് എ എം സി

വിനിയോഗിച്ച തുക – 1,75,879 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. 22100631/11.10.21

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം നഗരസഭ ഓഫീസിലെ കമ്പ്യൂട്ടർ മറ്റു അനുബന്ധ സാധനങ്ങൾക്ക് എ എം സി ഇനത്തിൽ 1,75,879 രൂപ കെൽട്രോൺ കോഴിക്കോടിന് നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1).എ എം സി നൽകുന്നതുമായി ബന്ധപ്പെട്ട് നഗരസഭ കെൽട്രോണിന് സമർപ്പിച്ച പ്രപ്പോസൽ (സാധനങ്ങളുടെ പട്ടിക/മറ്റ് വിവരങ്ങൾ )

2.സ്ഥാപനവുമായി ഉടമ്പടിവെച്ചതിന്റെ വിവരം, മുൻ എ എം സിയുടെ വിവരം

3) എ എം സി കാലയളവിൽ നിർവ്വഹിച്ച പ്രവ്യത്തികളുടെ വിവരം.

4) നഗരസഭയിലെ മുഴുവൻ കമ്പ്യൂട്ടർ മറ്റു അനുബന്ധ സാധനങ്ങളുടെ സ്റ്റോക്ക് ,ഇഷ്യൂ വിവരം

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും ( നം. 8/2021-22/16.03.2023 )മറുപടി ലഭ്യമാക്കിയില്ല.രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ ചെലവുതുക 1,75,879 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-27 ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം 7 ഡി പി ആറുകളിലായി കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി ധനസഹായം അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും മുഴുവൻ ഗുണഭോക്താക്കളും വീട്ടു പണി പൂർത്തീകരിച്ചിട്ടില്ല. ഓഡിറ്റ് തിയ്യതി വരെയുള്ള കണക്കുകൾ പ്രകാരം 21.3.23 വരെയായി വിവിധ ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന 392ഗുണഭോക്താക്കൾ വീടുപണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

| തറ നിർമാണം പൂർത്തിയാക്കിയവർ | മേൽക്കൂര നിർമാണം പൂർത്തിയാക്കിയവർ |
|---|---|
| 230 | 162 |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 17/17.3.2023 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-28 സെക്രട്ടറിക്ക് വീട്ടുവാടക ബത്ത അനുവദിച്ചത് -₹ 12294 തിരിച്ചടച്ചു.

ധന(ചട്ടങ്ങൾ ) വകുപ്പിന്റെ 12.02.04 ലെ സർക്കലർ നം. 12/04 ,ധന വകുപ്പിന്റെ 26.02.92 ലെ (പി )218/92 ഉത്തരവ് എന്നിവ പ്രകാരം സർക്കാർ വക ക്വാർട്ടേഴ്സ്, ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ്, ടൂറിസ്റ്റ് ബംഗ്ലാവ് തുടങ്ങിയവയിൽ സൗജന്യ നിരക്കിൽ ഒരു മാസത്തിൽ 15 ദിനത്തിൽ കൂടുതൽ ഉപയോഗിച്ചാൽ പ്രസ്തുത ഉദ്യോഗസ്ഥന് വീട്ടുവാടക ബത്തക്ക് അർഹനല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ സെക്രട്ടറി ശ്രീ.സനന്ദ സിംഗ് ബി ക്ക് നഗരസഭ പ്രതിമാസം 9000 രൂപ നിരക്കിൽ ക്വാർട്ടേഴ്സ് റെന്റ് അനുവദിച്ചിട്ടുണ്ടെങ്കിലും വീട്ടു വാടക ബത്ത കുറവു ചെയ്യാതെ മുഴുവൻ ആനുകൂല്യങ്ങളും അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | വൗച്ചർനം./തീയ്യതി | അനുവദിച്ച റൂം വാടക | അനുവദിച്ച വീട്ടു വാടക ബത്ത (സ്പാർക്കിൽ നിന്നുള്ള സാലറി ഡ്രോൺ സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|---|
| 1 | 22100986/23.02.22 | 9000 (ജനുവരി 2022 ) | 4308 |
| 2 | 2210117/10.03.22 | 9,000 (ഫെബ്രുവരി 2022 ) | 4308 |
| 3 | 22101351/31.03.22 | 9,000 (മാർച്ച് 2022 ) | 4308 |

അപാകത പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയെ (നം. 7/2021-22/ 16.03.23)തുടർന്ന് 12924 രൂപ 01/122021100188/ 18.03.23 നം. രശീതി പ്രകാരം തനതുഫണ്ടിൽ തിരികെ അടവാക്കി . തുടർന്നുള്ള വർഷത്തിലും മേൽ അപാകത സംഭവിച്ചിട്ടുണ്ടെങ്കിൽ അധിക തുക കണക്കാക്കി തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-29 കെ എസ് ഇ ബി ക്ക് മുൻകൂർ നലകി- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. 233/22

നഗരസഭയിലെ വിവിധ റോഡുകളിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കലും ലൈൻ ദിർഘിപ്പിക്കലും ത്രീഫേസ് ലൈൻ വലിക്കലും

വിനിയോഗിച്ച തുക – 6,95,116രൂപ (തനത്ഫണ്ട്)

നിർവ്വഹണം -സെക്രട്ടറി

പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയും പ്രകാരം തുക കെ എസ് ഇ ബി ലേക്ക് അടവാക്കിയിട്ടുണ്ട് (ഏത് ഡിവിഷനിലേക്ക് എന്ന് വ്യക്തമല്ല.)

| ക്രമനം. | വൗച്ചർ നം. /തീയ്യതി | അടവാക്കിയ തുക |
|---|---|---|
| 1 | 22100793/31.12.2021 | 41,110 |
| 2 | 22100794/31.12.2021 | 15,158 |
| 3 | 22100795/31.12.2021 | 18,458 |
| 4 | 22100812/05.01.2022 | 13,973 |
| 5 | 22100813/05.01.2022 | 17,704 |
| 6 | 22100814/05.01.2022 | 65,580 |
| 7 | 22100815/05.01.2022 | 18,415 |
| 8 | 22100816/05.01.2022 | 1,18,475 |
| 9 | 22100817/05.01.2022 | 73,304 |
| 10 | 22100913/20.01.2022 | 15,409 |
| 11 | 22100989/03.02.2022 | 18,646 |
| 12 | 22100997/10.02.2022 | 13,468 |
| 13 | 22101124/25.02.2022 | 5,806 |
| 14 | 22101125/25.02.2022 | 7,221 |
| 15 | 22101179/10.03.2022 | 51,652 |
| 16 | 22101201/11.03.2022 | 23,811 |
| 17 | 22101202/11.03.2022 | 10,641 |
| 18 | 22101203/11.03.2022 | 42,672 |
| 19 | 22101204/11.03.2022 | 33,900 |
| 20 | 22101344/30.03.22 | 76,292 |
| | ആകെ | 6,81,695 |

ചെലവ് തുക – 6,95, 116

ബാക്കി തുക – 13,421

പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1)തുക കെ എസ് ഇ ബി യിൽ അടവാക്കിയതിന്റെ വിവരം.

2)ലഭ്യമാക്കാൻ അവശേഷിച്ച 13,421 രൂപ കൂടി ചെലവ് വിവരം,തുക കെ എസ് ഇ ബി യിൽ അടവാക്കിയതിന്റെ വിവരം.

3)പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെയും ,സ്ഥാപനവുമായി ഉടമ്പടിവെച്ചതിന്റെയും വിവരം

4)പ്രവ്യത്തി നടപ്പിലാക്കുന്നത് എവിടെയാണ് എന്ന് വ്യക്തമല്ല. .രേഖകൾ ലഭ്യമാക്കേണ്ടതാണ്.

5) പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്ന പ്രവ്യത്തികൾ ഏറ്റെടുക്കാനാണ് നഗരസഭകൾക്ക് അനുമതിയുള്ളത്. എന്നാൽ പ്രൊജക്റ്റ് പ്രകാരം ത്രീ ഫേസ് ലൈൻ വലിക്കുന്നതിന് പണം നൽകിയിട്ടുണ്ട്. വോൾട്ടേജ് ഇംപ്രൂവ്മെന്റ് എന്നത് കെ എസ് ഇ ബി യുടെ ചുമതലയാണ്. അതിനാൽത്തന്നെ വോൾട്ടേജ് ഇംപ്രൂവ്മെന്റിന് വേണ്ടി ത്രീ ഫേസ് ലൈൻ വലിക്കുന്നതിന് നഗരസഭ പണം ചെലവഴിക്കുന്നത് അംഗീകരിക്കാനാവില്ല. പ്രൊജക്റ്റ് പ്രകാരം ത്രീ ഫേസ് ലൈൻ വലിക്കുന്നത് ഏതെല്ലാം പ്രദേശങ്ങളിലാണ് എന്നതും അതിന്റെ ആവശ്യകതയും വ്യക്തമാക്കേണ്ടതാണ്.

5) പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ കെ എസ് ഇ ബി യിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം.

(ഓഡിറ്റ് എൻക്വയറി നം. 3/2021-22/ 16.03.23-മറുപടി ലഭ്യമാക്കിയില്ല.)രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.ആയത് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 6,95, 116 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-30 ഓവർഹെഡ് ചാർജ് അധിക നിരക്കിൽ അനുവദിച്ചു.34334 രൂപയുടെ അധികച്ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കടാംകോൾ കനാൽ സംരക്ഷണം- (വാർഡ്-10) എന്ന പ്രവൃത്തിക്ക് വേണ്ടി റോഡ് പ്രവ്യത്തികൾക്ക് ബാധകമായ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള എസ്റ്റിമേറ്റിൽ 15% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. കനാലിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി മുകളിൽ ബെൽറ്റ് നൽകി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത്. മേൽ പ്രവ്യത്തി റോഡ് നിർമ്മാണ പ്രവ്യത്തിയോ അതുമായി ബന്ധമുള്ള പ്രവ്യത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിൻ പ്രകാരം മൂല്യ നിർണ്ണയം നടത്തുകയും ചെയ്യതുമൂലം

ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് പേരും നമ്പരും | കടാംകോൾ കനാൽ നിർമ്മാണം<br>പ്രോജക്ട് നമ്പർ- 84/22 | |
| അടങ്കൽ/ ചെലവ് | 600000/441931 | |
| കരാറുകാരൻ | ശ്രീ. ഹാഫിസ് മുഹമ്മദ് ശുഹൈബ്.പി.വി. | |
| കരാർ നമ്പര് | AE/119/21-22/10.3.2022 (Estimate Rate) | |
| എം ബുക്ക് | 24/21-22 | |
| TS No | 46070/21-22 [CI 31.06%] | |
| വൗച്ചർ നമ്പർ | 22101333/30.3.2022 | |
| അധിക ചെലവിന്റെ വിവരം | | |
| ഇനം, അളവ് | നൽകിയ തുക [Mord 2016 പ്രകാരം] | നൽകാവുന്ന തുക [DSR 2016 പ്രകാരം] |
| എർത് വർക് എസ്കവേഷൻ [61.875 $M^3$] | 14843.81/-<br>[61.875$m^3$ @239.90/$m^3$ _ Code 3.5.1] | 13493.7/-<br>[61.875$m^3$ @218.08/$m^3$ _ Code 2.8.1] |
| ഡ്രൈറബ്ൾ മേസനറി [130.74$m^3$] | 358172.69/-<br>[130.74 $M^3$ @2739.58/$m^3$ _ Code OD] | 328867.32/-<br>[130.74 $M^3$ @2515.43/$m^3$ _ Code 60.7.1] |
| സിമന്റ് കോൺക്രീറ്റ് [2.63 $M^3$ ] | 21564.89/-<br>[2.63 $M^3$ @8199.58 /$M^3$ _ Code 11.4.4] | 18895.60/-<br>[2.63 $M^3$ @ 7184.64 /$M^3$ _ Code 4.1.3] |
| സെന്ററിങ് [2*52.5m * 0.10 M= 10.5$m^2$ ] | - | 2668.99/-<br>[ 10.5 $M^2$ @254.19 /$M^2$ _ Code 4.3.1] |
| ആകെ | 441931/-<br>[Ie, 394581+ 12% GST] | 407597/-<br>[Ie, 363926+ 12% GST] |
| അധികം നൽകിയ തുക | 34334/- [Ie, 441931 - 407597] | |

അധിക ചെലവിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [36/21-22/20.3.2023] മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 34334/- രൂപ തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-31 ഡ്രൈനേജ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റിംഗിന് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകി-16033 രൂപയുടെ അധികച്ചെലവ്

ചുവടെ ചേർത്തിട്ടുള്ള ഡ്രൈനേജ് പ്രവൃത്തികളിൽ മോർഡ് സ്പെസിഫിക്കേഷനിലെ 11.4.1.1 പ്രകാരം ഫോം വർക്കുള്ള (സെൻററിംഗ് & ഷെട്ടറിംഗ്) കോൺക്രീറ്റിംഗിന്റെ നിരക്കിലാണ് (6974.53/$m^2$ – DSR-2016, Cost Index @ 31.06% & 7841.67/$m^2$ – DSR-2018, Cost Index @ 36.44%,) എസ്റ്റിമേറ്റ് തയ്യാറാക്കുകയും, മൂല്യ നിർണ്ണയം നടത്തി കരാറുകാർക്ക് തുക നൽകുകയും ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തികളിൽ ഡ്രൈനേജിന്റെ മുഴുവൻ വീതിയിലും കോൺക്രീറ്റ് പ്രവൃത്തി ചെയ്യതിനാൽ ഫോം വർക്കിന്റെ ആവശ്യകതയില്ല. ഫോം വർക്ക് ഇല്ലാത്ത ഇനത്തിന് ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് (6706.25/$m^2$ - Cost Index @ 31.06% & 7540.07/m2 -Cost Index @ 36.44%) നൽകേണ്ടത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തിയത് മൂലം നഗരസഭാ ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പ്രൊജക്ട് | കൈനാട്ടിൽ തറ ഡ്രൈനേജ് നിർമ്മാണം<br>(316/22) |
| | അടങ്കൽ/ ചെലവ് | 234000/131492 (Plan SCP) |
| | കോസ്റ്റ് ഇൻഡക്സ് | 31.06% |
| | ടി.എസ്.നം. | 30733/20-21 |

| | | |
|---|---|---|
| കരാർ | AE/360/20-21/11.8.20 | |
| എം ബുക്ക് | 171/20-21 | |
| വൗച്ചർ | 22100868/05.11.2021 | |
| കരാറുകാരൻ | ശ്രീ. നിസാർ അഹമ്മദ്.സി (19.7% Below) | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 29293/-(4.2* 6974.53 )<br>(-) 19.70 % Below<br>= 23522 | 28166 (4.2*6706.25)<br>(-) 19.70% Below<br>= 22617 | 905+ 12% GST= 1014 |

| | | | |
|---|---|---|---|
| 2 | പ്രൊജക്റ്റ് | തേറുകുളം ഡ്രൈനേജ് കം സ്ലാബ്<br>(367/22) | |
| | അടങ്കൽ/ ചെലവ് | 154000/148682 (Plan General) | |
| | കോസ്റ്റ് ഇൻഡക്സ് | 31.06% | |
| | ടി.എസ്.നം. | 119870/2019-20 | |
| | കരാർ | AE/342/20-21/23.7.20 | |
| | എം ബുക്ക് | 242/20-21 | |
| | വൗച്ചർ | 22100845/03.11.2021 | |
| | കരാറുകാരൻ | ശ്രീ. സി. നിസാർ (Estimate Rate) | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 20435/-(2.93*6974.53) | 19649 /- (2.93*6706.25) | 786+ 12% GST= 880 |

| | | | |
|---|---|---|---|
| 3 | പ്രൊജക്റ്റ് | ജയകേരള കാളികാവ് റോഡ് ഡ്രൈനേജ് പൂർത്തീകരണവും സ്ലാബിടലും<br>(358/22) | |
| | അടങ്കൽ/ ചെലവ് | 490000/438987 (Plan General) | |
| | കോസ്റ്റ് ഇൻഡക്സ് | 31.06 | |
| | ടി.എസ്.നം. | 112415/2019-20 | |
| | കരാർ | AE/299/20-21/2.6.2020 | |
| | എം ബുക്ക് | 39/2019-20 | |
| | ബിൽ നം. | 34/16.11.2021 | |
| | കരാറുകാരൻ | ശ്രീ. എൻ. മുഹമ്മദ്.(Estimate Rate) | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 40424/-(5.796*6974.53) | 38869/- (5.796*6706.25) | 1555+ 12% GST= 1742 |

| | | | |
|---|---|---|---|
| 4 | പ്രൊജക്റ്റ് | ന്യൂകട്ട് കൊഴുമ്മൽ റോഡ് ടാറിംഗ് ആൻറ് സൈഡ് വാൾ<br>(530/22) | |
| | അടങ്കൽ/ ചെലവ് | 495000/432005 (Plan SCP) | |
| | കോസ്റ്റ് ഇൻഡക്സ് | 36.44% | |
| | ടി.എസ്.നം. | 93022/2021-22 | |
| | കരാർ | AE/126/21-22/19.3.2022 | |
| | എം ബുക്ക് | 43/21-22 | |
| | ബിൽ നമ്പർ | 72/31.3.2022 | |
| | കരാറുകാരൻ | ശ്രീ. ഇസ്മായിൽ. കെ.(Estimate Rate) | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |

| | | | |
|---|---|---|---|
| | 25564/-(3.26*7841.67) | 24581- (3.26*7540.07) | 983+ 12% GST= 1101 |

| | | | |
|---|---|---|---|
| 5 | പ്രൊജക്റ്റ് | അമവട്ടം ഡ്രൈനേജ് സെക്കന്റ് റീച്ച് (523/22) | |
| | അടങ്കൽ/ ചെലവ് | 300000/299303 (Plan SCP) | |
| | കോസ്റ്റ് ഇൻഡക്സ് | 31.06% | |
| | ടി.എസ്.നം. | 92966/2021-22 | |
| | കരാർ | AE/125/21-22/19.3.2022 | |
| | എം ബുക്ക് | 46/21-22 | |
| | ബിൽ നമ്പർ | 73/31.3.2022 | |
| | കരാറുകാരൻ | ശ്രീ. ഹാഫിസ് മുഹമ്മദ് ശുഹൈബ്(Estimate Rate) | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 67932/-(8.663*7841.67) | 65320/- (8.663*7540.07) | 2612+ 12% GST= 2925 |

| | | | |
|---|---|---|---|
| 6 | പ്രൊജക്റ്റ് | കൊട്ടന്തല അമവട്ടം ഡ്രൈനേജ് കം ഫൂട്ട്പാത്ത് (507/22) | |
| | അടങ്കൽ/ ചെലവ് | 495000/495000 (Plan SCP) | |
| | കോസ്റ്റ് ഇൻഡക്സ് | 36.44% | |
| | ടി.എസ്.നം. | 82970/2021-22 | |
| | കരാർ | AE/111/21-22/3.3.2022 | |
| | എം ബുക്ക് | 341/20-21 | |
| | ബിൽ നമ്പർ | 69/31.3.2022 | |
| | കരാറുകാരൻ | ശ്രീ. മുഹമ്മദ് എന്ന കുഞ്ഞു .ഇ.പി. (Estimate Rate) | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 161852/-(20.64*7841.67) | 155627/- (20.64*7540.07) | 6225+ 12% GST= 6972 |

| | | | |
|---|---|---|---|
| 7 | പ്രൊജക്റ്റ് | എടവണ്ണത്തറ ഫൂട്ട്പാത്ത് കം ഡ്രൈനേജ് (54/22) | |
| | അടങ്കൽ/ ചെലവ് | 280000/275981 (Plan SCP) | |
| | കോസ്റ്റ് ഇൻഡക്സ് | 36.44% | |
| | ടി.എസ്.നം. | 59219/2021-22 | |
| | കരാർ | AE/48/21-22/31.12.2021 | |
| | എം ബുക്ക് | 21/2021-22 | |
| | ബിൽ നമ്പർ | 60/31.3.2022 | |
| | കരാറുകാരൻ | ശ്രീ. നിസാർ.സി.(Estimate Rate) | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 32465/-(4.140*7841.67) | 31216/- (4.140*7540.07) | 1249+ 12% GST= 1399 |
| ആകെ | | | 16033 |

അധികച്ചെലവ് വന്ന 16033 രൂപ മേൽ കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഖണ്ഡിക-3-2 കൂടി കാണുക)

## 1-32 ടെണ്ടർ വേരിയേഷൻ കുറവ് ചെയ്തില്ല. 16245രൂപ കരാറുകാരന് അധികം നൽകി

പ്രോജക്ടിന്റെ പേര്- കെ.ടി. നഗർ കോളനി ഫുട്പാത്ത് കോൺക്രീറ്റിംഗ് (വാർഡ്-28)

പ്രോജക്ട് നമ്പർ- 378/22

സാങ്കേതികാനുമതി- 100000

സാങ്കേതികാനുമതി നമ്പർ-43834/20-21

Cost Index- 31.06%

കരാറുകാരൻ- ശ്രീ. നിസാർ അഹമ്മദ്

ക്വാട്ട് ചെയ്ത നിരക്ക് - 18.9 % Below

AE/398/20-21, തി-19.10.2020

ചെലവ് തുക- 85954 രൂപ

ബിൽ നമ്പർ- 29/9.11.2021

മേൽ പ്രവൃത്തിക്ക് 9.9.2020 ന് കരാറുകാരൻ സമർപ്പിച്ച ടെണ്ടർ 11.9.2020 ന് നഗരസഭ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ടറിൽ മേൽ കരാറുകാരൻ ക്വാട്ട് ചെയ്തിരുന്നത് 18.9 % Below ആയിരുന്നു. ടി-യാന് വേണ്ടി കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ശ്രീ. ഹാഫിസ് മുഹമ്മദ് ശുഹൈബ് പി. എന്നയാളെ അധികാരപ്പെടുത്തി നോട്ടറി സാക്ഷ്യപത്രം (Special Power Of Attorney) ഹാജരാക്കുകയും ബിൽ തുക ശ്രീ. ഹാഫിസ് മുഹമ്മദ് ശുഹൈബിന് നൽകുകയും ചെയ്തു. എന്നാൽ ടി-യാന് ബിൽ തുക നൽകിയപ്പോൾ ടെണ്ടർ വേരിയേഷൻ കുറവ്ചെയ്യാത്തതിനാൽ കരാറുകാരന് അധിക തുക നൽകാൻ കാരണമാകുകയും പ്രവൃത്തിക്ക് അധികച്ചെലവ് വരികയും ചെയ്തു.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| കരാറുകാരന് നൽകിയ തുക | അർഹമായ തുക | അധികം |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം -76745<br>(+) GST 12% - 9209<br>ആകെ 85954 | ആകെ പ്രവൃത്തി മൂല്യം - 76745<br>(-) ടെണ്ടർ കുറവ്-18.9%- 14505<br>62240<br>(+) GST 12% - 7469<br>ആകെ 69709 | 16245 |

അധികം നൽകിയ 16245 രൂപ തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്. (ഖണ്ഡിക-3-3 കൂടി കാണുക)

## 1-33 പ്രവൃത്തികൾ പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞ് പെയ്മെന്റ് നൽകുന്നു.

അസി എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വർഷങ്ങൾക്ക് മുമ്പ് പൂർത്തീകരിച്ച പ്രവൃത്തികൾക്ക് ഓഡിറ്റ് വർഷത്തിൽ പെയ്മെന്റ് നൽകിയതായി കാണുന്നു. പെയ്മെന്റ് നൽകാൻ കാലതാമസം വന്നതിന് കാരണം വ്യക്തമല്ല. തനത് ഫണ്ട് വകയിരുത്തിയ പ്രവൃത്തികൾക്കാണ് പെയ്മെന്റ് നൽകാതിരുന്നത്. മാത്രമല്ല പിന്നീട് തുക നൽകിയിട്ടുള്ളത് പദ്ധതി ഫണ്ടിൽ നിന്നുമാണ് .ടി പ്രവൃത്തികളുടെ കരാറുകാരുമായുള്ള എഗ്രിമെന്റുകളിലെ 13ാം നമ്പർ വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ അളവെടുത്ത് ബില്ലെഴുതുകയും ബില്ല് ലഭിച്ച് ഒരാഴ്ചക്കുള്ളിൽ പണം നൽകുന്നതാണെന്നും കരാർ വെച്ചിട്ടുള്ളതാണ്. പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ ടെണ്ടർ ഷെഡ്യൂളിലെ നിബന്ധനകൾ പാലിച്ച് യഥാസമയം എഗ്രിമെന്റ് വെച്ച് സൈറ്റ് ഏറ്റെടുക്കുകയും നിർവ്വഹണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചതുമാണ്. എന്നാൽ കരാറുകാർക്ക് ബിൽ തുക നൽകുന്നത് ഒരു വർഷം കഴിഞ്ഞാണ്.

പ്രവൃത്തികളുടെ വിശദ വിരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരന് നൽകിയ തുക/ ചെക്ക് നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | സദ്ദാം ബീച്ച് കുരുളിൽപാടം റോഡ് ഡ്രൈനേജ്<br>പ്രോജക്ട് നമ്പർ- 404/22<br>അടങ്കൽ- 150000<br>ഫണ്ട്- തനത്<br>കരാറുകാരൻ- -<br>ശ്രീ. അബ്ദുൽ ലതീഫ് , | 132849<br>ബിൽ നമ്പർ- 52/3.3.2022 | പ്രവൃത്തി 12.1.2021 ന് പൂർത്തീകരിച്ചതായി അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എഗ്രിമെന്റ്- 112/3.11.2020<br>അളവ് പുസ്തകം- 235/20-21 | | |
| 2 | അരയൻ കടപ്പുറം അങ്കണവാടി പൂർത്തീകരണം<br>പ്രോജക്ട്- 282/22<br>അടങ്കൽ-413370<br>കരാറുകാരൻ- ശ്രീ. നിസാർ അഹമ്മദ്. സി<br>അളവ് പുസ്തകം- 141/17-18<br>എഗ്രിമെന്റ്- 68A/10.3.2018<br>ചെലവ് തുക- 286140 | 207821 ( പാർട്ട് ബിൽ 2018-19 ൽ നൽകി)<br>ഫൈനൽ ബിൽ- 78319 രൂപ<br>ബിൽനമ്പർ- 54/16.3.2022 | പ്രവൃത്തി 20.12.2019 ന് പൂർത്തീകരിച്ചതായി അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |

പെയ്മെന്റ് നൽകുന്നതിന് കാലതാമസം വരാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-39/21-22/20.3.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-34 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക നഗരസഭാ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടറിന്റെ ഭാഗമായി നഗരസഭയ്ക്ക് ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച വരവ് തുക നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് യഥാസമയം ക്രഡിറ്റ് ചെയ്യാതെ അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ .ലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 67167389963, എസ്.ബി.ഐ, പരപ്പനങ്ങാടി- ഐ. എഫ് .എസ് .സി -SBIN0001153) സൂക്ഷിച്ചിരിക്കുകയാണ്. അക്കൗണ്ടിൽ 12.3.2023 ന് 2,95,119.50 രൂപ ഈയിനത്തിൽ അവശേഷിക്കുന്നുണ്ടെന്ന് കാണുന്നു. 4.4.2022 ന് ശേഷം അക്കൗണ്ടിൽ നിന്നും പണം ട്രാൻസ്ഫർ ചെയ്തിട്ടില്ല. നഗരസഭയുടെ വാർഷിക കണക്കിൽ പ്രതിഫലിക്കാത്ത മേൽ ബാങ്ക് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നത് ക്രമ പ്രകാരമുള്ള നടപടിയല്ല. മാത്രമല്ല കറന്റ് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നത് കൊണ്ട് നഗരസഭയ്ക്ക് പലിശയിനത്തിൽ നഷ്ടം വരുന്നുമുണ്ട്. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ വരവുള്ള തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യേണ്ടതാണ്. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 2,95,119 രൂപ 16.3.2023 ന് നഗരസഭാ ഫണ്ടിൽ അടവാക്കി.

ടെണ്ടർ ഫീ ഇനത്തിലുള്ള വരവുകൾ സമയ ബന്ധിതമായി നഗരസഭാ ഫണ്ടിലേക്ക് മാറ്റേണ്ടതാണ്.

## 1-35 തെരുവ് വിളക്ക് റിപ്പയർ - രേഖകൾ ലഭ്യമാക്കിയില്ല.

വൗച്ചർ നം. 22100208/02.07.21 പ്രകാരം 3,44,750 രൂപ ശ്രീ.ഹുമയൂൺ കബീർ അൽഫ ഇലക്ട്രിക്കൽസ് പരപ്പനങ്ങാടി എന്ന സ്ഥാപനമുടമക്ക് തനതുഫണ്ടിൽ നിന്നും സെക്രട്ടറി നൽകിയിട്ടുണ്ട്. 985 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് മുനിസിപ്പൽ കൗൺസിലിന്റെ 28.04.21 ലെ Xx -ാം നം. തീരുമാനപ്രകാരമാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ തുക നൽകിയതിന്റെ വിവരം ഒഴികെ ഫയൽ/ബന്ധപ്പെട്ട രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.ആയതു സംബന്ധിച്ച താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1)സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി സംബന്ധിച്ച ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011 പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

I)സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഐ എസ് ഐ മാർക്കുള്ളവയാകണം

Ii)കെ എസ് ഇ ബി നിരക്കിനെക്കാൾ ഉപകരണങ്ങളുടെ തുക അധികരിക്കുവാൻ പാടില്ല.

Iii)കെ എസ് ഇ ബി യുടെ സൂപ്പർ വിഷനിൽ പ്രവർത്തികൾ ചെയ്യണം.

Iv) പദ്ധതി ആരംഭിക്കുന്നതിനു മുൻപ് ആയവ സംബന്ധിച്ച് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിച്ചതിന്റെ വിവരം/രേഖകൾ.

2)തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുതിന് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ,എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെയും പ്രവൃത്തി ചെയ്യുന്നതിന് ടിയാനുള്ള യോഗ്യത സംബന്ധിച്ചുമുള്ള വിവരം.

3)ശ്രീ.ഹുമയൂൺ കബീർ അൽഫ ഇലക്ട്രിക്കൽസ് പരപ്പനങ്ങാടി എന്ന സ്ഥാപനമുടമയെ തെരഞ്ഞെടുത്തതിന് ജി ഒ (പി )നം. 03/2013/ എസ് പി ഡി തീ.21.06.2013 (കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013) പ്രകാരമുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം

4) ഏതിനം തെരുവുവിളക്കുകളാണ് റിപ്പയർ നടത്തിയത് എന്നത് സംബന്ധിച്ച വിവരം ,ടിയാൻ പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും , പ്രവൃത്തി മൂല്യനിർണ്ണയം നടത്തിയതിന്റെയും വിവരം, കെ എസ് ഇ ബിയിൽ നിന്നുള്ള ഇൻസ്റ്റാളേഷൻ സർട്ടിഫിക്കറ്റ് .കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയ ശേഷം മാത്രമേ പ്രവൃത്തി നടത്താവൂ എന്ന് സ.ഉ(സാധാ)നം.3140/2015/തസ്വഭവ തി.16.10.2015 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്.വിവരം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.13/2021-22/16.03.23 )മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 3,44,750 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-36 സാക്ഷരത പ്രേരക്മാർക്ക് തനത് ഫണ്ടിൽ നിന്നും വേതനം - തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

താഴെ പറയും പ്രകാരം 2021-22 വർഷത്തിൽ സാക്ഷരതാ പ്രേരക്മാർക്ക് തനതുഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്.

| വൗച്ചർനം / തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 22100094/05.05.21 | 35,200 | ശ്രീ. സുബ്രഹ്മണ്യൻ എ , ശ്രീമതി. സുബൈദ എന്നിവർക്ക് 12/20, 01/21 എന്നീ മാസങ്ങളിലെ വേതനം ഇനത്തിൽ യഥാക്രമം 8400രൂപ ,9200രൂപ എന്നിങ്ങനെ നൽകിയത് |
| 22100366/12.08.21 | 38,400 | ശ്രീ. സുബ്രഹ്മണ്യൻ എ , ശ്രീമതി. സുബൈദ എന്നിവർക്ക് 02/21, 03/21 എന്നീ മാസങ്ങളിലെ വേതനം ഇനത്തിൽ യഥാക്രമം 9200രൂപ ,10,000രൂപ എന്നിങ്ങനെ നൽകിയത് |

തുക നൽകിയതിന്റെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തുക ക്രമീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 35/2021-22/20.03.23 – മറുപടി ലഭ്യമാക്കിയില്ല.)

## 1-37 വിവിധ എസ് സി കോളനികളിലേക്ക് ലൈൻ വലിക്കലും പോസ്റ്റ് മാറ്റിവെക്കലും - രേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. 518/22

വിവിധ എസ് സി കോളനികളിലേക്ക് ലൈൻ വലിക്കലും പോസ്റ്റ് മാറ്റിവെക്കലും

വിനിയോഗിച്ച തുക – 2,35,621 രൂപ (പ്ലാൻ -എസ് സി പി )
നിർവ്വഹണം – സെക്രട്ടറി
BRN -21150647002001523778/30.03.22 – 1,57,529 രൂപ

BRN -21150647002001523വ്വംന്/30.03.22 – 78,092 രൂപ

മേൽ പ്രകാരം വിവിധ എസ് സി കോളനികളിലേക്ക് ലൈൻ വലിക്കലും പോസ്റ്റ് മാറ്റിവെക്കലും പദ്ധതിയിനത്തിൽ കെ എസ് ഇ ബിയിലേക്ക് തുക അടവാക്കിയതായി ഫയലിൽ ഉണ്ട്. എന്നാൽ തുക ഏതു കെ എസ് ഇ ബി ഓഫീസിലേക്ക് ഏതെല്ലാം എസ് സി കോളനികളിലേക്ക് ലൈൻ വലിക്കലും പോസ്റ്റ് മാറ്റിവെക്കലും നടത്തുന്നതിനെന്നോ ,തുക അടവാക്കിയതിന്റെ വിവരം, പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ,ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ,പൂർത്തീകരണ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. അപാകത പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.27/2021-22/18.03.23)മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 2,35,621 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-38 സോളിഡ് വെസ്റ്റ് മാനേജ്മെന്റ് ഡി പി ആർ - വിവരം ലഭ്യമാക്കിയില്ല.

വൗച്ചർ നം. 22100314/28.07.2021 പ്രകാരം 1,63,088 രൂപ കേരള സർക്കാർ സ്പോൺസർ ചെയ്ത സ്വയം ഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് തൈക്കാട് ,തിരുവനന്തപുരത്തിന് സോളിഡ് വെസ്റ്റ് മാനേജ്മെന്റ് ഡി പി ആർ തയ്യാറാക്കുന്നതിനായി പ്രഫഷണൽ ചാർജിനത്തിൽ 50% തുക (ആകെ തുകയായ 326,177രൂപയുടെ 50 %)സെക്രട്ടറി തനത്

ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സ്ഥാപനം തെരഞ്ഞടുത്തതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനമെടുത്തതിനിന്റെ വിവരം,സ്ഥാപനവുമായി ഉടമ്പടിവെച്ചതിന്റെ വിവരം, മുഴുവൻ തുകയും നൽകിയതിന്റെയും ഡി പി ആർ തയ്യാറാക്കിയതിന്റെയും വിവരം, 1961 ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 194 ജെ പ്രകാരം 30,000രൂപക്ക് മുകളിൽ 10% ഐ ടി ഈടാക്കേണ്ടതുണ്ട് ആയത് ഈടാക്കിയതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 32/2021-22/20.03.23 – മറുപടി ലഭ്യമാക്കിയില്ല.)

## 1-39 ദുരിതാശ്വസ നിധിയുടെ പ്രവർത്തനം സംബന്ധിച്ച്

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരിക്കലും വിനിയോഗവും )ചട്ടങ്ങൾ ചട്ടം 3 പ്രകാരം പേമാരി ,വെള്ളപ്പോക്കം ,പ്രകൃതിക്ഷോഭം ,അഗ്നിബാധ കൊടുങ്കാറ്റ് ,കടലാക്രമണം, അത്യാഹിതം മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതം അനുഭവിക്കുന്നവരും നഗരസഭാ പ്രദേശത്ത് നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി നഗരസഭാ കൗൺസിലിന്റെ ഒരു പ്രമേയം മൂലം നഗരസഭാ ഫണ്ടിൽ പ്രത്യേകം വരവുവെച്ച് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും ആയത് ചെയർമാന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

ദുരിതാശ്വാസ നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ /സഹകരണ ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിച്ച പോരേണ്ടതുമാണ്. (ചട്ടം. 3(4))

ചട്ടം4(2)പ്രകാരം നിധിയിൽ നിന്നും ധനസഹായം ലഭിക്കാൻ ആഗ്രഹിക്കുന്നവർ നഗരസഭാ അധ്യക്ഷന് അപേക്ഷ നൽകേണ്ടതും ,4(4) പ്രകാരം അപേക്ഷയിൽ ആവശ്യമായ അന്വഷണം നടത്തണം .

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 565-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഇത് വിജ്ഞാപനത്തിന്റെ ഭാഗമുള്ളതല്ലെന്നും പരാമർശിച്ചിട്ടുണ്ട്. ഈ ഉദ്യേശത്തിന് പ്രത്യേക ബൈലോ ഉണ്ടാക്കേണ്ടതുണ്ട്.

നഗരസഭയിൽ ഈ ആവശ്യത്തിനായി പരപ്പനങ്ങാടി സർവ്വീസ് സഹകരണ ബാങ്കിൽ ഒരു അക്കൗണ്ട് (നം. 8214) ആരംഭിച്ചിട്ടുള്ളതും തൻവർഷം വൗച്ചർ നം. 22100459 To 475 / 01.09.21 പ്രകാരം 41,500രൂപ 17 പേർക്കും,22100110 മുതൽ 248 / 07.07.21 പ്രകാരം 1,03,500രൂപ 39 പേർക്കും ദുരിതാശ്വാസ നിധിയിൽ നിന്നും നൽകിയിട്ടുണ്ട്. 1500 രൂപ മുതൽ 2000 രൂപ വരെയാണ് എല്ലാവർക്കും അനുവദിച്ചിട്ടുള്ളത്.അപേക്ഷകൾ പരിശോധിച്ചതിൽ ചിക്തസ ആവശ്യങ്ങൾക്കാണ് 100% തുകയും നൽകിയിട്ടുള്ളത് . അപേക്ഷയിൽ വിശദമായ അന്വേഷണം നടത്തി വിവരം രേഖപ്പെടുത്തുന്നില്ല.1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 565-ാം വകുപ്പ് (1)-ാം ഉപവകുപ്പ് അനുശാസിക്കും പ്രകാരം ബൈലോ രൂപീകരിച്ചിട്ടില്ല. ആയതിനാൽ വിവിധ ആവശ്യങ്ങൾക്ക് അനുവദിക്കുന്ന തുകയുടെ തോത് നിശ്ചയിക്കുന്നത് എപ്രകാരമെന്ന് വ്യക്തമല്ല.

ചട്ടം 4(5) പ്രകാരം സന്ദർഭം ആവശ്യപ്പെടുന്ന പക്ഷം അടിയന്തിരഘട്ടങ്ങളിൽ അപേക്ഷയുടെ അഭാവത്തിൽ തന്നെ 500രൂപ വരെ നഗരസഭ അധ്യക്ഷന് അർഹനനായ വ്യക്തിക്ക് ധനസഹായം നൽകാവുന്നതാണ്. അല്ലാത്ത സന്ദർഭത്തിൽ തുക തീരുമാനിക്കുന്നത് ബൈലോ അടിസ്ഥാനമാക്കിയായതിനാൽ അടിയന്തിരമായി ബൈലോ തയ്യാറാക്കി അംഗീകാരം നേടുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. നിലവിൽ വിവാഹ രജിസ്ട്രേഷൻ അപേക്ഷകരിൽ നിന്നും പിരിക്കുന്ന100രൂപ യൂസർ ഫീസ് മാത്രമാണ് ദുരിതാശ്വാസ നിധിയിലേക്കുള്ള വരുമാനം. 31.03.2022 ന് പ്രസ്തുത അക്കൗണ്ടിൽ 1,51,548 രൂപ നീക്കിയിരിപ്പുണ്ട്. ദുരിതാശ്വാസ നിധിയിലേക്ക സ്പോൺസർഷിപ്പിലൂടെയും മറ്റ മാർഗ്ഗങ്ങളിലൂടെയും ധനസമാഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതും നിധിയുടെ പ്രവർത്തനം കുറ്റമറ്റതാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 51/2021-22/21.03.23 – മറുപടി ലഭ്യമാക്കിയില്ല.)

## 1-40 വാഹന പരിപാലനം-അപാകതകൾ

ജി.ഒ.(എം.എസ്) 170/07/ത.സ്വ.ഭ.വ തിയതി 30.06.2007 ഉത്തരവ് പ്രകാരം നഗരസഭയിലെ എല്ലാ വാഹനങ്ങളുടേയും കസ്റ്റോഡിയൻ നഗരസഭാ സെക്രട്ടറിയാണ്. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയന്റെ ചുമതലയാണ്. 2020 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റിയിലെ വാഹനങ്ങളുടെ ഉപയോഗക്രമം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

നഗരസഭയിൽ നിലവിലുള്ള വാഹനങ്ങൾ താഴെ പറയുന്നവയാണ്.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾസ് 2007 9 (2) പ്രകാരം ഇടപാടുകൾക്കാധാരമായ എല്ലാ രേഖകളുടെയും ആമുഖപത്രമായി വൗച്ചർ വെയ്ക്കേണ്ടതാണ്.

| ക്രമ നമ്പർ | വാഹനം | ഉപയോഗത്തിന്റെ തരം |
|---|---|---|
| 1 | KL-65 S 2130 Mahindra Tipper | ശുചീകരണം |
| 2 | KL 55 7969<br>2006 Model Tavera | എഞ്ചിനീയറിംഗ് വിഭാഗം |
| 3 | KL-65 R 9561 | നഗരസഭ അധ്യക്ഷന്റെ ഉപയോഗം |

| | | |
|---|---|---|
| | Matuthi Ertiga | |
| 4 | KL10 G 3485 Tipper | ശുചീകരണം (ഉപയോഗിക്കുന്നില്ല) |
| 5 | KL 65 G 7740<br>Etios Toyota Car | ഓഫീസ് ഉപയോഗത്തിന് |

മേൽ വാഹനങ്ങളിൽ KL 65 G 7740 Etios Toyota Car നഗരസഭ ചെയർമാൻ ഉപയോഗിച്ചിരുന്ന വാഹനമാണ് നിലവിൽ ഓഫീസ് ഉപയോഗത്തിന് ഉപയോഗിക്കുന്നത്. KL-65 R 9561 Matuthi Ertiga തൻവർഷം നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഉപയോഗത്തിന് തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി വാങ്ങിയ വാഹനം പക്ഷേ KL 55 7969 2006 Model Tavera വാഹനം എഞ്ചിനീയറിംഗ് വിഭാഗത്തിന് വിട്ടുകൊടുത്ത് നിലവിൽ നഗരസഭാ ചെയർമാൻ ഉപയോഗിക്കുകയാണ് ചെയ്യുന്നത്.നഗരസഭയിലെ മറ്റൊരു പ്രധാനപ്പെട്ട വിഭാഗമായ ആരോഗ്യ വിഭാഗത്തിന് നിലവിൽ വാഹനമില്ല.

വാഹനങ്ങളുടെ ഫയലുകൾ, ലോഗ് ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് ചട്ടം 4 ൽ പ്രതിപാദിക്കുന്ന താഴെ പറയുന്ന രജിസ്റ്ററുകൾ അതാത് മാതൃകയിൽ സൂക്ഷിച്ചിട്ടില്ല.

I. റിപ്പയർ രജിസ്റ്റർ (അനുബന്ധം Iii) മാതൃകയിൽ തയ്യാറാക്കിയിട്ടില്ല.

Ii. സ്പെയർ പാർട്ടുകളുടെ സ്റ്റോക്ക് രജിസ്റ്റർ (അനുബന്ധം Iii) മാതൃകയിൽ സൂക്ഷിക്കുന്നില്ല.

Iii. ഇന്ധന ഓയിൽ സ്റ്റോക്ക് രജിസ്റ്റർ (അനുബന്ധം V) മാതൃകയിൽ സൂക്ഷിക്കുന്നില്ല.

IV. പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവക്കുള്ള ഓർഡർ ബുക്ക് തയ്യാറാക്കിയിട്ടില്ല.

V. ഇന്ധനത്തിന്റെയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

2). ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ്

ചട്ടം 8 (1) പ്രകാരം ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ KL-65 S 2130 Mahindra Tipper ന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല. മറ്റു വാഹനങ്ങലുടെ കാര്യത്തിൽ മുനിസിപ്പാലിറ്റിയിലെ വാഹനങ്ങളുടെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത കാലപരിധിക്കുള്ളിൽ നടത്തിയിട്ടില്ല.

3). വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ

ചട്ടം 10 (1 ) പ്രകാരം മുനിസിപ്പാലിറ്റിയുടെ എല്ലാ വാഹനങ്ങളുടെയും കാലാകാലങ്ങളിൽ ഉള്ള അറ്റകുറ്റപണികളുടെ ചുമതല ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ചട്ടം 4 പ്രകാരം പതിനായിരം രൂപക്കു മേൽ ചെലവു വരുന്ന അറ്റകുറ്റപണികൾ ഭരണ സമിതിയുടെ അംഗീകാരത്തോടു കൂടി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതും ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും ആയതു സംബന്ധിച്ച Essentiality Certificate ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ നിലവിൽ ആയത് പാലിക്കുന്നില്ല.

4). KL10 G 3485 Tipper നിലവിൽ ഉപയോഗിക്കുന്നില്ല. പകരം പുതിയതായി വാങ്ങിയ KL-65 S 2130 Mahindra Tipper ആണ് ശുചീകരണത്തിനായി ഉപയോഗിക്കുന്നത്. പ്രസ്തുത വാഹനത്തിന്റെ പേരായ്മ എന്തെന്ന് വ്യക്തമല്ല. വാഹനം ഉപയോഗപ്രദമല്ലെന്ന് പരമാർശിച്ചു കൊണ്ടുള്ള ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ഇതുസബന്ധിച്ച് നഗരസഭ കൗൺസിൽ തീരുമാനമെടുത്തതിന്റെ വിവരവും ലഭ്യമല്ല. വാഹനം ഉപയോഗിക്കുകയോ അല്ലാത്തപക്ഷം ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും വാഹനം ഉപയോഗപ്രദമല്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കി മതിപ്പു വില നിശ്ചയിച്ച് ലേലം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

5)വാഹനത്തിന്റെ ലോഗ് ബുക്കുകൾ പരിശോധിച്ചതിൽ എന്ത് ആവശ്യത്തിന് ,ഏതെല്ലാം സ്ഥലങ്ങളിൽ വാഹനം സഞ്ചരിക്കുന്നുണ്ടെന്ന വിവരം വ്യക്തമായി ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ലോഗ് ബുക്കിൽ അതത് ദിവസത്തെ യാത്രയുടെ വിവരങ്ങൾ യാത്രകഴിഞ്ഞ് ദിവസങ്ങൾക്ക് ശേഷം മാത്രം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്ന പ്രവണ ദൃശ്യമാണ്. യാത്രനടത്തിയ ഉദ്യോഗസ്ഥൻ പ്രസ്തുത രേഖപ്പെടുത്തൽ സാക്ഷ്യപ്പെടുത്തുന്നതിലും വീഴ്ചയുണ്ട്. യാത്ര കഴിഞ്ഞാലുടൻ യാത്ര വിവരം സ്പെഷ്ടമായി ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ ശ്രദ്ധപുലർത്തേണ്ടതാണ്.

6)വാഹനത്തിൽ ഇന്ധനം നിറച്ച വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് . നിലവിൽ ആയത് പൂർണ്ണമായി പാലിക്കുന്നില്ല.കൂടാതെ , ഓരോ മാസാന്ത്യത്തിലും പ്രസ്തുത മാസത്തെ വാഹന ഉപയോഗം സംബന്ധിച്ച സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് നിലവിൽ ആയത് ഒരു വാഹനത്തിലും പാലിക്കുന്നില്ല .കസ്റ്റോഡിൻ ഓഫീസർ ഇടക്കിടെ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധന നടത്തി വാഹന ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പാക്കേണ്ടതുമാണ്.

7) വാഹനം ഉപയോഗിക്കാത്ത പക്ഷം നഗരസഭ വാഹന ഗ്യാരേജിൽ തന്നെ വാഹനം സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നഗരസഭയിൽ സ്ഥാപിച്ചിട്ടുള്ള സി സി ടി വി ദൃശ്യങ്ങൾ പരിശോധിച്ച് കസ്റ്റോഡിയൻ ഓഫീസർ

ഉറപ്പാക്കേണ്ടതും വാഹന ദുരുപയോഗം നിയന്ത്രിക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ തുടർ വർഷങ്ങളിൽ പാലിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 52 / *2021-22/*21.03.2023- മറുപടി ലഭ്യമാക്കിയില്ല.)

## 1-41 ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരുടെ നിയമനം -സർക്കാർ അനുമതിപത്രം ലഭ്യമാക്കിയില്ല.

2019-20 വർഷത്തിൽ താഴെ പറയും പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് തനത് ഫണ്ടിൽ നിന്നും വേതനം അനുവദിച്ചിട്ടുണ്ട്.

| ക്രമനം. | വൗച്ചർ നം./തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22100010/03.04.21 | 78,520 | നിമിത ,ശ്യാംമോഹൻ, മുഹമ്മദ് അൻജീഷ് ,മുബാരിഷ് , എന്നീ ബിൽ കളക്ടർമാർക്ക് 03/21 ലെ വേതനം നൽകിയത് |
| 2 | 22100087/ 04.05.21 | 62,665 | നിമിത ,ശ്യാംമോഹൻ, മുഹമ്മദ് അൻജീഷ്, മുബാരിഷ് ,എന്നീ ബിൽ കളക്ടർമാർക്ക് 04/21 ലെ വേതനം നൽകിയത് |
| 3 | 22100145/01.06.21 | 69,460 | നിമിത ,ശ്യാംമോഹൻ, മുഹമ്മദ് അൻജീഷ് ,മുബാരിഷ് , എന്നീ ബിൽ കളക്ടർമാർക്ക് 05/21 ലെ വേതനം നൽകിയത് |
| 4 | 22100207/02.07.21 | 79,275 | നിമിത ,ശ്യാംമോഹൻ, മുഹമ്മദ് അൻജീഷ് ,മുബാരിഷ് , എന്നീ ബിൽ കളക്ടർമാർക്ക് 06/21 ലെ വേതനം നൽകിയത് |
| 5 | 22100334/06.08.21 | 57,380 | നിമിത ,ശ്യാംമോഹൻ, മുഹമ്മദ് അൻജീഷ് ,മുബാരിഷ് , എന്നീ ബിൽ കളക്ടർമാർക്ക് 07/21 ലെ വേതനം നൽകിയത് |
| 6 | 22100494/03.09.2021 | 52,870 | നിമിത ,ശ്യാംമോഹൻ, മുഹമ്മദ് അൻജീഷ് ,മുബാരിഷ് , എന്നീ ബിൽ കളക്ടർമാർക്ക് 08/21 ലെ വേതനം നൽകിയത് |
| 7 | 22100600/ 01.10.21 | 61,900 | നിമിത ,ശ്യാംമോഹൻ, മുഹമ്മദ് അൻജീഷ് ,മുബാരിഷ് , എന്നീ ബിൽ കളക്ടർമാർക്ക് 09/21 ലെ വേതനം നൽകിയത് |
| 8 | 22100659/02.11.21 | 59,645 | നിമിത ,ശ്യാംമോഹൻ, മുഹമ്മദ് അൻജീഷ് ,മുബാരിഷ് , എന്നീ ബിൽ കളക്ടർമാർക്ക് 10/21 ലെ വേതനം നൽകിയത് |
| 8 | 22100743/ 01.12.21 | 55,115 | നിമിത ,ശ്യാംമോഹൻ, മുഹമ്മദ് അൻജീഷ് , എന്നീ ബിൽ കളക്ടർമാർക്ക് 11/21 ലെ വേതനം നൽകിയത് |
| 9 | 2200823/ 14.01.22 | 56,625 | നിമിത ,ശ്യാംമോഹൻ, മുഹമ്മദ് അൻജീഷ് എന്നീ ബിൽ കളക്ടർമാർക്ക് 12/21 ലെ വേതനം നൽകിയത് |

ഈ കാലയളവിലെ നഗരസഭയുടെ ഹാജർപട്ടിക പരിശോധിച്ചതിൽ പ്രസ്തുത തസ്തികകൾ നഗരസഭയിൽ നിലവിലുണ്ടായിരുന്നതായി ബോധ്യപ്പെട്ടില്ല. ഒഴിവുള്ള സ്ഥിരം ജീവനക്കാരുടെ തസ്തിക ഇല്ലാതെ, നിലവിലില്ലാത്ത തസ്തികയിൽ നിയമനം നടത്തുന്നതിന് സർക്കാറിന്റെ സ്പഷ്ടമായ അനുമതി ആവശ്യമാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട് (ജി ഒ (പി)നം. 28/2016/ധന./തീ. 26.02.2016). മേൽ തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിന് ആധാരമാക്കിയ സർക്കാർ അനുമതിയുടെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.53 / 2021-22/21.03. 2023 – മറുപടി ലഭ്യമാക്കിയില്ല.)

## 1-42 വിവിധ തോടുകളും കുളങ്ങളും അതിരുകെട്ടി സംരക്ഷിക്കൽ പദ്ധതി - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 511/22

വിവിധ തോടുകളും കുളങ്ങളും അതിരുകെട്ടി സംരക്ഷിക്കൽ പദ്ധതി

വിനിയോഗിച്ച തുക – 80,00,000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

വൗച്ചർ നം. 22101353/ 31.03.22 - 80,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം നഗരസഭ പ്രദേശത്തെ വിവിധ തോടുകളും കുളങ്ങളും അതിരുകെട്ടി സംരക്ഷിക്കുന്നതിനായി ഡെപ്പാസിറ്റ് വർക്കായി മേൽ തുക എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ ഡിവിഷൻ മലപ്പുറത്തിന് നൽകിയിട്ടുണ്ട്.2.04.22ന് ഒപ്പുവെച്ച ഉടമ്പടി പ്രകാരം നിക്ഷേപം സ്വീകരിച്ച് ടെണ്ടർ നടപടി സ്വീകരിച്ച് ആയത് പൂർത്തീകരിച്ച് കരാറുകാരനുമായി ഉടമ്പടിവെച്ച് കരാർതീയ്യതി മുതൽ ഒരു വർഷത്തിനകം പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രവും ഫൈനൽ ബിൽ പകർപ്പും നഗരസഭക്ക് ലഭ്യമാക്കും എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് . ആയതിന്റെ തുടർ നടപടി വിവരം, കൂടാതെ, പദ്ധതിയിൽ ഉൾപ്പെട്ട വിവിധ തോടുകളും കുളങ്ങളും നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതിന്റെ വിവരം എന്നിവയും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 48/2021-22/20.03.23 -)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-43 പ്രകാശ പൂരിത പരപ്പനങ്ങാടി എൽ ഇ ഡി തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി- അപാകതകൾ

പ്രോജക്റ്റ് നം. 261/2022

പ്രകാശ പൂരിത പരപ്പനങ്ങാടി -എൽ ഇ ഡി തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 20,06,666 രൂപ (പ്ലാൻ ഫണ്ട്- ജനറൽ)

ടി ആർ എൻ . 21150647002000709845/ 30.01.22

നിർവ്വഹണം - സെക്രട്ടറി

നഗരസഭയിലെ മുഴുവൻ വാർഡുകളിലും പഴയ ബൾബുകൾ മാറ്റി എൽ ഇ ഡി തെരുവ് വിളക്ക് സ്ഥാപിക്കലാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.2020-21 വർഷത്തെ പദ്ധതികളുടെ തുടർച്ചയായാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനമാണ് എൽ ഇ ഡി തെരുവ് വിളക്കുകളുടെ വിതരണവും സ്ഥാപിക്കലും നടത്തിയിട്ടുള്ളത്.സ്ഥാപനവുമായി ചമച്ച ഉടമ്പടി പ്രകാരം ആകെ 2070 ലൈറ്റുകൾ (1870 എണ്ണം പുതിയത് 200എണ്ണം സൗജന്യമായും )സ്ഥാപിക്കാനുമാണ് ഉദ്യേശിച്ചിട്ടുള്ളത്.ഒരു ലൈറ്റിന് 2300രൂപ നിരക്കിലാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് നഗരസഭയിൽ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല. വിവിധ വാർഡുകളിൽ ഏതെല്ലാം ഇനം തെരുവ് വിളക്കുകൾ നിലവിലുണ്ട് എന്നത് സംബന്ധിച്ച് നഗരസഭയിൽ വ്യക്തമായ വിവരം ലഭ്യമല്ല.

കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല(ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011). കൂടാതെ,ഈ പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2)കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയ ശേഷം മാത്രമേ സപ്ലേ ഓർഡർ നൽകാവൂ എന്ന് സ.ഉ(സാധാ)നം.3140/2015/തസ്വഭവ തി.16.10.2015 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്.ആയത് പാലിച്ചിട്ടില്ല. പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവുംകെ എസ് ഇ ബിയിൽ നിന്നു ലഭിച്ചിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

വാർഡ് കൗൺസിലർമാർ സമർപ്പിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലും നഗരസഭ ഓവർസീയർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്.കൂടാതെ, സപ്ലൈ ചെയ്ത ഉപകരണങ്ങളുടെ ക്ഷമത സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥർ മുഖേന പരിശോധന നടത്തിയിട്ടില്ല. തെരഞ്ഞടുത്ത സ്ഥാപനം സമർപ്പിച്ച വിവരങ്ങൾ അതേപടി അംഗീകരിച്ച് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്.

4)സ.ഉ (കൈ)നം. 17/2018/ തസ്വഭവ തീ. 02.02.2018 പ്രകാരം പദ്ധതികൾ മോണിറ്ററിംഗ് നടത്തണമെന്ന് നിർദ്ദേശമുള്ളതാണെങ്കിലും ആയത് പാലിച്ചിട്ടില്ല.

5. മാറ്റിസ്ഥാപിച്ച പ്രവർത്തനക്ഷമമായ സി എഫ് എൽ ലാമ്പുകൾ ഉൾപ്പെടെയുള്ളവ എന്തു ചെയ്തുവെന്ന് വ്യക്തമല്ല. ആയവ സംബന്ധിച്ച വിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 43/2021-22/20.03.2023) മറുപടി ലഭ്യമാക്കിയില്ല.)ചെലവുതുക 20,06,666 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-44 ഇൻഡോർ സ്റ്റേഡിയം യാഥാർത്ഥ്യമായില്ല.

വൗച്ചർ നം. 22100560/23.09.21 പ്രകാരം 33,363 രൂപ ഇൻഡോർ സ്റ്റേഡിയം വാടക ഇനത്തിൽ നെടുവ വില്ലേജ് ഓഫീസിൽ അടവാക്കിയിട്ടുണ്ട് . വിശദാംശങ്ങൾ പരിശോധിച്ചതിൽ സ.ഉ (എം എസ്)നം. 163/2015 / റവന്യൂ തീ. 29.04.2015 പ്രകാരം നെടുവ വില്ലേജിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 53.38 സെന്റ് ഭൂമി സമീപപ്രദേശങ്ങളിലൊന്നും ഇൻഡോർ സ്റ്റേഡിയം ഇല്ലാത്തതിനാൽ പ്രദേശത്തെ യുവജനങ്ങളുടെ കായിക വികസനം കണക്കിലെടുത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളതാണ് പ്രസ്തുത ഭൂമി എന്ന് വെക്തമായി .എന്നാൽ നാളിതുവരെയും ഇൻഡോർ സ്റ്റേഡിയം നിർമ്മിച്ചിട്ടില്ല. വർഷത്തിൽ ഒരിക്കൽ കേരളോൽസവം നടത്തുന്നത് ഒഴിച്ചാൽ വെറെ ഒരു ആവശ്യത്തിനും നിലവിൽ നഗരസഭ പ്രസ്തുത ഭൂമി ഉപയോഗിക്കുന്നില്ലെന്ന് വ്യക്തമായി .പ്രസ്തുത ഭൂമി നഗരസഭയ്ക്ക് വരുമാന മാർഗ്ഗത്തിനും യുവജനങ്ങളുടെ കായിക വികസനത്തിനും പ്രയോജനപ്പെടുത്താത്തതിന് കാരണം വിശദമാക്കേണ്ടതാണ്.

21.03.23 ന് എക്സിറ്റ് മീറ്റിംഗിൽ വിവരം പരമാർശിച്ചതിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് നഗരസഭ ചെയർമാൻ അറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 41/2021-22/20.03.23 )

## 1-45 ബയോഗ്യാസ് പ്ളാന്റ് - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നം. 22100034/ 21.04.21 പ്രകാരം 36,000 രൂപ ശ്രീ.അബൂബക്കർ എന്ന ബയോഗ്യാസ് പ്ളാന്റ് പരിപാലകന് 06/20 മുതൽ 9/20 വരെയുള്ള വേതനമിനത്തിൽ തനത്ഫണ്ടിൽ നിന്നും സെക്രട്ടറി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് കാലത്ത് ഫിഷ് മാർക്കറ്റിൽ സ്ഥാപിതമായ ബയോഗ്യാസ് പ്ളാന്റ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ,വണ്ടൂർ എന്ന സ്ഥാപനം മുഖേന സ്ഥാപിച്ചതും നഗരസഭാ ഓഡിറ്റ് കാലയളവിൽ പ്രസ്തുത സ്ഥാപനവുമായി എ എം സി പുതുക്കിയിട്ടില്ലെന്നും വ്യക്തമായി. എന്നാൽ പ്ലാന്റ് പരിപാലനം തുടരുകയും 9/20 വരെയുള്ള വേതനം അനുവദിക്കുകയുമാണ് ഉണ്ടായിട്ടുള്ളത്. കൊറോണ കാരണം പിന്നീട് ആവശ്യത്തിന് മാലിന്യം കിട്ടാതെ വരികയും ഉല്പാദനം പിന്നീട് നിലക്കുകയുമാണ് ഉണ്ടായത്.ബയോഗ്യാസ് തൊട്ടടുത്ത കുടുംബശ്രീ ഹോട്ടലിനും സ്കൂളിനുമാണ് നൽകിയിരുന്നത്.

തുടർന്ന് പ്ലാന്റിന്റെ പ്രവർത്തനം തുടർന്നു കൊണ്ടു പോകാൻ കഴിയുമോയെന്ന് ആരാഞ്ഞു കൊണ്ട് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ,വണ്ടൂരിനെ സമീപിക്കുകയും മുൻ വർഷങ്ങളിൽ പ്ലാന്റ് റീ കമ്മീഷൻ ചെയ്ത ഇനത്തിൽ സ്ഥാപനത്തിന് നൽകാനുള്ള 55,000 രൂപ അനുവദിച്ചാൽ പ്ലാന്റിന്റെ പ്രവർത്തനം ഏറ്റെടുത്ത് നടത്തുവാൻ തയ്യാറാണെന്ന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അറിയിച്ചതിനെ തുടർന്ന് വൗച്ചർ നം.22100722/ 26.11.21 പ്രകാരം 55,000രൂപ സ്ഥാപനത്തിന് അനുവദിച്ചു. എന്നാൽ കത്തിൽ അറിയിച്ച പ്രകാരം പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്ലാന്റ് റീകമ്മീഷൻ ചെയ്യുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. തുടർ നടപടി വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ( നം. 40/21-22/20.03.23)പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് ഉണ്ടാക്കുവാൻ സൗകര്യമില്ലെന്നും നിലവിൽ പ്ലാന്റ് നിലനിൽക്കുന്ന സ്ഥലം കൂടി ഉൾപ്പെടുത്തി പുതിയ ബസ്സ്റ്റാന്റ് പണിയാനുള്ള ആലോചനയിലാണ് എന്നും മറുപടി ലഭ്യമാക്കി .
ഇതു സംബന്ധിച്ച് കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-46 വാഹന വാടക നൽകിയത് - ആദായ നികുതി ഈടാക്കിയില്ല.

നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന് കരാർ അടിസ്ഥാനത്തിൽ വാഹനം വിളിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.അനൂപ് വി പി വാൽപ്പശ്ശേരിപുറക്കാട് വീട് , പരപ്പനങ്ങാടി പി ഒ എന്നയാളുടെ ക്വട്ടേഷൻ (പ്രതി മാസം 100കി .മി വരെ 28900 രൂപ,അധികം കി.മി.ക്ക് 14രൂപ നിരക്കിൽ ) അംഗീകരിക്കുകയും (KL -69-A 8027) താഴെ പറയും പ്രകാരം ടിയാന് വാഹന വാടക നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമനം. | വൗച്ചർ നം. / തീയ്യതി | വാഹന വാടക നൽകിയത് | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|
| 1 | 22100014/08.04.2021 | 20,230 | |
| 2 | 22100096/05.05.2021 | 28,900 | |
| 3 | 22100157/01.06.2021 | 33,170 | |
| 4 | 22100258/09.07.2021 | 33,660 | |
| 5 | 22100345/06.08.2021 | 28,900 | |
| 6 | 22100581/29.09.2021 | 28,900 | |
| 7 | 22100610/05.10.2021 | 28,900 | |
| 8 | 22100666/03.11.2021 | 30,634 | |
| | ആകെ | 2,33,294 | 2333 |

ഹരിതകർമ്മ സേനക്ക് മാലിന്യം ശേഖരിക്കുന്ന ആവശ്യത്തിലേക്ക് ക്വട്ടേഷൻ മുഖേന കുറഞ്ഞ തുക ക്വാട്ട്ചെയ്ത ശ്രീ.ബിജു

കെ വെളളത്തേടത്ത് വീട്,വാഴയൂർ ഈസ്റ്റ് മലപ്പുറം എന്നയാളുടെ KL 54 D 6345 Goods Carrierഎന്നവാഹനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും (പ്രതി മാസം 16,000രൂപ നിരക്കിൽ )താഴെ പറയും പ്രകാരം ടിയാന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്

| ക്രമനം. | വൗച്ചർ നം. / തീയ്യതി | വാഹന വാടക നൽകിയത് | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|
| 1 | 22100515/09.09.2021 | 48,000(ഏപ്രിൽ,മെയ് ,ജൂൺ) | |
| 2 | 22100687/11.11.2021 | 32,000(ജൂലൈ,ആഗസ്റ്റ് ) | |
| 3 | 22100945/29.01.2022 | 32,000(09/21,10/21 ) | |
| | ആകെ | 1,12,000 | 1120 |

ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 100000രൂപയിൽ അധികരിക്കുന്നു എങ്കിൽ 1% ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. എന്നാൽ വാഹനമുടമകളിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും നൽകിയിരിക്കുകയാണ്. ആദായ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നം.36/2021-22/20.03.2023)മറുപടി ലഭ്യമാക്കിയില്ല.ക്രമപ്രകാരം ഐ ടി ഈടാക്കി അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-47 ക്ഷേമ പെൻഷൻ -അപാകതകൾ

നഗരസഭയിലെ ഏതാനും പെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മരിച്ചവർ നിലവിലും പെൻഷൻ വാങ്ങുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേരും വിലാസവും | മരണപ്പെട്ട തീയ്യതി /രജി.നം. | റിമാർക്സ് |
|---|---|---|---|
| 1 | മൊയ്തീൻകുട്ടി രായിങ്കനകത്ത് കൊടപ്പാളി<br>ചെട്ടിപ്പടി പി ഒ<br>പെൻഷനർ ഐ ഡി - 112750200176<br>വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ് | 02.02.2021 (മരണം രജി.നം.43/21 /17.02.21) | ടിയാന്റെ എസ് ബ് ഐ പരപ്പനങ്ങാടി ബ്രാഞ്ച് അക്കൗണ്ടിലേക്ക്(57049461260)<br>12/22 വരെ പെൻഷൻ അനുവദിച്ചിരിക്കുന്നു.നിലവിലും ആക്റ്റീവാണ്. |
| 2 | കദീജ പുളിക്കലകത്ത് അയ്യപ്പൻകാവ് ,ചെട്ടിപ്പടി പി ഒ,പരപ്പനങ്ങാടി<br>പെൻഷനർ ഐ ഡി - 109660601476<br>വിധവ പെൻഷൻ ഗുണഭോക്താവ് | 15.11.2020 (മരണം രജി.നം.16/21 /13.01.21) | ഇവരുടെ ഫെഡറൽ ബാങ്ക് പരപ്പനങ്ങാടി ബ്രാഞ്ച് അക്കൗണ്ടിലേക്ക്(15770100039780)<br>12/22 വരെ പെൻഷൻ അനുവദിച്ചിരിക്കുന്നു.നിലവിലും ആക്റ്റീവാണ്. |
| 3 | മുഹമ്മദാലി കോടാലി വീട് ,പുത്തൻകടപ്പുറം പരപ്പനങ്ങാടി പി ഒ<br>പെൻഷനർ ഐ ഡി - 112750200412 | 23.11.2020 (മരണം രജി.നം.3/21 /5.01.21) | ടിയാന്റെ കേരളഗ്രാമീൺബാങ്ക് പരപ്പനങ്ങാടി ബ്രാഞ്ച് അക്കൗണ്ടിലേക്ക്(40220101005312)<br>12/22 വരെ പെൻഷൻ അനുവദിച്ചിരിക്കുന്നു.നിലവിലും ആക്റ്റീവാണ്. |

| | | | |
|---|---|---|---|
| | വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ് | | |

ടി ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതും അധികമായി അനവദിച്ച പെൻഷൻ തുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

2)സമയബന്ധിതമായി പെൻഷൻ സസ്പെൻറ് ചെയ്യുവാൻ നടപടി സ്വീകരിക്കാത്തതിനാൽ തുക അധികം നൽകി .

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേരും വിലാസവും | മരണപ്പെട്ട തീയ്യതി /രജി.നം. | റിമാർക്സ് |
|---|---|---|---|
| 1 | അയ്യാപ്പുട്ടി പോത്താഞ്ചേരി വീട് നല്ലമിൽ ,ചെട്ടിപ്പടി പി ഒ<br>പെൻഷനർ ഐ ഡി - 109660201718<br>വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ് | 26.01.2020 (മരണം രജി.നം.65/20 /18.03.20) | ടിയാന്റെ എസ് ബ് ഐ പരപ്പനങ്ങാടി ബ്രാഞ്ച് അക്കൗണ്ടിലേക്ക്(67349818966)<br>08/22 വരെ പെൻഷൻ അനുവദിച്ചിരിക്കുന്നു. അധികം അനവദിച്ച തുക<br>02/20 മുതൽ 3/21 വരെ @ 1500x14= 21,000<br>04/21 മുതൽ 8/22 വരെ @ 1600x17= 27,200<br>ആകെ അധികം - 21,000+27,500=48,200 രൂപ |
| 2 | മാർഗ്ഗരേറ്റ് ലസ്ലി തയ്യാക്കൽ നെടുവ പി ഒ<br>പെൻഷനർ ഐ ഡി - 109660201747<br>വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ് | 27.03.2020 (മരണം രജി.നം.76/20 /22.04.20) | ഇവരുടെ എസ് ബി ഐ പരപ്പനങ്ങാടി ബ്രാഞ്ച് അക്കൗണ്ടിലേക്ക്(10420464788)<br>04/21 വരെ പെൻഷൻ അനുവദിച്ചിരിക്കുന്നു.<br>അധികം അനവദിച്ച തുക<br>04/20 മുതൽ 3/21 വരെ @ 1500x12= 18,000<br>04/21 ന് @ 1600x1= 1600<br>ആകെ അധികം - 18,000+1600=19,600 രൂപ |
| 3 | കുഞ്ഞിമൊയ്തീൻ അലി ചെറച്ചം വീട്ടിൽ ,ഖജാസ് പരപ്പനങ്ങാടി<br>പെൻഷനർ ഐ ഡി - 1122750200633<br>വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവ് | 16.04.2020 (മരണം രജി.നം.84/20 /06.05.20) | ഇവരുടെ പഞ്ചാബ് നാഷണൽ ബാങ്ക് പരപ്പനങ്ങാടി ബ്രാഞ്ച് അക്കൗണ്ടിലേക്ക്(4522000100037895)<br>08/22 വരെ പെൻഷൻ അനുവദിച്ചിരിക്കുന്നു.<br>അധികം അനവദിച്ച തുക<br>05/20 മുതൽ 8/20 വരെ @ 1300x4=5200<br>09/20 മുതൽ 12/20 വരെ @ 1400x4=5600<br>01/21 മുതൽ 03/21 വരെ @ 1500x3=4500<br>04/21 മുതൽ 08/22 വരെ @ 1600x16=25,600<br>ആകെ അധികം - 5200+5600+4500+25,600=40,900 രൂപ |

അധികമായി അനവദിച്ച പെൻഷൻ തുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

3) മരണ വിവരം മറ്റു സ്ഥാപനങ്ങളിലേക്ക് റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ നിരവധി പേർ തുടർന്നും പെൻഷൻ വാങ്ങിച്ച വരുന്നു. ഉദാ. മുഹമ്മദ്കുട്ടി കുറ്റ്യാടി വീട്, തലാഞ്ചേരി തോട് ചെട്ടിപ്പടി പി ഒ ,ടിയാൻ കേരള ഫിഷറീസ് വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നുള്ള പെൻഷൻ ഗുണഭോക്താവാണ് 19.02.2020 ന് മരണപ്പെട്ടുവെങ്കിലും (മരണം രജി.നം.60/20 /10.03.20)നിലവിലും പ്രസ്തുത പെൻഷൻ അനുവദിച്ച വരുന്നുണ്ട്.മരണ വിവരം മറ്റു സ്ഥാപനങ്ങളിലേക്ക് കൂടി റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

നഗരസഭയിലെ ഏതാനം പെൻഷൻ അപേക്ഷകൾ മാത്രം പരിശോധിച്ചതിൽ നിന്നാണ് മേൽ പ്രകാരം അപാകതകൾ

കണ്ടെത്തിയിട്ടുള്ളത്. ആയതിനാൽ മുഴുവൻ അപേക്ഷകളും പരിശോധനാവിധേയമാക്കി മരണപ്പെട്ട ശേഷം അനർഹമായി പെൻഷൻ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ( അധികം പെൻഷൻ അനുവദിച്ച ഗുണഭോക്താക്കളുടെയും) പെൻഷൻ സസ്പെൻറ് ചെയ്യേണ്ടതും അധിക തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ( നം. 33/2020-21/20.03.23) അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.

## 1-48 അഗതി രഹിത കേരളം പദ്ധതി - പ്രവർത്തനം ഫലവത്തായില്ല.

അഗതി രഹിത കേരളം പദ്ധതിയുടെ കനറ ബാങ്ക് പരപ്പനങ്ങാടി ശാഖ അക്കൗണ്ടിൽ(നം.4701101006395) 31.03.2022 ന് 181 രൂപ നീക്കിയിരിപ്പുണ്ട്. 2019-20 സാമ്പത്തിക വർഷമാണ് അഗതി രഹിത കേരളം പദ്ധതി ആരംഭിച്ചിട്ടുള്ളത് . ഭക്ഷ്യധാന്യ കിറ്റ് നൽകൽ മാത്രമാണ് 2021-22 സാമ്പത്തിക വർഷത്തിൽ ചെയ്തിട്ടുള്ളത്.

നാളിതു വരെ പദ്ധതിക്ക് ലഭ്യമായ ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആശ്രയ പദ്ധതി ബാക്കി തുക ലഭ്യമായത് | 14,24,387 |
| ചലഞ്ച് ഫണ്ട് ലഭ്യമായത് | 11,86,604 |
| ആകെ | 26,10,991 |

അടങ്കൽ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| പ്ലാൻ ഫണ്ട് | 9,28,69,020 |
| ചലഞ്ച് ഫണ്ട് | 38,62,800 |
| സ്പോൺസർഷിപ്പ് | 11,28,000 |
| ആകെ | 9,78,59,820 |

പദ്ധതിക്കായി നാളിതുവരെയും നഗരസഭ പ്ലാൻഫണ്ടിൽ നിന്നോ തനത്ഫണ്ടിൽ നിന്നോ ഒരു തുകയും ലഭ്യമായിട്ടില്ല. ചലഞ്ച് ഫണ്ട് രണ്ടു ഗഡുക്കൾ മാത്രമാണ് ലഭ്യമായത്.

ഡി പി ആർ പ്രകാരം ഗുണഭോക്താക്കളുടെയും ആവശ്യങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | ആവശ്യങ്ങളുടെ വിവരം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ഭക്ഷണം ആവശ്യമുള്ളവർ | 243 |
| 2 | ചികിത്സ ആവശ്യമുള്ളവർ | 243 |
| 3 | വസ്ത്രം ആവശ്യമുള്ളവർ | 243 |
| 4 | വീട് ആവശ്യമുള്ളവർ | 44 |
| 5 | വീട് റിപ്പയർ ആവശ്യമുള്ളവർ | 64 |
| 6 | ഭൂമി ആവശ്യമുള്ളവർ | 115 |
| 7 | കുടിവെള്ളം/കിണർ ആവശ്യമുള്ളവർ | 172 |
| 8 | വിദ്യാഭ്യാസ സഹായം ആവശ്യമുള്ളവർ | 62 |
| 9 | കക്കൂസ് ആവശ്യമുള്ളവർ | 171 |
| 10 | വീട് വൈദ്യുതീകരണം ആവശ്യമുള്ളവർ | 130 |

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച സ.ഉ (എം എസ് )നം. 252/2017/തസ്വഭവ തി.12.12.2017 നം. ഉത്തരവ് പ്രകാരം എ എ വൈ കാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ റേഷൻ കടകളിൽ നിന്നോ മറ്റു സിവിൽ സപ്ലൈസ് സ്ഥാപനങ്ങളിൽ നിന്നോ ഭക്ഷ്യധാന്യം വാങ്ങിനൽകാവുന്നതും, ഭക്ഷ്യധാന്യങ്ങളുടെയും പരിപ്പു വർഗ്ഗങ്ങളുടെയും വിതരണം സി ഡി എസും ബന്ധപ്പെട്ട അയൽക്കൂട്ടങ്ങളും ഉറപ്പു വരുത്തേണ്ടതുമാണ്. റേഷൻ കടകളിൽ നിന്നും ലഭ്യമാകുന്നതിൽ കൂടുതൽ ധാന്യം നൽകേണ്ടതുണ്ടെങ്കിൽ മാത്രമാണ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകാവുന്നത്. റേഷൻകാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ പരമാവധി ഒരു വർഷത്തേക്ക് മാത്രമാണ് നൽകാവുന്നത്. ഇതിനും പുറമേ പോഷകാഹര കിറ്റും പ്രതിമാസം നൽകാവുന്നതാണ്.ഒരു അംഗത്തിന് പ്രതിമാസം 500 രൂപയും, രണ്ട് അംഗങ്ങളുള്ള കുടുംബത്തിന് 700 രൂപയും, മൂന്നോ അതിൽ കൂടുതലോ അംഗങ്ങളുള്ള കുടുംബത്തിന് 900 രൂപയുമാണ് ഇക്കാര്യത്തിൽ വിനിയോഗിക്കാവുന്നത്. പോഷകാഹരകുറവുള്ള ഗുണഭോക്താക്കൾക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ പി എച്ച് സി മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതും, പോഷണത്തിൽ ഉണ്ടാകുന്ന പുരോഗതി വിലയിരുത്തേണ്ടതും ഒരു ഹെൽത്ത് കാർഡിൽ വിവരം രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതുമാണ്. ഭക്ഷണം പാചകം ചെയ്യുന്നതിന് ശേഷിയില്ലാത്തവർക്ക് ഭക്ഷണം പാചകം ചെയ്ത് വിതരണം നടത്തണം. ദൗർഭാഗ്യവശാൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങി നൽകുന്നതിനപ്പുറം മറ്റ് ആവശ്യങ്ങൾ നിറവേറ്റപ്പെടുകയോ ധനസഹായം അനുവദിക്കുകയോ ഉണ്ടായിട്ടില്ല.

മേൽ മാർഗ്ഗരേഖ 2.5.5 പ്രകാരം അഗതി കുടുംബങ്ങളെ സന്ദർശിച്ച് പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ആയതിന്റെ രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ആയത് പാലിക്കുന്നില്ല.

2.5.7 പ്രകാരം എല്ലാമാസവും ഭക്ഷ്യധാന്യവും പോഷകാഹാര കിറ്റും ലഭ്യമാക്കണം എന്നാൽ 2022 ജനവരി മാസത്തിന് ശേഷം കിറ്റുകൾ നൽകിയിട്ടില്ല.പണമില്ലാത്തതു തന്നെ പ്രശ്നം.

കൂടാതെ, പദ്ധതി പ്രകാരം അഗതികൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറായി നഗരസഭാ പ്രദേശത്തെ അലോപ്പതി *ആയുർവേദം*/ഹോമിയോ വിഭാഗങ്ങളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസറെ നഗരസഭ ചുമതലപ്പെടുത്തണം. എന്നാൽ നാളിതുവരെയും അപ്രകാരം ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

ചികിത്സ സഹായം ആവശ്യമുള്ള ഗുണോക്താക്കൾ യഥേഷ്ടമുണ്ടെങ്കിലും നാളിതുവരെയും ആർക്കും തന്നെ ചിക്തസ സൗകര്യം ലഭ്യമായിട്ടില്ല. അഗതി രഹിത കേരളം പദ്ധതി അംഗീകാരം വാങ്ങുന്നതിന് മുൻപു തന്നെ എല്ലാവിഭാഗം മെഡിക്കൽ ഓഫീസർമാരെയും വിദഗ്ധരെയും ഉൾക്കൊള്ളിച്ച് മെഡിക്കൽ ക്യമ്പ് സംഘടിപ്പിച്ച് ഹെൽത്ത് കാർഡ് അനുവദിക്കാത്തതാണ് കാരണം. അഗതി രഹിത കേരളം പദ്ധതി അംഗീകരത്തിന് നൽകുന്നതിന് മുൻപ് തന്നെ ഈവിധം മെഡിക്കൽ ക്യമ്പ് സംഘടിപ്പിച്ച് ഹെൽത്ത് കാർഡ് അനുവദിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിലും ആയത് പാലിച്ചിട്ടില്ല.പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികളുടെ ശാരീരിക മാനസിക വിശദാംശങ്ങൾ ഉൾപ്പെടെ വിശദവിവരങ്ങൾ അടങ്ങിയ ഒരു ഫയൽ പി എച്ച് സി കളിൽ സൂക്ഷിക്കേണ്ടതാണങ്കിലും ആയതും പാലിച്ചിട്ടില്ല. പദ്ധതി ഗുണഭോക്താക്കൾക്ക് ആർക്കും ചിക്തസാ സൗകര്യം ലഭിച്ചിട്ടില്ല.

4.2.2.1 പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിന് ശേഷം മാത്രമെ തദ്ദേശ ഭരണസ്ഥാപനത്തിലെ മറ്റു കുടുംബങ്ങൾക്ക് വീട് നൽകുവാൻ പാടുള്ളൂ. 44 ഗുണഭോക്താക്കൾക്ക് ഭവനം ആവശ്യമുണ്ടെങ്കിലും എന്നാൽ നാളിതുവരെയും എത്രപേർക്ക് ആനുകൂല്യം ലഭിച്ചുവെന്നതിന്റെ വിവരം ലഭ്യമല്ല.

വീട് റിപ്പയർ 64 കുടുംബങ്ങൾക്കും കക്കൂസ് 171 കുടുബങ്ങൾക്കും ആവശ്യമുണ്ടങ്കിലും നാളിതുവരെയും എത്രപേർക്ക് ആനുകൂല്യം ലഭിച്ചുവെന്നതിന്റെ വിവരം ലഭ്യമല്ല. കുടിവെള്ളം ,വൈദ്യുതി,വസ്ത്രം ,ഭൂമി തുടങ്ങി പ്രഥമമായ ആവശ്യങ്ങൾക്കായി ഗുണഭോക്താക്കൾ യഥേഷ്ടം ഉണ്ടായിട്ടും പ്രസ്തുത ആവശ്യങ്ങൾക്കൊന്നിനും ഒരു പരിഗണനയും ലഭിച്ചിട്ടില്ല.

പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ ചുമതലപ്പെട്ട വിലയിരുത്തൽ സമിതിയുടെ പ്രവർത്തനവും നാമമാത്രമാണ്.2021-22 വർഷത്തിൽ രണ്ടുതവണ യോഗം ചേർന്നതൊഴിച്ചാൽ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുകയോ മറ്റുതരത്തിലുള്ള ഇടപെടലുകളോ സമിതി നടത്തിയിട്ടില്ല.
ഭാവിയിൽ കുറ്റമറ്റ രീതിയിൽ പദ്ധതി നടപ്പാക്കുന്നതിന് മേൽ നിർദ്ദേശങ്ങൾ/അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 44/2021-22/20.03.23- മറുപടി ലഭ്യമാക്കിയില്ല.)

## 1-49 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി (എസ് സി) - അപാകതകൾ

പ്രോജക്റ്റ് നം. 20/22

60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി (എസ് സി )

വിനിയോഗിച്ച തുക – 2,34,900 രൂപ (എസ് സി പി )

ടി ആർ എൻ 211506000000018687/27.03.2022

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം ആർട്കോ കോഴിക്കോട് മുഖേന 198x90x60 Cm പ്ലൈവുഡ് കോട്ട് 54 എണ്ണം വാങ്ങി നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് )22/ 2018/ ത.സ്വ.ഭ.വ തീ.14.02.2018 പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് പ്രതിവർഷം മൂന്ന് ലക്ഷം രൂപ വരെ വരുമാനമുള്ളവർക്കാണ് ആനുകൂല്യം നൽകാവുന്നത്. എന്നാൽ പദ്ധതി ഗുണഭോക്താക്കളിലാരും തന്നെ വരുമാനം തെളിയിക്കുന്ന രേഖ ഹാജറാക്കിയിട്ടില്ല. കുഞ്ഞൻ എ അച്ചംമ്പാട്ട് നെല്ലിപ്പറമ്പ് ചിറമംഗലം എന്ന ഗുണഭോക്താവിന്റെ റേഷൻകാർഡിൽ ടിയാന് സർക്കാർ ജോലിയുള്ള വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ ആകുന്ന പക്ഷം വരുമാനം രേഖപ്പെടുത്തിയ വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കി അനർഹനാണങ്കിൽ ആനുകൂല്യം തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) ഈ പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിക്കാതെയാണ് ആർട്കോ യെ തെരെഞ്ഞെടുത്തിട്ടുള്ളത്,എന്നാൽ ജി,ഒ (ആർ.ടി) നമ്പർ 19/2019/SPD/തിയതി 13.05.2019 ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ക്വട്ടേഷൻ ക്ഷണിക്കാതെ ആർട്കോ യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ ആർട്കോ സ്വയം നിർമ്മിച്ച വസ്തുക്കൾ മാത്രമാണ് കൊട്ടേഷൻ കൂടാതെ വാങ്ങുന്നതിന് അനുവാദമുള്ളത്. എന്നാൽ നഗരസഭ ഈ നിർദേശം പാലിച്ചിട്ടില്ല. ആർട്കോ യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതും സ്വന്തമായി നിർമ്മിച്ച വസ്തുക്കൾ മാത്രമാണ് ക്വട്ടേഷൻ കൂടാതെ വാങ്ങുന്നതിന് അനുവാദമുള്ളത്. വാങ്ങിയ പ്ലൈവുഡ് കോട്ട് 198 X90 X60 ആർട്കോ സ്വയം നിർമ്മിച്ച അവരുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടവയല്ല.

കൂടാതെ, അക്രഡിറ്റേഷൻ ഉത്തരവുകളിൽ അംഗീകാരം നൽകി പട്ടികപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ/ ബിഡ് മുഖേന മാത്രമെ അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കാവൂ എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 10.11.2020ലെ PAN

13189/2020-JB(DP) കത്തിൽ സ.ഉ(സാധാ)നം. 1978/2020/ തസ്വഭവ തീ. 21.10.2020 ലെ ഉത്തരവിനെ പരാമർശിച്ച് വ്യക്തമാക്കിയിട്ടുള്ളതുമാണ് . ആയതും പാലിച്ചിട്ടില്ല.

അപാകതകൾക്ക് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഓഡിറ്റ് (എൻക്വയറി നം. 31/21-22/20.03.23) ഗുണഭോക്താവിന്റെ റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിച്ചുവെന്ന മറുപടി സ്വീകാര്യമല്ല.കുഞ്ഞൻ എ അച്ചംമ്പാട്ട് എന്ന ഗുണഭോക്താവിന് ആനുകൂല്യം അനുവദിച്ചിട്ടുള്ളതിൽ നിയമപരമായ നടപടി സ്വീകരിക്കുമെന്നും അറിയിച്ചു. അപാകതകൾക്ക് മൂലം പദ്ധതിക്കായി വിനിയോഗിച്ച 2,34,900 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-50 വാടക -കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല.

വാർഷികകണക്ക് 2021-22 B15പ്രകാരം വാടക ഇനത്തിൽ തൻവർഷ ബാലൻസ് 6,01,844 രൂപയും അരിയർ ബാലൻസ് 6,58,907 രൂപയും ഉൾപ്പെടെ ആകെ 12,60,751 രൂപയാണ് നഗരസഭയ്ക്ക് വാടകയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്.എന്നാൽ പിരിഞ്ഞു കിട്ടാനുള്ള വാടകയുടെ വിവരം രേഖപ്പെടുത്തുന്ന കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിയ്ക്കുന്നില്ല.ഓരോ റൂമിന്റെയും പിരിഞ്ഞുകിട്ടാനുള്ള വാടകയുടെ കുടിശ്ശിക വിവരങ്ങൾ രേഖപ്പെടുത്തി സാമ്പത്തിക വർഷാടിസ്ഥാനത്തിൽ അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രജിസ്റ്റർ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.19/17.3.23 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ കാലികമാക്കി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് .

## 1-51 വാടകയിനത്തിൽ വൻ തുക കുടിശ്ശിക - നഗരസഭയ്ക്ക് വരുമാന നഷ്ടം

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ കടമുറികളുടെ വാടക യഥാസമയം പിരിച്ചെടുക്കുന്നതിൽ ഉള്ള അനാസ്ഥ കാരണം വാടകയിനത്തിൽ ലക്ഷങ്ങളുടെ കുടിശ്ശികയാണ് നഗരസഭയ്ക്കുള്ളത് .വാടക സംബബന്ധിച്ച ഫയലുകൾ പരിശോധിച്ചപ്പോൾ , താഴെ പറയുന്ന വാടകക്കാർ വാടക യഥാസമയം അടവാക്കാതെ കുടിശ്ശിക വരുത്തിയിട്ടുള്ളത് എന്നു കാണുന്നു. ടി വ്യക്തികളിൽ നിന്നും 31.3.2021 വരെ ഈടാക്കാനവശേഷിയ്ക്കുന്ന കുടിശ്ശികയുടെ വിശദവിവരമാണ് താഴെ ചേർക്കുന്നത്.

| ക്രമ നം | വാടകക്കാരന്റെ പേര് | റൂം നം | ഈടാക്കാനവശേഷിയ്ക്കുന്ന കാലയളവ് | നിശ്ചയിച്ച വാടക | ജി. എസ്.ടി | നിശ്ചയിച്ചപിഴപലിശ | 31.3.21ൽ ഈടാക്കാനവശേഷിയ്ക്കുന്ന വാടക കുടിശ്ശിക |
|---|---|---|---|---|---|---|---|
| 1 | ശ്രീ.അൻവർ പി. | 33/509 | 1.4.2016മുതൽ 31.3.21 വരെ | 121020 | 21816 | 36407 | 179243 |
| 2 | ശ്രീ.മൻസൂർ | 33/490 | 1.8.2019മുതൽ 31.3.21 വരെ | 144200 | 25968 | 14973 | 185141 |
| 3 | ശ്രീ. ഷംസുദ്ദീൻ | 33/499 | 1.7.2020മുതൽ 31.3.21 വരെ | 106119 | 19098 | 6486 | 131703 |
| 4 | ശ്രീ.അൻവർ പി. | 33/508 | 1.4.2020മുതൽ 31.3.21 വരെ | 32220 | 5808 | 2094 | 40122 |
| 5 | ശ്രീമതി.ഷാജിത. പി | 33/489 | 1.9.2018മുതൽ 31.3.21 വരെ | 118766 | 21400 | 18710 | 158876 |
| 6 | ശ്രീ.സൈതലവി | 33/969 | 1.1.2021മുതൽ 31.3.21 വരെ | 1749 | 318 | 35 | 2102 |
| 7 | ശ്രീ. പി. വി. അബ്ദുൾ രഷീദ് | 33/486 | 1.1.2021മുതൽ 31.3.21 വരെ | 2325 | 420 | 47 | 2792 |
| 8 | ശ്രീ. ബഷീർ സി.കെ | 33/467 | 1.4.2019മുതൽ 31.3.21 വരെ | 55236 | 9984 | 6823 | 72043 |
| 9 | ശ്രീമതി. നൂറുല് ഹുദ | 33/562 | 1.1.2020മുതൽ 31.3.21 വരെ | 7240 | 1300 | 217 | 8757 |
| 10 | ശ്രീ.സിഎൻ കുഞ്ഞിമുഹമ്മദ് | 33/494 | 1.1.2021മുതൽ 31.3.21 വരെ | 13047 | 2352 | 261 | 15660 |
| 11 | ശ്രീ.അബ്ദുൾ ജബ്ബാർ | 33/495 | 1.7.2020മുതൽ 31.3.21 വരെ | 39159 | 7038 | 1958 | 48155 |
| 12 | ശ്രീമതി. അനിലകുമാരി | 33/480 | 1.4.2016മുതൽ 31.3.21 വരെ | 259380 | 35688 | 92856 | 387924 |
| ആകെ | | | | | | | 1232518 |

വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടിയുണ്ടാവേണ്ടതും പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം.21/ 18.3.2023 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-52 വാടക സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല- നഗരസഭയ്ക്ക് നഷ്ടം വരുന്നു

2021-22 വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വാടക യഥാസമയം അടവാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട് എന്ന് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുകയുണ്ടായി. കരാർ പ്രകാരം വാടക എല്ലാ മാസവും അഞ്ചാം തീയതിയോ അതിനു മുമ്പോ നഗരസഭയിൽ അടവാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും. ഈ സമയ ക്ലിപ്തത വാടകക്കാർ പാലിച്ചിട്ടില്ല. 31-03-22 ൽ ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | റൂം നം | നിശ്ചയിച്ച വാടക (ജി.എസ്.ടി അടക്കം) | അടയ്ക്കാൻ അവശഷിയ്ക്കുന്ന മാസം | അവശേഷിയ്ക്കുന്ന വാടക | 31.3.22 ൽ അവശഷിയ്ക്കുന്ന വാടക |
|---|---|---|---|---|---|---|
| 1 | കെ. എൻ അച്യുതൻ | 33/466 | 3432+618 =4050 | 9,10/2021, 3/22 | 4050*3 | 12150 |
| 2 | ബഷീർ സി.കെ | 33/467 | 2358+424 =2782 | 4/21-3/22 | 2782*12 | 33384 |
| 3 | സുനിൽ ടി. തുടിശ്ശേരി | 33/471, 472 | 5497+989 =6487 | 4,5,6,12/21, 1,2,3/22 | 6487*6 | 38922 |
| 4 | വേണുഗോപാലൻ വി.പി. | 33/482 | 1701+308 =2009 | 1/22 | 2009*1 | 2009 |
| 5 | പട്ടണത്ത് അബ്ദുൾ സമദ് | 33/484 | 968+176 =1144 | 1/22 | 1144*1 | 1144 |
| 6 | അരുൺ പാലക്കണ്ടി | 33/485 | 5257+946 =6203 | 4/21-3/22 | 6203*12 | 74436 |
| 7 | കോണിയത്ത് അസൈനാർ | 33/486 | 1557+280 =1837 | 4/21-3/22 | 1837*12 | 22044 |
| 8 | സുദേവൻ തുടിശ്ശേരി | 33/487 | 1475+266 =1741 | 4/21-3/22 | 1741*12 | 20892 |
| 9 | ഷാജിത. പി | 33/489 | 3968+714 =4682 | 4/21-3/22 | 4682*12 | 56184 |
| 10 | ഫൈസൽ എം.പി | 33/493 | 11646+2096 =13742 | 1,2,3/22 | 13742*3 | 41226 |
| 11 | സിഎൻ കുഞ്ഞിമുഹമ്മദ് | 33/494 | 4349+723 =5132 | 1,2,3/22 | 5132*3 | 15396 |
| 12 | അബ്ദുൾ ജബ്ബാർ | 33/495 | 4351+783 =5134 | 3/22 | 5134*1 | 5134 |
| 13 | യൂസഫ് പാലക്കാവളപ്പിൽ | 33/497 | 6090+1096 =7192 | 2,3/22 | 7192*2 | 14384 |
| 14 | യൂനസ്. പി.പി | 33/500,501 | 7250+1305 =8555 | 4/21-3/22 | 8555*12 | 102660 |
| 15 | അബ്ദുകുട്ടി കോയമഠത്ത് | 33/505,506 | 4349+784 =5133 | 9,10/21,1,2,3/22 | 5133*5 | 25665 |
| 16 | അബ്ദുകുട്ടി കോയമഠത്ത് | 33/507 | 2996+540 =3536 | 9,10,11,12/21,1,2,3/22 | 3536*7 | 24752 |

| | | | | | | |
|---|---|---|---|---|---|---|
| 17 | അൻവർ പി. | 33/508 | 484+2685 =3169 | 4/21-3/22 | 3169*12 | 38028 |
| 18 | അൻവർ പി. | 33/509 | 2127+382 =2509 | 4/21-3/22 | 2509*12 | 30108 |
| 19 | മഹിമ പുറക്കാട് | 33/510a | 2189+396 =2582 | 10,11,12/21,2,3/22 | 2582*5 | 12910 |
| ആകെ | | | | | | 5,71,428/- |

വാടകയിനത്തിൽ ഈടാക്കാനവശേഷിയ്ക്കുന്ന 5,71,428/- ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി വിവരം അറിയിയ്ക്കേണ്ടതാണ് (ഓഡിററ് എൻക്വയറി നം.19/17.3.23) . വാടക ഈടാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കേണ്ടതും പിരിവ് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-53 വാടക- ബൈലോ തയ്യാറാക്കിയിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, അധ്യായം- 26, സെക്ഷൻ-567(21) പ്രകാരം മാർക്കറ്റുകളുടേയും കടകളുടേയും ഉപയോഗം ക്രമീകരിക്കുന്നതിന് ബൈലോയുണ്ടാക്കാൻ കൗൺസിലിന് അധികാരം നൽകുന്നുണ്ട്. എന്നാൽ നഗരസഭയുടെ കീഴിലുള്ള 38 കടമുറികളും വാടകക്ക് നൽകുന്നത് അംഗീകൃത ബൈലോ ഉണ്ടാക്കാതെയാണ്. നിയമാനുസൃതം ബൈലോ തയ്യാറാക്കി സർക്കാരിൽനിന്നും അംഗീകാരം വാങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/18.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-54 ലേലം - അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിലെ ലേലം ഫയൽ/രജിസ്ററർ പരിശോധിച്ചോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)നഗരസഭയുടെ ഉടമസ്ഥതയിലുള്ള മത്സ്യമാർക്കറ്റിലെ 17 സ്ററാളുകളിൽ താഴെ പറയുന്ന സ്റ്റാളുകൾ ലേലം കൊണ്ടിട്ടുണ്ടെങ്കിലും ടി ലൈസൻസികളിൽ നിന്നും മുഴുവൻ ലേലതുകയും ഈടാക്കിയതായി കാണുന്നില്ല.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | റൂം നം | ലേലം കൊണ്ട വ്യക്തിയുടെ പേര് | ലേല തുക | ആകെ |
|---|---|---|---|---|
| 4 | സ്ററാൾ നം 4 | ശ്രീ.സുഹൈബ് | (788+142)*5 | 4650 |
| 5 | സ്ററാൾ നം 7 | ശ്രീ. സാവദ് | (788+142)*12 | 11160 |
| 8 | സ്ററാൾ നം 31 | ശ്രീ.കുഞ്ഞരാമുട്ടി. | (788+142)*12 | 11160 |
| ആകെ | | | | 26970 |

ഈടാക്കാനവശേഷിയ്ക്കുന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽനിന്നും ഈടാക്കി അറിയിയ്ക്കേണ്ടതാണ്

2) താഴെ പറയുന്ന സ്റ്റാളുകൾ ലേലം കൊണ്ടിട്ടുണ്ടെങ്കിലും നിശ്ചയിയ്ക്കപ്പെട്ട ലേല തുകയുടെ വിവരം ഡിമാന്റ് രജിസ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ ടിയാളുകൾ ഓഡിറ്റ് വർഷത്തെ മുഴുവൻ തുകയും നഗരസഭയിൽ അടവാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | റൂം നം | വാടകയ്ക്കു നൽകിയ വ്യക്തിയുടെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | സ്ററാൾ നം 2 | ശ്രീ. മുജീബ് റഹ്മാൻ എരണിയ്ക്കൽ | രേഖപ്പെടുത്തിയിട്ടില്ല |
| 2 | സ്ററാൾ നം 3 | ശ്രീ.അഷറഫ് | രേഖപ്പെടുത്തിയിട്ടില്ല |
| 3 | സ്ററാൾ നം 5 | ശ്രീ.അബ്ദുള്ളക്കുട്ടി പട്ടയ്ക്കൽ | രേഖപ്പെടുത്തിയിട്ടില്ല |
| 4 | സ്ററാൾ നം 6 | ശ്രീ.ഗസാലി | രേഖപ്പെടുത്തിയിട്ടില്ല |
| 6 | സ്ററാൾ നം 8 | ശ്രീ. സിദ്ദിഖ് .ഒ | രേഖപ്പെടുത്തിയിട്ടില്ല |
| 7 | സ്ററാൾ നം 30 | ശ്രീ. നബീൽ കെ.പി. | രേഖപ്പെടുത്തിയിട്ടില്ല |

ടിയാളുകൾ ലേലം കൊണ്ട സ്ററാളുകളുടെ വാടകവിവരം രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ ലൈസൻസികൾ ലേല തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രശീതികളുടെ പകർപ്പ് സഹിതം ലഭ്യമാക്കേണ്ടതുമാണ്. അപാകത പരാമർശിച്ച് നൽകിയ ഓഡിററ് എൻക്വയറി നം.46/20.3.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് പ്രഥമമറുപടിയിൽ തന്നെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-55 ചെലവു രേഖകൾ ലഭ്യമാക്കിയില്ല.

സെക്രട്ടറി തനതുഫണ്ടിൽ നിന്നും നടത്തിയ താഴെ പറയുന്ന ചെലവുകൾക്ക് ആധാരമായ താഴെ പറയുന്ന രേഖകൾ

ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.47/2021-22/20.03.23)മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 3,01,488 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. വിശദാംശങ്ങൾ 1-55 (1) മുതൽ 4 വരെയുള്ള ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

## 1-55-1 സ്റ്റോക്ക്, ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22100546/ 17.09.2021 | 1,80,004 | വിവിധ ഫോറങ്ങൾ, രജിസ്റ്ററുകൾ എന്നിവ നൽകിയതിന് ഗ്രാമലക്ഷ്മി മുദ്രാലയം തിരുവനന്തപുരത്തിന് നൽകിയ തുക<br>-സ്റ്റോക്ക്, ഇഷ്യൂ വിവരം |

## 1-55-2 സ്റ്റോർ പർച്ചേസ് നടപടികൾ പാലിക്കാതെ തുക നൽകി

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ (ജി ഒ (പി ) നം.03/2013/ എസ് പി ഡി തീ.21.08.2013 പ്രകാരം 15,000രൂപക്ക് മുകളിൽ മതിപ്പ് വില സാധങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം ക്വട്ടേഷൻ നടപടി പ്രകാരമായിരിക്കണം എന്ന് നിഷ്കർശിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്നവയിൽ ആയത് പാലിച്ചില്ല.അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 4 | 22100701/12.11.2021 | 36,300 | പ്രിന്റിംഗ് ചാർജ് ഇനത്തിൽ പ്രന്റ് ടെക് ചെമ്മാടിന് നൽകിയ തുക |
| 5 | 22100450/ 24.08.21 | 63,500 | പ്രിന്റിംഗ് ചാർജ് ഇനത്തിൽ മിനി പ്രന്റേഴ്സ് പരപ്പനങ്ങാടിക്ക് നൽകിയ തുക |

## 1-55-3 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിച്ചത് - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22100057/ 27.04.21 | 5684 | വാർഡ് 16 ചാപ്പപ്പടിയിലെ ഇലക്ട്രിക് പോസ്റ്റ് അപകടാവസ്ഥയിലുള്ളത് മാറ്റി സ്ഥാപിക്കുന്നതിന് അസി .എഞ്ചിനീയർ കെ എസ് ഇ ബി പരപ്പനങ്ങാടിക്ക് നൽകിയ തുക<br>-പോസ്റ്റ് മാറ്റി സ്ഥാപിച്ചതിന്റെ വിവരം |

## 1-55-4 തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മരം മുറിച്ച് മാറ്റിയതിന് തുക നൽകിയത് തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22100779/ 15.12.2021 | 16,000 | ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അഞ്ച് അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റിയതിന് ഇറിഗേഷൻ വകുപ്പ് അസി എഞ്ചിനീയറുടെ AE/P/PETN /2017-18/08.07.21 കത്ത് പ്രകാരം നൽകിയ തുക<br>- തുക തിരികെ ലഭിച്ചതിന്റെ വിവരം |

## 1-56 ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

2021-22 വർഷത്തിൽ പ്രൊജക്ട് ഓഫീസർ നിർവഹിച്ച 8 പ്രൊജക്ടുകൾക്കായി 2,13,05,000രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

എന്നാൽ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തേണ്ട ക്യാഷ് ബുക്ക് പ്രൊജക്ട് ഓഫീസർ സൂക്ഷിച്ചിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിൽ സർക്കാർ നിർദേശം പാലിയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-57 വീട് വാസയോഗ്യമാക്കൽ- ആദ്യ ഗഡു കൈപറ്റിയിട്ടും പണി ആരംഭിച്ചില്ല

പ്രൊജക്ട് :വീട് വാസയോഗ്യമാക്കൽ 95/2022 ( എസ്.സി. )

നിർവ്വഹണം : പ്രൊജക്ട് ഓഫീസർ

അടങ്കൽ :15ലക്ഷം

ചെലവ്: 12 ലക്ഷം

1)ബിൽനം 1/28.3.22,550000/-

2)ബിൽനം 2/30.3.22,50000/-

3)ബിൽനം 3/5.3.22,600000/-

മേൽ പ്രൊജക്ട് പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനായി ആദ്യ ഗഡു കൈപറ്റിയ താഴെ പരാമർശിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി ആരംഭിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപറ്റിയ തുക (രജിസ്റ്റർ പ്രകാരം ) | കൈപറ്റിയ തീയതി |
|---|---|---|---|
| 1 | ലീല അച്ചംപാട് വാർഡ് 20 | 25000/- | 28.3.22 |
| 2 | കുഞ്ഞാടിച്ചി. വാർഡ് 13 | 25000/- | 5.3.22 |

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിററ് എൻക്വയറി നം.49/20.23 ന് ലഭ്യമാക്കിയ മറുപടിയിൽ, ലീല അച്ചംപാട് എന്നവർക്ക് 25000/- അനുവദിച്ചെങ്കിലും ബാങ്ക് അക്കൗണ്ടിൽ വന്ന പിശകുകാരണം തുക ടിയാരിയ്ക്ക് ലഭിച്ചിട്ടില്ല എന്നും പ്രസ്തുത തുക നഗരസഭയിൽ തിരികെ വകയിരുത്തിയിട്ടുണ്ടെന്നും 2022-23 സാമ്പത്തിക വർഷത്തിൽ നൽകുന്നതിന് തുക നീക്കിവച്ചിട്ടുണ്ടെന്നും അറിയിച്ചു.കുഞ്ഞാടിച്ചി എന്ന ഗുണഭോക്താവ് മരണപ്പെട്ടതു മൂലമാണ് പണി ആരംഭിയ്ക്കാൻ സാധിയ്ക്കാതിരുന്നത് എന്നും ടിയാളുടെ അനന്തരാവകാശികൾക്ക് ബാക്കി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. തുടർന്നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.ലീല അച്ചംപാട് എന്നവർക്ക് അനുവദിച്ച 25000/-നഗരസഭയിൽ തിരികെ അടവാക്കിയതിന്റെ വിശദവിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-58 മരാമത്ത് നിർവ്വഹണം- പൊതു അപാകതകൾ

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 290 പ്രൊജക്ടുകൾക്കാണ് അംഗീകാരം വാങ്ങിയത്. ഇതിൽ 119 പ്രൊജക്ടുകളിലായി ആകെ 2,37,96,587/- രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 290 | ആകെ അടങ്കൽ | ₹10,55,31,315 |
| നടപ്പിലാക്കിയത് | 119 | ചെലവ് | ₹ 2,37,96,587 |
| ശതമാനം | 41 | ചെലവ് ശതമാനം | 23 |

മേൽ പ്രൊജക്ടുകളുടെ നിർവ്വഹണം പരിശോധിച്ചതിൽ താഴെ പറയുന്ന പൊതു അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

70 സ്പിൽഓവർ പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചില്ല. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആകുന്ന വർഷത്തിൽ തന്നെ നിർബന്ധമായും പൂർത്തീകരിക്കണമെന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും വളരെയധികം നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ്. നിരവധി ജീവനക്കാരുടെ അധ്വാനവും പൊതു ധനവും പൊതു സൗകര്യങ്ങളും പ്രയോജനപ്പെടുത്തിയുമാണ് ഓരോ പ്രൊജക്ടും രൂപം കൊള്ളുന്നത്. നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവ്വഹണം നടത്താതെ പോകുന്നു. ഇത് നഗരസഭയുടെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതിനും വകയിരുത്തിയ ഫണ്ട് ലാപ്സാകുന്നതിനും

ഇടയാക്കുന്നു. ഏറ്റെടുക്കുന്ന പ്രവൃത്തികൾ എല്ലാം തൻവർഷം തന്നെ പൂർത്തിയാക്കുന്നതിനും ഫണ്ട് നഷ്ടപെടാത്ത വിധത്തിൽ പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കുന്നതിനും പൊതു മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മകമായ ഇടപെടലുകൾ നടത്തേണ്ടതാണ്

2.പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

3. റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര പരിധിയിൽ വരുന്ന റോഡുകൾ ഹൈവേയോടും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ കേന്ദ്രങ്ങളിൽ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ (ശൃംഖല) തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണവും കണക്ടിവിറ്റി പ്ലാനിന്റെയടിസ്ഥാനത്തിൽ മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടത്. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളായിരുന്നിട്ടും നഗരസഭ കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല. കണക്ടിവിറ്റി പ്ലാനിന്റെ അഭാവത്തിൽ നഗരസഭയിൽ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിരുന്നത് എന്തടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമല്ല. റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കുന്നതിൽ വികസന/ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

നഗരസഭ ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളുടെയും വിവരം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഓവർഹെഡ് ചാർജ് അധിക നിരക്കിൽ അനുവദിച്ചു.34334 രൂപയുടെ അധികച്ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കടാംകോൾ കനാൽ സംരക്ഷണം- (വാർഡ്-10) എന്ന പ്രവൃത്തിക്ക് വേണ്ടി റോഡ് പ്രവൃത്തികൾക്ക് ബാധകമായ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള എസ്റ്റിമേറ്റിൽ 15% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. കനാലിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി മുകളിൽ ബെൽറ്റ് നൽകി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത്. മേൽ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിൻ പ്രകാരം മൂല്യ നിർണ്ണയം നടത്തുകയും ചെയ്തതുമൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് പേരും നമ്പരും | കടാംകോൾ കനാൽ നിർമ്മാണം<br>പ്രോജക്റ്റ് നമ്പർ- 84/22 |
| അടങ്കൽ/ ചെലവ് | 600000/441931 |
| കരാറുകാരൻ | ശ്രീ. ഹാഫിസ് മുഹമ്മദ് ശുഹൈബ്.പി.വി. |
| കരാർ നമ്പര് | AE/119/21-22/10.3.2022 (Estimate Rate) |
| എം ബുക്ക് | 24/21-22 |
| TS No | 46070/21-22 [Cl 31.06%] |
| വൗച്ചർ നമ്പർ | 22101333/30.3.2022 |
| അധിക ചെലവിന്റെ വിവരം | |

| ഇനം, അളവ് | നൽകിയ തുക [Mord 2016 പ്രകാരം] | നൽകാവുന്ന തുക [DSR 2016 പ്രകാരം] |
|---|---|---|
| എർത് വർക് എസ്കവേഷൻ [61.875 $M^3$] | 14843.81/- [61.875$m^3$ @239.90/$m^3$ _ Code 3.5.1] | 13493.7/- [61.875$m^3$ @218.08/$m^3$ _ Code 2.8.1] |
| ഡ്രൈറബ്ൾ മേസനറി [130.74$m^3$] | 358172.69/- [130.74 $M^3$ @2739.58/$m^3$ _ Code OD] | 328867.32/- [130.74 $M^3$ @2515.43/$m^3$ _ Code 60.7.1] |
| സിമന്റ് കോൺക്രീറ്റ് [2.63 $M^3$ ] | 21564.89/- [2.63 $M^3$ @8199.58 /$M^3$ _ Code 11.4.4] | 18895.60/- [2.63 $M^3$ @ 7184.64 /$M^3$ _ Code 4.1.3] |
| സെന്ററിങ് [2*52.5m * 0.10 M= 10.5$m^2$ ] | - | 2668.99/- [ 10.5 $M^2$ @254.19 /$M^2$ _ Code 4.3.1] |
| ആകെ | 441931/- [Ie, 394581+ 12% GST] | 407597/- [Ie, 363926+ 12% GST] |
| അധികം നൽകിയ തുക | 34334/- [Ie, 441931 - 407597] | |

അധിക ചെലവിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [36/21-22/20.3.2023] മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 34334/- രൂപ തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

### 3-2 ഡ്രൈനേജ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റിംഗിന് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകി-16033 രൂപയുടെ അധികച്ചെലവ്

ചുവടെ ചേർത്തിട്ടുള്ള ഡ്രൈനേജ് പ്രവൃത്തികളിൽ മോർഡ് സ്പെസിഫിക്കേഷനിലെ 11.4.1.1 പ്രകാരം ഫോം വർക്കുള്ള (സെൻററിംഗ് & ഷെട്ടറിംഗ്) കോൺക്രീറ്റിംഗിന്റെ നിരക്കിലാണ് (6974.53/$m^2$ – DSR-2016, Cost Index @ 31.06% & 7841.67/$m^2$ – DSR-2018, Cost Index @ 36.44%,) എസ്റ്റിമേറ്റ് തയ്യാറാക്കുകയും, മൂല്യ നിർണ്ണയം നടത്തി കരാറുകാർക്ക് തുക നൽകുകയും ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തികളിൽ ഡ്രൈനേജിന്റെ മുഴുവൻ വീതിയിലും കോൺക്രീറ്റ് പ്രവൃത്തി ചെയ്തതിനാൽ ഫോം വർക്കിന്റെ ആവശ്യകതയില്ല. ഫോം വർക്ക് ഇല്ലാത്ത ഇനത്തിന് ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് (6706.25/$m^2$ - Cost Index @ 31.06% & 7540.07/m2 -Cost Index @ 36.44%) നൽകേണ്ടത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തിയത് മൂലം നഗരസഭാ ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | പ്രൊജക്ട് | കൈനാട്ടിൽ തറ ഡ്രൈനേജ് നിർമ്മാണം (316/22) | |
| | അടങ്കൽ/ ചെലവ് | 234000/131492 (Plan SCP) | |
| | കോസ്റ്റ് ഇൻഡക്സ് | 31.06% | |
| | ടി.എസ്.നം. | 30733/20-21 | |
| | കരാർ | AE/360/20-21/11.8.20 | |
| | എം ബുക്ക് | 171/20-21 | |
| | വൗച്ചർ | 22100868/05.11.2021 | |
| | കരാറുകാരൻ | ശ്രീ. നിസാർ അഹമ്മദ്.സി (19.7% Below) | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 29293/-(4.2* 6974.53 ) (-) 19.70 % Below = 23522 | 28166 (4.2*6706.25) (-) 19.70% Below = 22617 | 905+ 12% GST= 1014 |

| | | |
|---|---|---|
| 2 | പ്രൊജക്ട് | തേറുകളം ഡ്രൈനേജ് കം സ്ലാബ് |

| | | | |
|---|---|---|---|
| | | (367/22) | |
| | അടങ്കൽ/ ചെലവ് | 154000/148682 (Plan General) | |
| | കോസ്റ്റ് ഇൻഡക്സ് | 31.06% | |
| | ടി.എസ്.നം. | 119870/2019-20 | |
| | കരാർ | AE/342/20-21/23.7.20 | |
| | എം ബുക്ക് | 242/20-21 | |
| | വൗച്ചർ | 22100845/03.11.2021 | |
| | കരാറുകാരൻ | ശ്രീ. സി. നിസാർ (Estimate Rate) | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 20435/-(2.93*6974.53) | 19649 /- (2.93*6706.25) | 786+ 12% GST= 880 |

| | | | |
|---|---|---|---|
| 3 | പ്രൊജക്ട് | ജയകേരള കാളികാവ് റോഡ് ഡ്രൈനേജ് പൂർത്തീകരണവും സ്ലാബിടലും (358/22) | |
| | അടങ്കൽ/ ചെലവ് | 490000/438987 (Plan General) | |
| | കോസ്റ്റ് ഇൻഡക്സ് | 31.06 | |
| | ടി.എസ്.നം. | 112415/2019-20 | |
| | കരാർ | AE/299/20-21/2.6.2020 | |
| | എം ബുക്ക് | 39/2019-20 | |
| | ബിൽ നം. | 34/16.11.2021 | |
| | കരാറുകാരൻ | ശ്രീ. എൻ. മുഹമ്മദ്.(Estimate Rate) | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 40424/-(5.796*6974.53) | 38869/- (5.796*6706.25) | 1555+ 12% GST= 1742 |

| | | | |
|---|---|---|---|
| 4 | പ്രൊജക്ട് | നൃകട്ട് കൊഴമ്മൽ റോഡ് ടാറിംഗ് ആൻറ് സൈഡ് വാൾ (530/22) | |
| | അടങ്കൽ/ ചെലവ് | 495000/432005 (Plan SCP) | |
| | കോസ്റ്റ് ഇൻഡക്സ് | 36.44% | |
| | ടി.എസ്.നം. | 93022/2021-22 | |
| | കരാർ | AE/126/21-22/19.3.2022 | |
| | എം ബുക്ക് | 43/21-22 | |
| | ബിൽ നമ്പർ | 72/31.3.2022 | |
| | കരാറുകാരൻ | ശ്രീ. ഇസ്മായിൽ. കെ.(Estimate Rate) | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 25564/-(3.26*7841.67) | 24581- (3.26*7540.07) | 983+ 12% GST= 1101 |

| | | |
|---|---|---|
| 5 | പ്രൊജക്ട് | അമവട്ടം ഡ്രൈനേജ് സെക്കന്റ് റീച്ച് (523/22) |
| | അടങ്കൽ/ ചെലവ് | 300000/299303 (Plan SCP) |
| | കോസ്റ്റ് ഇൻഡക്സ് | 31.06% |
| | ടി.എസ്.നം. | 92966/2021-22 |
| | കരാർ | AE/125/21-22/19.3.2022 |
| | എം ബുക്ക് | 46/21-22 |
| | ബിൽ നമ്പർ | 73/31.3.2022 |
| | കരാറുകാരൻ | ശ്രീ. ഹാഫിസ് മുഹമ്മദ് ശുഹൈബ്(Estimate Rate) |

| | | | |
|---|---|---|---|
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 67932/-(8.663*7841.67) | 65320/- (8.663*7540.07) | 2612+ 12% GST= 2925 |

| | | |
|---|---|---|
| 6 | പ്രൊജക്ട് | കൊട്ടന്തല അമവട്ടം ഡ്രൈനേജ് കം ഫൂട്പാത്ത് (507/22) |
| | അടങ്കൽ/ ചെലവ് | 495000/495000 (Plan SCP) |
| | കോസ്റ്റ് ഇൻഡക്സ് | 36.44% |
| | ടി.എസ്.നം. | 82970/2021-22 |
| | കരാർ | AE/111/21-22/3.3.2022 |
| | എം ബുക്ക് | 341/20-21 |
| | ബിൽ നമ്പർ | 69/31.3.2022 |
| | കരാറുകാരൻ | ശ്രീ. മുഹമ്മദ് എന്ന കുഞ്ഞു .ഇ.പി. (Estimate Rate) |
| | അധിക ചെലവിന്റെ വിവരം | |

| | | | |
|---|---|---|---|
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 161852/-(20.64*7841.67) | 155627/- (20.64*7540.07) | 6225+ 12% GST= 6972 |

| | | | |
|---|---|---|---|
| 7 | പ്രൊജക്ട് | എടവണ്ണത്തറ ഫൂട്പാത്ത് കം ഡ്രൈനേജ് (54/22) | |
| | അടങ്കൽ/ ചെലവ് | 280000/275981 (Plan SCP) | |
| | കോസ്റ്റ് ഇൻഡക്സ് | 36.44% | |
| | ടി.എസ്.നം. | 59219/2021-22 | |
| | കരാർ | AE/48/21-22/31.12.2021 | |
| | എം ബുക്ക് | 21/2021-22 | |
| | ബിൽ നമ്പർ | 60/31.3.2022 | |
| | കരാറുകാരൻ | ശ്രീ. നിസാർ.സി.(Estimate Rate) | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 32465/-(4.140*7841.67) | 31216/- (4.140*7540.07) | 1249+ 12% GST= 1399 |
| ആകെ | | | 16033 |

അധികച്ചെലവ് വന്ന 16033 രൂപ മേൽ കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തുക ഇൗടാക്കുന്നത് വരെ തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -37/21-22/20-03-2023ന് മറുപടി ലഭ്യമായിട്ടില്ല )

## 3-3 ടെണ്ടർ വേരിയേഷൻ കുറവ് ചെയ്തില്ല. 16245രൂപ കരാറുകാരന് അധികം നൽകി

പ്രോജക്ടിന്റെ പേർ- കെ.ടി. നഗർ കോളനി ഫുട്പാത്ത് കോൺക്രീറ്റിംഗ് (വാർഡ്-28)

പ്രോജക്ട് നമ്പർ- 378/22

സാങ്കേതികാനുമതി- 100000

സാങ്കേതികാനുമതി നമ്പർ-43834/20-21
Cost Index -31.06%

കരാറുകാരൻ- ശ്രീ. നിസാർ അഹമ്മദ്

ക്വാട്ട് ചെയ്ത നിരക്ക് - 18.9 % Below

AE/398/20-21, തി-19.10.2020

ചെലവ് തുക- 85954 രൂപ

ബിൽ നമ്പർ- 29/9.11.2021

മേൽ പ്രവൃത്തിക്ക് 9.9.2020 ന് കരാറുകാരൻ സമർപ്പിച്ച ടെണ്ടർ 11.9.2020 ന് നഗരസഭ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ടറിൽ മേൽ കരാറുകാരൻ ക്വാട്ട് ചെയ്തിരുന്നത് 18.9 % Below ആയിരുന്നു. ടി-യാന് വേണ്ടി കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ശ്രീ. ഹാഫിസ് മുഹമ്മദ് ശുഹൈബ് പി. എന്നയാളെ അധികാരപ്പെടുത്തി നോട്ടറി സാക്ഷ്യപത്രം (Special Power Of Attorney) ഹാജരാക്കുകയും ബിൽ തുക ശ്രീ. ഹാഫിസ് മുഹമ്മദ് ശുഹൈബിന് നൽകുകയും ചെയ്തു. എന്നാൽ ടി-യാന് ബിൽ തുക നൽകിയപ്പോൾ ടെണ്ടർ വേരിയേഷൻ കുറവ്ചെയ്യാത്തതിനാൽ കരാറുകാരന് അധിക തുക നൽകാൻ കാരണമാകുകയും പ്രവൃത്തിക്ക് അധികച്ചെലവ് വരികയും ചെയ്തു.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| കരാറുകാരന് നൽകിയ തുക | അർഹമായ തുക | അധികം |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം -76745<br>(+) GST 12% - 9209<br>ആകെ 85954 | ആകെ പ്രവൃത്തി മൂല്യം - 76745<br>(-) ടെണ്ടർ കുറവ്-18.9%- 14505<br>62240<br>(+) GST 12% - 7469<br>ആകെ 69709 | 16245 |

അധികം നൽകിയ 16245 രൂപ തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 16/21-22/17.3.2023 നുള്ള മറുപടിയിൽ തുക ഈടാക്കി അറിയിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കുന്നത് വരെ ഉത്തരവാദിയായ അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 13.03.2023 മുതൽ 21.03.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 56, വിവിധ കുടിവെള്ള പദ്ധതികളുടെ നവീകരണവും പൈപ്പ് ലൈൻ നീട്ടലും | 22101343/30.03.2022 | 150000 | ഇല്ല | പൂർത്തീകരിച്ചിട്ടില്ല-UC ലഭിച്ചിട്ടില്ല, |
| KWA | 267, വിവിധ കുടിവെള്ള പദ്ധതികളുടെ നവീകരണവും പൈപ്പ് ലൈൻ നീട്ടലും | 22100583/30.09.2021 | 354470 | -ടി- | -ടി- |
| KSEB | 233, ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 22100793-95, 22100812 – 17/31.12.2021 | 695116 | -ടി- | -ടി- |
| KSEB | 234, സ്ട്രീറ്റ് ലൈറ്റുകൾക്ക് ലൈൻ വലിക്കൽ | 22100816/05.11.2022 | 118475 | -ടി- | -ടി- |
| KSEB | 518, വിവിധ എസ്.സി കോളനികളിലേക്ക് ലൈൻ വലിക്കലും | BRN.21150647002001523778/30.03.22, Rs. 157529/- 21150647002001523803/30.03.22 Rs. | 235621 | -ടി- | -ടി- |

| | | | | | |
|---|---|---|---|---|---|
| | പോസ്റ്റ് മാറ്റി വെക്കലും | 78092/- | | | |
| ജലസേചന വകുപ്പ് | 511, വിവിധ തോടുകളും കുളങ്ങളും അരിക് കെട്ടി സംരക്ഷിക്കൽ | 22101353/31.03.2022 | 8000000 | -ടി- | -ടി- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി | ആകെ | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ വായ്പ | ലഭ്യമല്ല | 2400000 | 105799200 | 108199200 | 7769000 | - | 100430200 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 37,000 |
| തൻവർഷ നിക്ഷേപം | ഇല്ല |
| ആകെ | 37,000 |
| തന്നാണ്ടിൽ പിൻവലിച്ച ഉക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന തുക | 37,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ ചേർക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | | തുക |
|---|---|---|
| മലപ്പുറം സ്പിന്നിംഗ് മില്ലിന്റെ 100 രൂപയുടെ 100 ഓഹരികൾ, Share Cerrtificate No.1431, തീയതി: 27-7-1977 | | 10,000 |
| Malabar Co-Op.Textilesന്റെ 5000 രൂപയുടെ 5 ഓഹരികൾ, Share Certificate No.484, തീയതി:20-5-1998 | | 25,000 |
| Promisory Notes | No.MS 017824,തീ:6-2-1968 | 500 |
| | " -001023, തീ:21-9-1971 | 500 |
| | "007529, 11-11-1968 | 100 |
| | "007530, " | 100 |
| | "007531, " | 100 |
| | "008182, " | 100 |
| | "008183, " | 100 |
| | "008184, " | 100 |
| | "008485, " | 100 |
| | "008333, " | 100 |
| | "008334, " | 100 |
| | "008335, " | 100 |

| | | |
|---|---|---|
| ആകെ | | 37,000രൂപ |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ/നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2002 പ്ലാൻ 1999-2002 പ്ലാൻ | 10 | 2004-05 | | വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 1521369 രൂപയുടെ വിവരങ്ങൾ ഇല്ല | നിയമസഭാ സമിതയുടെ പരിഗണനയിൽ |
| | 14 | | | കൃഷി യന്ത്രങ്ങളുടെ ഉപയോഗ വിവരം ഇല്ല – തുക 779178/-രൂപ | |
| | 26 | | | പരപ്പനങ്ങാടി സഹകരണ സംഘങ്ങൾക്ക് തുക നൽകി- 150000/-രൂപ | |
| 2006-07 | 2(3) | 2010-11 | ലഭ്യമല്ല | 1997-98 മുതൽ 2005-06 വരെയുള്ള തൊഴിൽ നികുതി കുടിശ്ശിക 299645 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | A5-8872 തിയ്യതി 17-08-2013 കത്ത് പ്രകാരം തുക അടവാക്കുന്നതിനോ, മറുപടി സമർപ്പിക്കുന്നതിനോ ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 2010-11 | 3-10 | 2013-14 | 10 | ലഘു അവലോകനം- പൊതുമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-1, 2-5 | 2016-17 | - | അനുബന്ധം-4 | തൊഴിൽ നികുതി 2014-15 |
| 2015-16 | 2-1 | 2016-17 | | അനുബന്ധം-4 | തൊഴിൽ നികുതി 2014-15 |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് നംപർ/തീയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1998-99 | 29 | ജോണികുട്ടി | LF 1185/spl.cell /SC5/04.dt.19.08.04 (ചാർജ്) | 5324 | തുക അടവാക്കാൻ അവശേഷിക്കുന്നു. |

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് നംപർ/തീയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1999-02 | 13(എ)pt. | ജോർജ്കുട്ടി.ടി | LF 7025/spl.cell | 10000 | തുക |

| | | | | | | |
|---|---|---|---|---|---|---|
| | | | | /SC5/05.dt.25.05.06 | | അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 2 | 1999-02 | 13(എ)pt. | എൻ സദാനന്ദൻ | LF 7025/spl.cell /SC5/05.dt.25.05.06 | 5000 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 3 | 1998-99 | 30 35 | ജോണികുട്ടി | LF 1185/spl.cell /SC5/04.dt.19.08.04 | 33444 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 253875491 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 200636869 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 66612 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4257160 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 34334 | ശ്രീ. ദിനേശ് കുമാർ കെ.എസ്, അസിസ്റ്റന്റ് എഞ്ചിനിയർ-17167 |
| | | | ശ്രീ. കൃഷ്ണൻകുട്ടി, അസി.എക്സി.എഞ്ചിനിയർ-17167 |
| 3-2 | - | 16033 | ശ്രീ.മാധവൻ അലയിൽ, അസി.എക്സി.എഞ്ചിനിയർ- – 1818 |
| | | | ശ്രീ.ദിനേശ് കുമാർ കെ.എസ്, അസി.എഞ്ചിനീയർ – 8017 |
| | | | ശ്രീ. കൃഷ്ണൻകുട്ടി, അസി.എക്സി.എഞ്ചിനിയർ-6198 |
| 3-3 | - | 16245 | ശ്രീ. ദിലീപ് കുമാർ, അസി.എഞ്ചിനീയർ – 16245 |
| ആകെ | | 66612 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 262740 | ഡോ.മുരളി,വെറ്ററിനറി സർജൻ |
| 1-26 | 175879 | ശ്രീ. പ്രശാന്ത് പി ,സെക്രട്ടറി |

| | | |
|---|---|---|
| 1-29 | 695116 | ശ്രീ. പ്രശാന്ത് പി ,സെക്രട്ടറി -74,726,ശ്രീ. സാനന്ദ സിംഗ് ,സെക്രട്ടറി -6,20,390 |
| 1-35 | 344750 | ശ്രീ. പ്രശാന്ത് പി ,സെക്രട്ടറി |
| 1-37 | 2,35,621 | ശ്രീ. സാനന്ദ സിംഗ് ,സെക്രട്ടറി |
| 1-43 | 2006666 | ശ്രീ. സാനന്ദ സിംഗ് ,സെക്രട്ടറി |
| 1-49 | 234900 | ശ്രീ. സാനന്ദ സിംഗ് ,സെക്രട്ടറി |
| 1-55 | 3,01,488 | ശ്രീ. പ്രശാന്ത് പി ,സെക്രട്ടറി -285488,ശ്രീ. സാനന്ദ സിംഗ് ,സെക്രട്ടറി-16,000 |
| ആകെ | 4257160 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ദിനേശ് കുമാർ കെ.എസ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, താനൂർ നഗരസഭ-- | കനി പറമ്പിൽ വീട്, ശക്തീശ്വരം, ചേർത്തല പി.ഒ, ചേർത്തല നോർത്ത്-ആലപ്പുഴ. 688524 |
| ശ്രീ മാധവൻ ആലയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | വിരമിച്ചു | ശ്രീനിലയം, ഉദിനൂർ സൗത്ത് ഉദിനൂർ (പി.ഒ), കാസർകോഡ് 671310 |
| ശ്രീ.ദിലീപ് കുമാർ, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ-ചങ്ങനാശ്ശേരി നഗരസഭ | കണ്ണൻകാറ വീട്, പൻമന മണാലിൽ (പി.ഒ), ചവറ, കൊല്ലം691583 |
| ശ്രീ.കൃഷ്ണൻ കുട്ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ, തിരൂരങ്ങാടി നഗരസഭ | പുത്തുപറമ്പിൽ വീട്, വള്ളുവമ്പ്രം. പി.ഒ, മലപ്പുറം ജില്ല, പിൻ-673642 Mob- 9946292619 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ എഫ് എം . 11/914/2001 തി.05.10.2010 | 17 |
| 1998-99 | എൽ എഫ് എം.11/913/2001 തി.06.10.2010 | 7 |
| 1999-00 2000-01 (പ്ലാൻ ഫണ്ട് മാത്രം) | എൽ എഫ് എം.14/876/2004 തി.06.10.2010 | 6 |
| 1999-00 00-01 (പ്ലാൻ ഫണ്ട് ഒഴികെ ) | എൽ എഫ് എം.17/244/2006 തി.06.10.2010 | 24 |
| 2000-01 | എൽ എഫ് എം. 17/245/06 തി.06.10.10 | 14 |
| 2001-02 | എൽ എഫ് എം .17/829/09തി.06.10.2010 | 20 |
| 2002-03 | എൽ എഫ് എം .17/830/19 തി.06.10.2010 | 10 |
| 2003-04 | എൽ എഫ്എം.17/831/19 തി.06.10.2010 | 18 |
| 2004 -05 | എൽ എഫ്എം.17/832/19 തി.06.10.2010 | 20 |
| 2007-08 -2009-10 | എൽ എഫ്എം 15/132/12തി.19.02.2013 | 29 |
| 2010-11 | എൽ എഫ്എം 15/28/14 | 12 |
| 2011-12 2012-13 | എൽ എഫ്എം 15/1271/15 തി.03.06.15 | 20 |
| 2013-14 2014-15 | കെ എസ് എ -എം പി എം 15/2431/14 തി.20.11.15 | 21 |

| | | |
|---|---|---|
| 2015-16 | കെ എസ് എ -എം പി എം 25/301/17 തി.18.01.18 | 15 |
| 2016-17 | കെ എസ് എ -എം പി എം 25/2438/17 തി.02.05.18 | 11 |
| 2017-18 | കെ.എസ്.എ എം.പി.എം25/585/19 തിയതി 21.10.2019 | 25 |
| 2018-19 | കെ.എസ്.എ എം.പി.എം25/444/20 തിയതി 02.06.2020 | 14 |
| 2019-20 | കെ.എസ്.എ എം.പി.എം25/1748/22 തിയ്യതി 03-08-22 | 17 |
| 2020-21 | കെ.എസ്.എ എം.പി.എം25/1749/22 തിയ്യതി 06-08-22 | 17 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

എം.എ.3/2023

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്